

# ചാവറ സൂക്തങ്ങൾ

സമാഹർത്താവ്
**ഫാ. പോൾ കല്ലുവീട്ടിൽ, സി. എം. ഐ**

Kl. 715
6840

# ചാവറസൂക്തങ്ങൾ

വാഴ്ത്തപ്പെട്ട ചാവറകുര്യക്കോസ്ഏലിയാസച്ചന്റെ
വിവിധകൃതികളിൽ നിന്നും സമാഹരിച്ച
അനർഘ ഉപദേശങ്ങൾ

CARMEL JYOTHI
ALWAYE
THAIKKATTUKARA

സമാഹർത്താവ്
ഫാ: പോൾ കല്ലുവീട്ടിൽ സി. എം. ഐ.

3rd January 2008

Published by
The General Department of
Evangelization and Pastoral Ministry

CMI Genaralate
Chavara Hills, P.B.No.3105
Kakkanad, Kochi-682 030

Price Rs.20/-

# ശീർഷകങ്ങൾ


1. അടക്കം
2. അധികാരികളോടുള്ള സ്നേഹബന്ധം
3. അനുഗ്രഹം
4. അനുസരണം
5. അന്ത്യവിധി
6. അപേക്ഷ
7. അപ്പൻ
8. അമ്മത്രേസ്യായോട്
9. അയോഗ്യത
10. അരൂപിക്കടുത്ത കുർബ്ബാന സ്വീകരണം
11. ആത്മഗീത
12. ആത്മധൈര്യം
13. ആത്മരക്ഷ
14. ആത്മസമർപ്പണം
15. ആദ്ധ്യാത്മിക പദവികൾ
16. ആരാധന
17. ആരാധനക്രമം
18. ആശീർവ്വാദവാക്യം
19. ആശ്രമം
20. ഈശോദർശനം
21. ഈശോ മണവാളൻ
22. ഈശോയുടെ ആഗ്രഹം
23. ഈശോയുടെ ആശീർവ്വാദം
24. ഈശോയുടെ ദാരിദ്ര്യം
25. ഈശോയുടെ മണവറ
26. ഈശോയുടെ മതം/വേദം
27. ഈശോയുടെ സ്നേഹം
28. ഈശോയോടൊത്തുള്ള ജീവിതം
29. ഉണർന്നിരിക്കുവിൻ
30. ഉണ്ണീശോയുടെ ആശീർവ്വാദം
31. ഉപകാരികൾ
32. ഉപവി (73,74,78 എന്നിവയും കാണുക)
33. ഉയർപ്പിനൊരുങ്ങൽ
34. എളിമ

35. ഏകാന്തം
36. ഒരുങ്ങിക്കഴിയുക
37. ഒരു പുണ്യസമ്പാദന മാർഗ്ഗം
38. ഓർമ്മിക്കൽ എന്ന സിദ്ധി
39. കുടുംബം
40. കൃത്യനിഷ്ഠ
41. കന്യകാമാതാവ്
42. കാരുണ്യം
43. കൂലി
44. കാവൽമാലാഖ
45. കർത്താവിന്റെ കുഞ്ഞുങ്ങൾ
46. കർത്താവിന്റെ ദിവസം
47. കർമ്മലീത്താബന്ധം
48. ക്ഷമാശീലം
49. ജോലി
50. തിരുക്കുടുംബ പ്രതിഷ്ഠ
51. തിരുക്കുടുംബ ഭക്തി
52. തിരുവചനം
53. തിരുഹൃദയഭക്തി
54. തീക്ഷ്ണത
55. തിരുസഭാസ്നേഹം
56. ദർശനദാഹം: ആട്ടിടയർ/നൃപർ
57. ദർശനദാഹം: ഈശോ
58. ദർശനദാഹം: മറിയം, യൗസേപ്പ്
59. ദാനധർമ്മം
60. ദാസൻ
61. ദിവ്യകാരുണ്യഭക്തി
62. ദൈവതിരുമനസ്സ്
63. ദൈവത്തിന്റെ കൃപ
64. ദൈവപരിപാലന
65. ദൈവഭയം
66. ദൈവാന്വേഷണം
67. ദൈവാലോചന
68. ദൈവിക പദ്ധതി
69. ധാർമ്മിക മനോഭാവം

70. ധ്യാനം
71. നന്ദി നിറഞ്ഞ സ്തുതി
72. നന്ദിഹീനത
73. നൽമരണസഭ
74. പരോപകാരം
75. പറഞ്ഞൊപ്പ്
76. പശ്ചാത്താപം
77. പാപി
78. പാവപ്പെട്ടവർ
79. പുനരൈക്യസ്നേഹം
80. പുസ്തകങ്ങൾ
81. പൊതുജീവിതം
82. പൊറുതിയപേക്ഷ
83. പൈതൃകസ്വത്ത്
84. പ്രാർത്ഥനമുറി
85. ബലഹീനത
86. ഭക്തി
87. ഭാഗ്യം
88. മക്കൾ
89. മദ്ധ്യസ്ഥാപേക്ഷ
90. മരണത്തിന് ഒരുക്കം
91. മാതൃദാസൻ
92. മിതത്വം
93. മൗനലംഘനം
94. യാത്ര
95. യൗസേപ്പ് പിതാവ്
96. രോഗിശുശ്രൂഷ
97. ലോകത്തിന്റെ നശ്വരത
98. ലോകസമ്പർക്കം
99. വായന
100. വിശ്വാസം
101. വിശ്വാസപ്രകരണം
102. വേല
103. വൈദികരുടെ പ്രാർത്ഥന
104. ശത്രുസ്നേഹം

105. ശരണം
106. ശരീരസൗഖ്യം
107. ശ്രേഷ്ഠൻമാർ
108. സന്ന്യാസഅടക്കം
109. സന്ന്യാസാന്തസ്സ്
110. സന്ന്യാസിയുടെ മുറി
111. സഭയുടെ ഉദ്ദേശ്യം
112. സഭാപൈതൃകം
113. സമയമെന്ന ദാനം
114. സമർപ്പണം
115. സമൂഹം ഒരു കുടുംബം
116. സമ്മാനം
117. സ്തോത്രപ്രകരണം
118. സ്നേഹപ്രകരണം
119. സൃഷ്ടിയിലെ ദിവ്യമഹിമ.

# ആശംസ

കേരളക്രൈസ്തവ സഭ കണ്ട മഹാ പ്രതിഭയായിരുന്നു വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ്. ജീവിതത്തെക്കുറിച്ച് പരിപക്വമായ സമഗ്രവീക്ഷണം പുലർത്തിയിരുന്ന ആ ധന്യചരിതന്റെ വ്യക്തിപ്രഭാവം ആരേയും ഹഠാദാകർഷിക്കും, തീർച്ച. കേരളകത്തോലിക്കാസഭയുടെ അന്നത്തെ ചരിത്രം പിതാവിന്റെ ചരിത്രം തന്നെയാണ്. ദൈവികമായ സ്വപ്നങ്ങൾ കണ്ടവനായിരുന്നു ആ ധ്യാനയോഗി. അവ പൂവിരിയിക്കുവാൻ അദ്ദേഹം ജീവിതം ഉഴിഞ്ഞു വച്ചു. വിദ്യാഭ്യാസമേഖലയിലും, മുദ്രാലയ പ്രേഷിത മണ്ഡലത്തിലും, സാമൂഹിക തലത്തിലും, അജപാലന രംഗത്തും, ആരാധന ക്രമവേദിയിലും, ആദ്ധ്യാത്മിക വീഥിയിലും മറ്റും ഇന്ന് കേരളസഭക്കു കൈവന്നിരിക്കുന്ന നേട്ടങ്ങൾക്ക് കാരണഭൂതൻ വാഴ്ത്തപ്പെട്ട ചാവറപിതാവാണെന്നതിൽ രണ്ടഭിപ്രായമില്ല.

ഭക്തിയോഗിയുടെ ആദ്ധ്യാത്മിക വ്യക്തിത്വത്തിലേക്കു വെളിച്ചം വീശുന്നതാണ് **ചാവറസൂക്തങ്ങൾ** എന്ന ഈ ഗ്രന്ഥം. പുണ്യചരിതന്റെ കൃതികളിൽനിന്ന് സമാഹരിച്ച പ്രകരണങ്ങളും പ്രബോധനങ്ങളും 118 ശീർഷകങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നു. പിതാവിനെ അടുത്തറിയുന്നതിനും, ജീവിതവീക്ഷണം സ്വന്തമാക്കുന്നതിനും **ചാവറസൂക്തങ്ങൾ** പ്രയോജനപ്പെടും, തീർച്ച.

ഈ ഗ്രന്ഥം വ്യക്തിപരവും സമൂഹാത്മകവുമായ പഠനത്തിനും പരിചിന്തനത്തിനും പ്രാർത്ഥനക്കും ഉപയോഗിക്കുകയാണെങ്കിൽ നമ്മൾ വാഴ്ത്തപ്പെട്ടവന്റെ യഥാർത്ഥ മക്കളാകും. അപ്പോൾ ദൈവം വന്ദ്യപിതാവിനെ വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്താതിരിക്കുകയില്ല.

**ചാവറ സൂക്തങ്ങൾ** പ്രകാശിതമാകുവാൻ പരിശ്രമിച്ച ബ.പോൾ കല്ലുവീട്ടിലച്ചനെ അഭിനന്ദിക്കുന്നു. ദൈവാനുഗ്രഹങ്ങൾ ഏവർക്കും നേരുന്നു.

ജനുവരി 3, 2008

**ഫാ. ആന്റണി കരിയിൽ സി. എം. ഐ**
പ്രിയോർ ജനറാൾ
ചാവറ ഹിൽസ്, കാക്കനാട്

# ആശംസ

കർമ്മല മാതാവിന്റെ സന്യാസിനീ സമൂഹത്തിന്റെ (സി. എം. സി) സ്ഥാപക പിതാവായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ സൂക്തങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുന്നതിൽ അഭിമാനപൂർവ്വം സന്തോഷിക്കുന്നു. ബ. പോൾ കല്ലുവീട്ടിലച്ചന് ഹാർദ്ദമായ അഭിനന്ദനങ്ങൾ.

ഒരു കാര്യം പ്രത്യേകശ്രദ്ധ അർഹിക്കുന്നു. പിതാവിന്റെ മിസ്റ്റിക്കൽ ആദ്ധ്യാത്മികതക്ക് ഭാഷ്യം ലഭിച്ചിരിക്കുന്നത് കൂനമ്മാവു മഠത്തിലെ സിസ്റ്റേഴ്സിന് അദ്ദേഹം എഴുതിയ പതിനൊന്നു കത്തുകളിലാണ്. അവയിലെ പ്രസക്ത ഭാഗങ്ങൾ ചാവറസൂക്തങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നതിൽ സന്തോഷിക്കുന്നു. വാഴ്ത്തപ്പെട്ട പിതാവിന്റെ അന്ത്യവത്സരങ്ങളിൽ എഴുതപ്പെട്ടവയാകയാൽ ആലിഖിതങ്ങളിൽ അദ്ദേഹത്തിന്റെ പരിപക്വമായ ആദ്ധ്യാത്മിക ദർശനം നിറഞ്ഞു നിൽക്കുന്നതായി കരുതാം. കത്തുകളിൽ ധന്യചരിതൻ ഈശോയാകുന്ന അപ്പന്റെ സ്നേഹ വാത്സല്യങ്ങളുടെ ഉടമയായിത്തീരുകയാണ്.

സൂക്തങ്ങളോരോന്നും അർത്ഥ നിർഭരമാണ്. അവ നിരന്തരം പരിചിന്തന വിഷയമാക്കുകയാണെങ്കിൽ പിതാവിന്റെ ദൈവിക ചൈതന്യം നമുക്കും കരഗതമാകും. "ഈശോയോടൊത്തുള്ള ജീവിതം" എന്ന 28-ാം ശീർഷകത്തിലെ സൂക്തം ഉദ്ധരിക്കട്ടെ. "ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ. എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ. തന്റെ അരികെ നടപ്പിൻ. തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ." ക്രിസ്തീയ ജീവിതത്തിന്റെ വിശിഷ്യാ സന്ന്യാസ ജീവിതത്തിന്റെ അന്തസ്സത്ത ഇത്രയധികം ലളിതവും അതീന്ദ്രിയവും ബിബ്ളിക്കലുമായ ഭാഷയിൽ അവതരിപ്പിക്കുവാൻ ചാവറ പിതാവിനു മാത്രമേ കഴിയുകയുള്ളൂ.

ദൈവം ഭക്തയോഗിയെ അതിവേഗം വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തട്ടെയെന്ന് നമുക്ക് തീഷ്ണതാ പൂർവ്വം പ്രാർത്ഥിക്കാം.

ജനുവരി 3, 2008

**സിസ്റ്റർ എഡ്വേർഡ് സി.എം.സി.**

സുപ്പീരിയർ ജനറൽ

ആലുവാ

# അവതാരിക

ഏറെ ചാരിതാർത്ഥ്യത്തോടെയാണ് വാഴ്ത്തപ്പെട്ട ചാവറകുര്യാക്കോസ് ഏലിയാസ് പിതാവിന്റെ തിരഞ്ഞെടുത്ത ഈ സൂക്തങ്ങൾ പ്രസിദ്ധീകരിക്കുക. അവ സമാഹരിച്ച പോൾ കല്ലുവീട്ടിലച്ചൻ ഏവരുടേയും നന്ദി അർഹിക്കുന്നു. അക്ഷരമാലയുടെ ക്രമത്തിലാണ് ശീർഷകങ്ങൾ. ഭക്തിയോഗിയുടെ ആദ്ധ്യാത്മിക വ്യക്തിത്വം ഓരോ സൂക്തവും വിളിച്ചോതുന്നു. "അടക്ക"ത്തോടു കൂടി ആരംഭിച്ച് "സൃഷ്ടിയിലെ ദൈവമഹിമ" വെളിപ്പെടുത്തിക്കൊണ്ട് അവസാനിക്കുന്നു. ക്രിസ്തീയ കുടുംബങ്ങളെ കുറിച്ചുള്ള മാനിഫെസ്റ്റോയായ "നല്ല അപ്പന്റെ ചാവരുളിൽ" നിന്നുള്ള ഉദ്ധരണിയാണ്"അടക്കം" അവസാന ശീർഷകം ഭൂമിയിൽ നിറഞ്ഞുനിൽക്കുന്ന ദിവ്യ സൗന്ദര്യത്തിന്റെ മിസ്റ്റിക്കൽ ഭാഷ്യമാണ്. ചാവറ പിതാവിലെ കാവ്യകാരനെ പ്രത്യക്ഷപ്പെടുത്തുന്നതാണ് ആ സൂക്തം.

"ചാവറ സൂക്തങ്ങൾ" ഒരു അനർഘ ഖനിയാണ്. ഓരോന്നിലുമടങ്ങുന്ന ദൈവശാസ്ത്രതലങ്ങളെ കണ്ടെത്തുക ആവശ്യമാണ്. വിശദമായ പഠനങ്ങൾ നടക്കേണ്ടിയിരിക്കുന്നു. ഗ്രന്ഥം അനേകർക്ക് പ്രചോദനമാകട്ടെ എന്നാശംസിക്കുന്നു.

ഒരു കാര്യംമാത്രം എടുത്ത പറയട്ടെ. ചാവറപിതാവിന്റെ വീക്ഷണം തികച്ചും ദൈവികമായിരുന്നു. സ്വർഗ്ഗീയതലത്തിൽ അദ്ദേഹം വ്യാപരിച്ചു. ഈ ലോക ജീവിതത്തിലെ എല്ലാ തലങ്ങളേയും ദൈവത്തിന്റേതായ കണ്ണുകളിലൂടെ നോക്കിക്കണ്ടു. സാമൂഹിക, സാംസ്ക്കാരിക, സാമ്പത്തിക, ബൗദ്ധിക മണ്ഡലങ്ങളുടെ ദൈവമേഖല അനാവരണം ചെയ്തവനാണ് ആ ഭക്തിയോഗി.

ത്രിത്വകുടുംബത്തിന്റെ പ്രതിച്ഛായകളാണ് ധന്യചരിതൻ എല്ലായിടത്തും ദർശിച്ചത്. ഈശോ, മറിയം, യൗസേപ്പ് എന്ന തിരുക്കുടുംബം അതിന്റെ ഭൗമിക പതിപ്പായിരുന്നു അദ്ദേഹത്തിന്. തിരുസഭാ കുടുംബത്തെയും, സന്ന്യാസ കുടുംബത്തെയും ക്രിസ്തീയ കുടുംബത്തെയും, തിരുകുടുംബത്തിന്റെ ജീവൽ രൂപങ്ങളാക്കുവാൻ പര്യാപ്തമായ പ്രകരണങ്ങളും പ്രബോധനങ്ങളുമാണ് "ചാവറസൂക്തങ്ങൾ". പിതാവിന്റെ ആഴമേറിയ മിസ്റ്റിക്കൽ ആദ്ധ്യാത്മികതയിൽ നിന്നും നിർഗ്ഗളിച്ച ഈ സൂക്തങ്ങൾ നമ്മെ ദൈവിക മനുഷ്യരായി രൂപാന്തരപ്പെടുത്തട്ടെ, ദൈവ മനുഷ്യ സ്നേഹത്താൽ നിർഭരരാക്കട്ടെ.

ജനുവരി 3, 2008

**ഫാ. മാത്യു കണിയാമ്പറമ്പിൽ സി. എം. ഐ**
വികാരി ജനറൽ
ചാവറ ഹിൽസ്, കൊച്ചി

# മുഖമൊഴി

ഇതാ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാ പിതാവ് നമ്മോടു സംസാരിക്കുന്നു. ഭക്തയോഗിയുടെ ഹൃദയത്തുടുപ്പുകൾ ഈ സൂക്തങ്ങളിൽ നമുക്കു ശ്രവിക്കാം. പുണ്യചരിതന്റെ ആദ്ധ്യാത്മികത അവയിൽ ദർശിക്കാനും സ്പർശിക്കാനും, അനുഭവിച്ചാസ്വദിക്കാനും, ജീവിക്കാനും ചാവറ ഭക്തർക്കു കഴിയും. പിതാവ് ദൈവത്തോടും ഈശോയോടും സംവദിക്കുന്നു. മാതാവിനോടും മാർ യൗസേപ്പിനോടും വിശുദ്ധരോടും കാവൽദൂതനോടും സംഭാഷിക്കുന്നു. തിരുസ്സഭാധികാരികളോടും സന്ന്യാസിനീ സന്ന്യാസികളോടും ദൈവജനത്തോടും സംസാരിക്കുന്നു. തന്റെ ആത്മസ്പന്ദനങ്ങൾക്കു ഭാഷ്യം നൽക്കുന്നു; സ്നേഹപ്രകരണങ്ങൾ ഉതിർക്കുന്നു; അനുതാപാശ്രുക്കൾ ഒഴുക്കുന്നു; സ്തുതിയുടെയും നന്ദിയുടെയും ആരാധനയുടെയും ഗീതങ്ങൾ ആലപിക്കുന്നു. തന്റെ കൂടപ്പിറപ്പുകളെയും കുഞ്ഞുമക്കളെയും ഉപദേശിക്കുകയും ഉത്സുകരാക്കുകയും ചെയ്യുന്നു. നമുക്ക് ധ്യാനയോഗിയുടെ ലോകത്തിലേക്ക് ഉൾപ്രവേശിക്കാം, ദിവ്യചൈതന്യം സ്വീകരിക്കാം, വത്സലതനയരാകാം.

ചാവറ പിതാവിന്റെ മുഖ്യകൃതികളായ ആത്മാനുതാപം, ധ്യാനസല്ലാപങ്ങൾ, കത്തുകൾ, നാളാഗമങ്ങൾ എന്നിവയിൽ നിന്നു സമാഹരിച്ചവയാണ് ഈ സൂക്തങ്ങൾ. കഴിയുന്നതും പൂർവ്വഭാഷ നിലനിർത്തിയിട്ടുണ്ട്. ഇന്നത്തെ ഭാഷയല്ലെങ്കിലും അർത്ഥ നിർഭരമായ വാക്കുകളാണ് രചയിതാവിന്റേത്. ഗ്രഹിക്കുവാൻ പ്രയാസമെന്നു തോന്നിയ പദങ്ങളുടെ അർത്ഥം ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു. അപൂർവ്വം വാക്യങ്ങൾ മാത്രമാണ് സംക്ഷേപിച്ച് ആധുനിക ശൈലിയിലാക്കിയിരിക്കുക. ദൈർഘ്യഭയത്താലാണ് വിശദീകരണ കുറിപ്പുകൾ ചേർക്കാഞ്ഞത്. അനുവാചകർ ആവശ്യപ്പെടുകയാണെങ്കിൽ അടുത്ത പതിപ്പിൽ അവ ഉൾക്കൊള്ളിക്കാം.

ചാവറ പിതാവിന്റെ ആശയാദർശങ്ങളും കാഴ്ചപ്പാടുകളും ജീവിതശൈലിയും സ്വന്തമാക്കുന്നവർക്കു മാത്രമേ അദ്ദേഹത്തിന്റെ മക്കളെന്ന് അവകാശപ്പെടുവാനാകൂ. ആ വരം ലഭിക്കാൻ നമുക്കു പിതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കാം.

ജനുവരി 3, 2008

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ തിരുനാൾ

**ഫാ. പോൾ കല്ലുവീട്ടിൽ സി .എം. ഐ**

മേരിമാതാ മേജർ സെമിനാരി

മുളയം, മണ്ണുത്തി, പി.ബി.നമ്പർ.7

തൃശൂർ-680651. (ഫോൺ 0487-2315516, 2317230)

1. അടക്കം

"ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വിരക്തി അഥവാ അടക്കമെന്ന പുണ്യം മഹാസൂക്ഷ്മത്തോടുകൂടെ പാലിക്കുക. അടക്കമില്ലായ്മ ദൈവതിരുമുൻപിലും ഇഹലോകത്തിലും വലിയ അപമാനമുള്ളതാകുന്നു."(*കത്തുകൾ,* IX/6:19)

2. അധികാരികളോടുള്ള സ്നേഹബന്ധം

1. (കർമ്മലിത്താ പ്രിയോർ ജനറാളിന്) "അപ്പനിൽനിന്ന് വിദൂരത്തിൽ താമസിക്കുന്ന ഒരു മകന് അപ്പനെ കാണാൻ സാധ്യതയില്ലെന്നാലും, അപ്പന്റെ എഴുത്ത്, അപ്പന്റെ കൈകൊണ്ട് എഴുതിയിട്ടുള്ളഒരുഎഴുത്ത് മകൻ സ്വന്തകയ്യിൽ പിടിച്ചു വായിക്കുമ്പോൾ അനുഭവപ്പെടുന്നതുപോലെ കണ്ണനീരോടുകൂടിയല്ലാതെ അങ്ങയുടെ എഴുത്ത് ഞങ്ങൾക്ക് വായിക്കുവാൻ സാധിച്ചില്ല."(*കത്തുകൾ,* IV /1)
2. 'അരൂപിയിൽ അങ്ങയുടെ മുൻപിൽ മുട്ടുകുത്തി അങ്ങയുടെ തിരുവുത്തരീയം മുത്തിക്കൊണ്ട്... വല്ലപ്പോഴെങ്കിലും ഞങ്ങൾക്കെഴുതണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു."(*കത്തുകൾ,* IV/1)

3. അനുഗ്രഹം

1. "കർത്താവേ, നിന്റെ മഹിമയും വലിപ്പവും നീതിയും ഉയരപ്പെട്ടതാകുന്നു. എങ്കിലും ഇവയെക്കാളും നിന്റെ അനുഗ്രഹവും ദയയും വലുതായിരിക്കുന്നു".(*ധ്യാനസല്ലാപങ്ങൾ,* 26)
2. "എന്റെ ആത്മാവേ, തന്റെ പക്കൽ നീ അണഞ്ഞുകൊണ്ട് തന്റെ അനുഗ്രഹത്തെ നീ സ്തുതിക്കുക." (*ധ്യാനസല്ലാപങ്ങൾ,* 26)
3. (കന്യാസ്ത്രീമഠത്തിന്റെ പുതിയ കെട്ടിടം) " ഈ അറുപത്തിയേഴാം കാലത്തിന്റെ മനോഗുണങ്ങളിൽ (അനുഗ്രഹം) ഒന്ന് സർവ്വേശ്വരൻ നമുക്കു ചെയ്തിരിക്കുന്നു." (*നാളാഗമങ്ങൾ,* പേജ് 138)
4. "ഈ ആണ്ടിൽ ഇടവം 25-ാം തീയതി ഉയർപ്പിന്റെ രണ്ടാം ഞായറാഴ്ച നമ്മുടെ കർമ്മെല (വാഴക്കുളം) കൊവേന്തയിലും, പന്ത്രണ്ടാം തീയ്യതി മൂന്നാം ഞായറാഴ്ച മാന്നാനത്തെ കൊവന്തയിലും നാല്പതുമണി ആരാധന എന്ന വലിയ മനോഗുണത്തിന്റെ സ്ഥാപനം നടന്നു." (*നാളാഗമങ്ങൾ,* പേജ് 140)
5. "ഇതാ, അറുപത്തിയൊൻപതാം കാലം മനോഗുണത്തിന്റെ കാലമെന്ന് ഗ്രഹിച്ചരിക്കുന്നതുപോലെ അമ്പഴക്കാട്ട് കൊവേന്ത ഇട്ടുപ്പുമൂലം ഉണ്ടാകുന്നതിന് ഇടയാകുന്നതുപോലെ ഈ കൂനമ്മാവ്, കൊവേന്തയിൽ പണിവിശേഷഗുണങ്ങളുണ്ടാകുവാൻ ഇടയായിരിക്കുന്നു."(*നാളാഗമങ്ങൾ,* പേജ് 148)

**4. അനുസരണം**

1. "അങ്ങയുടെ ഏറ്റവും എളിയ വിധേയത്വമുള്ള മകൻ." (*കത്തുകൾ,* II/5)

2. "ഇനി ബ. അച്ചന്റെ (മെത്രാൻ) മനോഗുണമുള്ള കല്പനക്കു പാർക്കുന്നു."(*കത്തുകൾ,* III/2)

3. "ഇത് ചൊൽവിളിയുടെ ശുശ്രൂഷക്ക് ആസ്തമായിരിക്കുന്ന (തയ്യാറായിരിക്കുന്ന) എന്റെ മേൽ."(*കത്തുകൾ,* III/1, III/2, III/3, III/4, III/5, III/6, III/7, III/8, III/9)

4. (പ്രൊക്കുറേറ്റർ ജനറാളിന്) "അങ്ങ് ഞങ്ങൾക്കു നൽകുന്ന എല്ലാ കല്പനകളെയും സ്നേഹപൂർവ്വം അനുസരിച്ചു കൊള്ളാമെന്ന് ഞങ്ങൾ അങ്ങേക്കു വാക്കുതരുന്നു," (*കത്തുകൾ,* IV/2)

5 'ചൊൽവിളി, എളിമ, ഉപവി എന്നിവക്കായി ഉത്സാഹിക്കുക." (കത്തുകൾ, VII/5)

6. "മെത്രാപ്പോലിത്താ അച്ചന്റെ കല്പന ആകയാൽ കീഴ്വഴക്കത്താൽ പാർക്കുന്നു." (*കത്തുകൾ,* V/16)

7. "എല്ലായ്പ്പോഴും നാം തലവൻമാരുടെ മനസ്സിന് കീഴ്വഴങ്ങുവാൻ കടവും ആവശ്യവും വേണ്ടിയതും ആകുന്നു." (*കത്തുകൾ,* V/16)

8. "ചൊൽവിളി സന്ന്യാസാന്തസ്സിനടുത്ത പുണ്യമാണ്." (*കത്തുകൾ,* VI/1)

9. 'തലവനെ ഈശോമിശിഹായായിട്ട് വിചാരിച്ച് അയാളുടെ സ്വരം ഈശോമിശിഹായുടെ തിരുവചനമായിട്ടു കൈക്കൊൾക."(*കത്തുകൾ,* VI/1)

10. "സന്യാസിയുടെ ഏകമായ അടയാളം സ്വന്തമനസ്സിനെ പൂർണ്ണമായി ഉപേക്ഷിച്ച് കണ്ണും ചെവിയുമില്ലാത്ത ചൊൽവിളിയത്രേ. ഇതുള്ളവൻ സന്ന്യാസി." (*കത്തുകൾ,* VI/4)

11. "ചൊൽവിളി കാക്കുന്നവൻ ആരോ അവൻ മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവേന്തയിൽ വച്ചുതന്നെ രസിക്കും, നിശ്ചയം." (*കത്തുകൾ,* VI/4)

12. "ഇപ്പോൾ നമ്മുടെ കൊവേന്തകളിൽ തലവൻമാർ കീഴുള്ളവരായും, കീഴുള്ളവർ തലവൻമാരായും സ്വന്തമനസ്സ് നടപ്പായിരിക്കുന്നു." (*കത്തുകൾ,* VI/1)

13. "അയാളുടെ (തലവന്റെ) ബുദ്ധിയും വിവേകവും പുണ്യവും തൂക്കിനോക്കി പ്രവൃത്തികളും പെരുമാറ്റവും വിധിച്ച്, കല്പനകളെ ശോധനചെയ്ത് സ്വന്തം ബോധത്തിൽ തോന്നുന്നതിന് ഒത്തതാകുന്നുവെ

ങ്കിൽ കേൾക്കുകയും, ബോധിക്കാത്തതാകുന്നുവെങ്കിൽ നൂറുകൂട്ടം ന്യായങ്ങൾ കൊണ്ട് നീക്കം ചെയ്യുവാൻ പ്രയാസപ്പെടുകയും, നീങ്ങുകയില്ലെങ്കിൽ സങ്കടത്തോടെ ചെയ്യുകയും, പിറുപിറുക്കുകയും ചെയ്യുന്നു." (*കത്തുകൾ*, VI/1)

14. "തലവൻമാരോ തമ്പുരാന്റെ ഇഷ്ടവും നോക്കിക്കൊണ്ടല്ല, പിന്നെയോ അധീനരുടെ മനസ്സും ഇഷ്ടവും നോക്കിക്കൊണ്ട് കല്പിക്കുവാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു." (*കത്തുകൾ*, VI/1)

15. "പ്രിയമുള്ള കൂടപ്പിറപ്പുകളേ, ഇതാണോ നമ്മുടെ ദൈവവിളി? നാം കൊവേന്തയിൽ കൂടിയത് നമ്മുടെ മനസ്സ് നടത്തുവാനോ, നമുക്ക് ബോധിക്കുന്ന തലവൻമാരേയും, നമുക്ക് ബോധിക്കുന്ന കൂട്ടങ്ങളും മാത്രം കീഴ്വഴങ്ങുവാനാണെങ്കിൽ പുറജാതിക്കാരുടെ ചൊൽവിളിയും നമ്മുടെ ചൊൽവിളിയും തമ്മിൽ എന്തു വ്യത്യാസം? നമ്മുടെ മനസ്സുപോലെ പ്രവർത്തിക്കുവാൻ മനസ്സായിരിക്കുന്നുവെങ്കിൽ ഈ അന്തസ്സ് തിരഞ്ഞെടുത്തതെന്തിനാണ്? കൊവേന്തയിൽ കൂടിയതെന്തിനാണ്?" (*കത്തുകൾ*, VI/1)

16. 'ശേഷം പേരെക്കാളും ദൈവമനോഗുണങ്ങളെ അനുഭവിച്ചവരും ഏറിയ കാലം മഹാസൂക്ഷത്തോടെ വളർത്തപ്പെട്ടവരുമായിരിക്കുന്ന ഈ കൂടപ്പിറപ്പുകൾ ശേഷം പേർക്ക് എളിമയുടെയും ചൊൽവിളിയുടെയും ഭക്തിയുടെയും കണ്ണാടികളായി നടക്കുന്നതിന് പകരം നൊവിഷ്യേറ്റിൽനിന്ന് പുറപ്പെടുമ്പോൾ തുടൽപൊട്ടിച്ച് സ്വതന്ത്രമായി മുൻപിലത്തെ ഗുണദോഷങ്ങളും നല്ലകണ്ടുപിടുത്തവും മറന്ന് ആയിരം ഇഷ്ടമുള്ളവരായി ഭാവം വച്ച്, കീഴ്വഴങ്ങവാൻ മടി, എളിമപ്പെടുവാൻ അറിഞ്ഞുകൂടാ, സ്വന്തബോധവും സ്വന്തമനസ്സുംപോലെ നടക്കുവാൻ പ്രയാസപ്പെട്ടുവരുന്നു."(*കത്തുകൾ*, VI/1)

17. 'അവർക്ക് മറ്റുള്ളവരേക്കാൾ അറിയാമെന്നും, മറ്റുള്ളവരെക്കാൾ കണ്ടും കേട്ടും കൊണ്ട് എല്ലാം തിരിയുമെന്നും വിചാരിച്ച് എല്ലാത്തിൻമേലും സ്വന്ത അഭിപ്രായം പറയുകയും എല്ലാംകൊണ്ടും കുറ്റം പറയുകയും ചെയ്യുന്നു." (*കത്തുകൾ*, VI/1)

18. "മുൻപിലത്തെ എളിമയും കീഴ്വഴക്കവും ഭക്തിയും മാറി... പ്രവർത്തിക്കുന്നതൊക്കെയും തമ്പുരനെക്കുറിച്ചല്ല. ചിലർ പേടിയെ കുറിച്ചും മറ്റു ചിലർ തഴക്കത്തെ (*ശീലം*) കുറിച്ചും ഇങ്ങനെ എല്ലാവരും ആത്മഫലം കൂടാതെ വേലയെടുക്കുകയും ചെയ്യുന്നു. ഈ കൂടപ്പിറപ്പുകളിൽ ചിലർ കുമ്പസാരം മുതലായ കൂദാശകൾ അപൂർവ്വമായി കൈക്കൊള്ളുന്നു. അവരുടെ ചൊല്ലുവിളിഇല്ലായ്മകൊണ്ട് തലവൻമാരെ സങ്കടപ്പെടുത്തുന്നു...ഇങ്ങനെയല്ല നിങ്ങളുടെ ദൈവവിളിയും, ഇങ്ങനെയല്ല കൊവേന്തയിൽ വരുമ്പോൾ ചെയ്തു തുടങ്ങിയതും." (*കത്തുകൾ*, VI/1)

19. "പുറത്തുപോകുന്നത് ശ്രേഷ്ഠന്റെ അനുവാദത്തോടെ വേണ്ടിയിരിക്കുന്നു. എന്തെന്നാൽ തന്റെ ആട്ടിൻകുട്ടി ഇപ്പോൾ എവിടെ മേയുന്നുവെന്ന് ഇടയൻ അറിഞ്ഞിരിക്കുവാൻ ആവശ്യം." (*കത്തുകൾ*, VI/2)

20. "നിങ്ങളെല്ലാവരും റേഗുളയും ന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും സൂക്ഷ്മമായി അനുസരിച്ചു കാക്കണം." (*അന്തിമവചസ്സുകൾ*)

21. "ഉപവിയാലെ അധികാരികൾക്ക് കീഴ്‌വഴങ്ങി അവരെ സ്നേഹിക്കണമെന്നും, അവരാലെ സർവ്വേശ്വരൻ തന്റെ തിരുമനസ്സ് നമ്മോടറിയിക്കുന്നുവെന്നും ശ്രേഷ്ഠൻമാരുടെ വചനം തമ്പുരാന്റെ തിരുവചനം തന്നെയെന്നുമുള്ള സജീവ വിശ്വാസവും യഥാർത്ഥമായ ഉപവിയും നമുക്കുണ്ടാകണം." (*നാളാഗമങ്ങൾ*, പേജ് 174)

## 5. അന്ത്യവിധി

"അപ്പോഴതാകാശത്തിൽ നിർമ്മലമേഘം തന്നിൽ
തല്പരൻ നാഥൻ കൊടി ചിഹ്നമാം സ്ലീവാ കാണും.
സേനകൾ സേനാപതി വീരൻമാർ ദൈവദൂതർ
സീമയില്ലാത്ത ജന ശോഭിത നിരകളും
പിന്നാലെ പരാപരൻ കൂടസ്ഥൻ നീതീശ്വരൻ
മിന്നുന്ന മുഖത്തോടെ മേഘത്തിലേക്കെഴുന്നള്ളും.
ആഹാ, ഹാ! മഹാഭയ ഘോരഘോരമാം കാഴ്ച
ആഹാ, ഹാ! മഹാദുഃഖം, ദുഷ്ടൻമാർക്കയ്യോ ശാപം."

(*ആത്മാനുതാപം*, VI: 133-144).

## 6. അപേക്ഷ

1 "കർത്താവേ, നിന്നെ ഞാൻ ഉപദ്രവിച്ചതിന് തുല്യമായെങ്കിലും നിന്നെ സ്നേഹിക്കുവാൻ എനിക്ക് മനോഗുണം തരണമേ."(*ധ്യാനസല്ലാപങ്ങൾ*, 22)

2. "കർത്താവേ, (നല്ല കള്ളനോട്) കല്പിച്ചതുപോലെ നിന്റെ ഇഷ്ടപ്രസാദമെന്ന പറുദീസായിൽ ഇപ്പോൾത്തന്നെ നീ എന്നോടു കൂടെ ആയിരിക്കും എന്ന തരുവചനം എന്റെ ഉള്ളിൽ കേൾപ്പിച്ച്, നിന്റെ ഇഷ്ടപ്രസാദം എന്നിൽ നിലനിർത്തി പാപങ്ങളൊക്കെയും പൊറുത്തരുളണമേ." (*ധ്യാനസല്ലാപങ്ങൾ*, 23)

3. "എത്രയും ദയയുള്ള ദൈവമേ, മരണത്തോളം നിനക്ക് വിശ്വസ്തനായിരിക്കുവാൻ ഈശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച് നിന്റെ ഇഷ്ടപ്രസാദത്താലെ എന്നെ സഹായിക്കണമേ... എന്റെ ദൈവമേ, സ്വന്തം ശക്തിയാൽ ഒന്നും ചെയ്യുവാൻ കഴിവില്ലാത്തവനായ എന്നെ

സഹായിക്കുകയും രക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യണമേ." (*ധ്യാനസല്ലാപങ്ങൾ*, 68)

4. "പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, എന്റെ വിശ്വാസത്തെ ഉറപ്പിക്കണമേ." (*ധ്യാനസല്ലാപങ്ങൾ*, 69)

5. "അറുതിയില്ലാത്ത ദയാപരനായ ഈശോയേ, ഞങ്ങളുടെ ആത്മാവ് ശരീരത്തിൽനിന്ന് വേർപിരിയുമ്പോൾ, ഞങ്ങളുടെ മരണം ദിവ്യപൂജ എന്നപോലെ സ്വീകരിച്ച് ആ ഭീതിജനകമായ നിമിഷത്തിൽ ഞങ്ങളെ അനുഗ്രഹിക്കണമേ." (*ധ്യാനസല്ലാപങ്ങൾ*, 72)

6. "ദയാപരനായ ഈശോയേ, ഞങ്ങളുടെ ആത്മാവിനെ തിരുമുൻപിൽനിന്ന് തള്ളിക്കളയരുതേ. നിത്യമായി നിന്റെ സ്തുതികൾ ആലപിക്കുവാൻ അളവില്ലാത്ത അനുഗ്രഹത്തിന്റെ മടിയിൽ ഞങ്ങളെ കൈക്കൊണ്ട് അനുഗ്രഹിക്കണമേ." (*ധ്യാനസല്ലാപങ്ങൾ*, 72)

7. "ദൈവപിതാവേ, ഞങ്ങളുടെ ജീവിതകാലംമുഴുവനും നേരായ മാർഗ്ഗത്തിലും പുണ്യത്തിലും നടന്നശേഷം ഇഷ്ടപ്രസാദത്തോടെ ഇഹലോകത്തിൽനിന്ന് പുറപ്പെടുവാൻ യോഗ്യരാക്കുവാനായി നിന്നോടും റൂഹാദകൂദ്ശായോടും കൂടെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച് കൃപ ചെയ്യണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു." (*ധ്യാനസല്ലാപങ്ങൾ*, 72)

8. "പിതാവായ ദൈവമേ, നിന്റെ സഹായം കൂടാതെ എനിക്ക് ഒന്നിനും ശക്തിയില്ല. നീ തന്നെ നിന്റെ ദിവ്യസ്നേഹം എന്റെ ഹൃദയത്തിൽ പതിപ്പിക്കണമേ. ഞാൻ മരണപര്യന്തം നിന്റെ വിശ്വസ്തമകനായി നടക്കുവാൻ മനോഗുണം ചെയ്യുമെന്ന നിന്റെ അളവില്ലാത്ത അനുഗ്രഹത്തിൽ ഞാൻ ശരണപ്പെടുന്നു." (*ധ്യാനസല്ലാപങ്ങൾ*, 73)

9. "നിത്യപരമപിതാവേ, നിന്റെ ദിവ്യപുത്രനായ ഈശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച് എന്നെ അനുഗ്രഹിക്കണമേ. എന്റെ ദുഷ്ടതകളിലൊക്കെയും നിന്നോട് സഹായം അപേക്ഷിക്കുവാൻ മനോഗുണം ചെയ്യണമേ." (*ധ്യാനസല്ലാപങ്ങൾ*, 73)

10. "കർത്താവേ, നിന്നോട് ഞങ്ങൾ ഒന്നാകുംവരെ ഞങ്ങളിൽ നിന്ന് അകലല്ലേ." (*കത്തുകൾ*, VII/6)

## 7. അപ്പൻ

1. "ഞാൻ ഇതാ എന്റെ പാപത്തിന്മേൽ മനസ്താപപ്പെട്ടുകൊണ്ട് ആയതിന്റെ മുഴുവനായ പൊറുതിയും സമാധാനവും കിട്ടുവാനുള്ള ആഗ്രഹത്തോടെ എന്റെ അപ്പന്റെ തിരുമുൻപിൽ വരുന്നു." (*ധ്യാനസല്ലാപങ്ങൾ*, 16)

2. "ധ്യാനമുറിയിൽ ഇതാ എന്റെ മനോഗുണ അപ്പൻ ഈശോമിശിഹാ

അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്നു." (*ധ്യാനസല്ലാപങ്ങൾ*, 16)

3. "എന്റെ പാപപ്പെരുപ്പത്തിനു തക്ക തേറ്റം (മനസ്താപം) എനിക്കില്ലായ്കയാലും, എല്ലായ്പ്പോഴും എന്നെ തുണച്ചുവരുന്ന മറിയം മഗ്ദലേന മറിയം, ഈജിപ്തിലെ മറിയം, മർഗരീത്താ കൊർത്തോനാ എന്ന ഈ അമ്മമാരുടെ തേറ്റവും പ്രായ്ശ്ചിത്തങ്ങളും എനിക്കുള്ളതായി ഞാൻ അപേക്ഷിച്ചുകൊണ്ട് ഇതാ എന്റെ അപ്പന്റെ പക്കലേക്ക് ഞാൻ പുറപ്പെടുന്നു." (*ധ്യാനസല്ലാപങ്ങൾ*, 16)

4. "ആ! എത്ര നാളായി ഞാൻ എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട്!" (*ധ്യാനസല്ലാപങ്ങൾ*, 16)

5. "നീ എന്തിനു ക്ലേശിക്കുന്നു? ഈ അപ്പൻ എത്രയും അനുഗ്രഹമുള്ളവനാകയാൽ ഈ നിന്റെ നന്ദികേടൊക്കയും മറന്നുകളയും. മുൻപിലത്തെ നിന്റെ പുത്രസ്ഥാനത്തിൽ വയ്ക്കുകയും ചെയ്യും." (*ധ്യാനസല്ലാപങ്ങൾ*, 16-17)

6. "ആ! ഇതൊക്കയും നേരുതന്നെ. എന്നാലും എന്റെ അപ്പൻ എത്രയും അനുഗ്രഹമുള്ളവനും, സാക്ഷാൽ ഉപവിയും താൻ സ്നേഹമെന്നത്രേ തന്റെ നാമവുമാകുന്നു. ഇതിനാലെ നാം ഭയപ്പെടുകയും വേണ്ട." (*ധ്യാനസല്ലാപങ്ങൾ*,1 7)

7. "ഇപ്പോൾ എന്റെ അപ്പൻ വന്ന് എന്നെ പിടിച്ചു തഴുകും." (*ധ്യാനസല്ലാപങ്ങൾ*, 17).

8. "അയ്യോ, എന്റെ അപ്പാ, ആകാശത്തിലും നിന്റെ തിരുമുൻപിലും ഞാൻ പിഴച്ചു. ഇനി നിന്റെ മകനെന്ന ഈ മഹിമപ്പേരിന് അടിയൻ യോഗ്യനല്ല.. എന്നാലും എന്റെ അപ്പാ, ഈ പേരുകൊണ്ടല്ലാതെ നിന്നെ വിളിക്കുവാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല. നീയും ഈവണ്ണം കല്പിച്ചിരിക്കുന്നുവല്ലോ." (*ധ്യാനസല്ലാപങ്ങൾ*, 17)

9. "ആയതിനാൽ മനോഗുണമുള്ള എന്റെ അപ്പാ, എന്റെ ദുഷ്ടതയാലും നന്ദിഹീനതയാലും നിന്നോടു ഞാൻ ചെയ്ത കുറ്റങ്ങളൊക്കെയും എന്നോടു നീ പൊറുക്കണമേ." (*ധ്യാനസല്ലാപങ്ങൾ*, 17)

10. "ആ പ്രിയമുള്ള അപ്പാ, നീ എഴുന്നെള്ളിയിരിക്കുന്ന കസേരയുടെ പുറകിൽ അടിയൻ മുട്ടുകുത്തി, എനിക്കുവേണ്ടി ആണികളാൽ തുളക്കപ്പെട്ട് ഉണങ്ങാതെ വച്ചിരിക്കുന്ന ഈ തൃപ്പാദങ്ങളെ ഞാൻ പിടിച്ചിരിക്കയാൽ..." (*ധ്യാനസല്ലാപങ്ങൾ*, 18)

### 8. അമ്മ ത്രേസ്യായോട്

1. "അപ്പോഴോ അമ്മേ, നിന്റെ പക്കലില്ലാത്തതായാലും മകനായ ഞാൻ ചോദിച്ചാൽ ഉള്ളടത്തുനിന്ന് ചോദിച്ചുമേടിച്ചെങ്കിലും തരുവാൻ ഞെരു

ങ്ങുന്നതാണ് നിന്റെ ഉപവി. നിന്നിൽ ധാരാളമായി ഉണ്ടായിരിക്കുന്ന ഈ ഗുണം ചോദിച്ചപേക്ഷിക്കുന്ന അഗതിയായ മകന് തരാതിരിക്കുമോ? നിന്റെ മേലുള്ള ഈ പ്രിയത്തെപ്രതി നിന്റെ മക്കൾക്കു സമ്മാനിപ്പാൻ സന്തോഷമായിരിക്കുന്ന നിന്റെ പ്രിയമണവാളനോട് ഈ അഗതിയായ മകന്റെ അപേക്ഷപ്രകാരം കേൾപ്പിച്ചാൽ...മണവറയിൽ ഒന്നിച്ചിരിക്കുന്ന സമയം യാചിക്കുന്നത് കിട്ടുമോയെന്നെനിക്കു സംശയിപ്പാനുണ്ടോ? അന്യർക്കുവേണ്ടി പലരും അപേക്ഷിച്ച് സഹായിക്കുന്ന നീ, പാപിയെങ്കിലും മകന്റെ സ്വാതന്ത്ര്യമുള്ള ഞാൻ അപേക്ഷിച്ചാൽ, കൂട്ടാക്കാതെയിരിക്കും എന്നെനിക്ക് വിചാരിക്കാമോ? ആയതും ഒരു നാളും വഹിയായല്ലോ. ആയതിനാൽ അമ്മേ ഞാൻ അപേക്ഷിക്കുന്നു. എന്നെ നീ പഠിപ്പിക്ക." (*ധ്യാനസല്ലാപങ്ങൾ*, 15)

2. "ആയതിനാൽ (ഈശോമിശിഹായോടുള്ള) ഈ സ്നേഹം എനിക്ക് തരുവിക്കണം. അപ്പോൾ (ഞാൻ) ധ്യാനവും പഠിക്കും." (*ധ്യാനസല്ലാപങ്ങൾ*, 15)

3. " ആ എന്റെ അമ്മ ഈശോയുടെ വിശുദ്ധ ത്രേസ്യായേ, നിന്റെ പ്രാർത്ഥനമുറിയിൽ നീ ദർശിച്ച രൂപത്തിന് മുൻപിൽ നീ പ്രാർത്ഥിച്ചതോർത്ത് എനിക്കുവേണ്ടി നീയും അപേക്ഷിച്ച് ആ മനോഗുണം തരുവിക്കണമേ." (*ധ്യാനസല്ലാപങ്ങൾ*, 18)

4. ഇതാ നമ്മുടെ അമ്മയുടെ വിശേഷകൃപയും മനോഗുണവും കാണ്മീൻ!" (അഞ്ചുതെങ്ങിൽ വച്ച് കണിച്ചായി ഇട്ടുപ്പിന് സംഭവിച്ച അപകടത്തിൽ അയാൾക്ക് ചികിത്സ ലഭിക്കുവാൻ ഇടയായതിനെക്കുറിച്ച്.) (*നാളാഗമങ്ങൾ*, പേജ് 142)

5. "നമ്മുടെ അമ്മ ത്രേസ്യാക്കു മഠത്തിന് സ്ഥലം കൊടുത്ത ഇട്ടുപ്പിന്റെ മരണം പോലെ ഇതും (അദ്ദേഹത്തിന് ലഭിച്ച സന്ന്യാസിക്കടുത്ത ശേഷക്രിയകൾ) ഈ അമ്മയുടെ വിശേഷ കൃപയാലത്രേ ഇതിനൊക്കെയും സംഗതിയായത്." (*നാളാഗമങ്ങൾ*, പേജ് 142)

## 9. അയോഗ്യത

ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ? ഇത്രടം നീ വന്നതെങ്ങനെ? വീട്ടിൽ നിന്നൊരു വിളിച്ചു? പട്ടത്തിനെങ്ങനെ കേറി? കൊവേന്തയിലെങ്ങനെ കൂടി? സഭ എങ്ങനെ കിട്ടി? പ്രിയോരെന്നാരു വിളിച്ചു? ഇവിടെ എങ്ങിനെ വന്നു? ഇതൊന്നിന് നിന്നെ കൊള്ളാമോ? ഇല്ല, ഇല്ല, നിശ്ചയം. അപ്പോഴോ തിരുമനസ്സ് നടക്കും, നടത്തും." (*ധ്യാനസല്ലാപങ്ങൾ*, 13)

## 10. അരൂപിക്കടുത്ത കുർബ്ബാന സ്വീകരണം

"അരൂപിയാലെ നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനെ വിരുന്നു വിളിക്കുവിൻ!" (*കത്തുകൾ*, VII/4)

## 11. ആത്മഗീത

"മമ പിതാവു നീയ്യേ, ഭാഗ്യവുമെനിക്കു നീ
മംഗലം നീയ്യെന്നിയേ മറ്റെന്തു ഗുണം നാഥാ,
എന്നുടെ സ്നേഹം നീയ്യേ, ഭാഗ്യവും എനിക്കു നീ
നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കുനീ, യാവനപാനംനീയ്യേ,
ആശ്വാസം നിന്നിലല്ലാതെ എവിടെയെനിക്കയ്യോ!"

(*ആത്മാനുതാപം*, II: 141-146)

## 12. ആത്മധൈര്യം

1. "... പ്രിയോർ കുരിയാക്കോസ് ഏലിയാസ് സീറോമലബാർ സഭയിലെ എല്ലാ ഇടവക വൈദികരുടെയും സന്ന്യാസവൈദികരുടേയും നല്ല ആലോചനയാൽ പ്രാചോദിതനായി ശുദ്ധ മനസാക്ഷിയോടെ ചില വസ്തുതകൾ അങ്ങയെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു." (*കത്തുകൾ*, II/5)
2. 'അതുകൊണ്ട് അത്യുന്നത തിരുമേനീ, നല്ലതെന്ന് എനിക്കു തോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ്. ഇവിടെ രണ്ടു മെത്രാൻമാർ ഉണ്ടാകുന്നത് വളരെ നല്ലതാണ്. ഒന്ന് ലത്തീൻസഭക്കും, മറ്റേത് സുറിയാനി സഭക്കും."(*കത്തുകൾ* II,/5)
3. "എന്റെ വചനം കേട്ട് കർത്താവിനെപ്പറ്റി നാണമില്ലാത്തവരാകുവിൻ." (*കത്തുകൾ*, IX/7)
4. "(ധ്യാനത്തിനു വന്നിരുന്ന വൈദികരോട് റോക്കോസ് മെത്രാനെപ്പററി) "ഈ മെത്രാൻ പരിശുദ്ധ മാർപാപ്പയുടെ കല്പന കൂടാതെ വന്നിരിക്കുന്നുവെന്നും ഈ ആളിനെ കീഴ്വഴങ്ങിയാൽ രൂപതാദ്ധ്യക്ഷൻ അറിയിച്ചിരിക്കുന്ന മഹറോൻ ശിക്ഷയിൽ വീണുപോകുമെന്നും എല്ലാവരും കേൾക്കെ പരസ്യമായി ഈ ത്രോണോസിലിരിക്കുന്ന തുങ്ങപ്പെട്ട രൂപം തൊട്ട് ഞാൻ സത്യം ചെയ്ത് ബോധിപ്പിക്കാം." (*നാളാഗമങ്ങൾ*, പേജ് 193)

## 13. ആത്മരക്ഷ

1. 'പ്രിയമുള്ള കുടപ്പിറപ്പുകളേ, നിങ്ങളുടെ ആത്മാവിനെ രക്ഷിപ്പാൻ അറിഞ്ഞുകൂടെങ്കിൽ, നിങ്ങളുടെ ദൈവവിളിക്കടുത്ത പുണ്യകടങ്ങളെ നടത്തുവാൻ പഠിച്ചില്ല എങ്കിൽ എന്തറിയാം? എന്തു പഠിച്ചു? (*കത്തുകൾ*, VI1)
2. '(തന്നെ മെത്രാനാക്കാം എന്നുള്ള റോക്കോസിന്റെ രഹസ്യകത്ത് കൊണ്ടുവന്ന ശെമ്മാശനോട്) " എന്റെ കുഞ്ഞേ, മെത്രാൻ പട്ടം കിട്ടണ

മെന്ന് എനിക്ക് ആഗ്രഹമില്ല. നിത്യരക്ഷലഭിക്കണം എന്നു മാത്രം ആഗ്രഹം."(*നാളാഗമങ്ങൾ*, പേജ് 191)

## 14. ആത്മസമർപ്പണം

1. "കർത്താവേ, ഇന്നുമുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ച് എന്നെ നിനക്കു മുഴുവനും ഞാൻ കയ്യാളിക്കുന്നു. നിന്റെ തിരുമനസ്സല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല."(*ധ്യാനസല്ലാപങ്ങൾ*, 21)

2. "എല്ലാ ക്ലേശങ്ങളിലും ദീനങ്ങളിലും ദൈവതിരുമനസ്സിന് നിന്നെത്തന്നെ കയ്യാളിക്കുക."(*കത്തുകൾ*, IX/6:20)

## 15. ആദ്ധ്യാത്മിക പദവികൾ

"വായന, ഏകാന്തം, ധ്യാനത്താലുള്ള നമസ്കാരം, ധ്യാനം"

(*കത്തുകൾ*, VII/8)

## 16. ആരാധന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ തമ്പുരാനേ, എന്റെ തമ്പുരാനും എന്റെ പിതാവും എന്റെ ഗുരുനാഥനും ആകുന്ന അങ്ങയെ ഞാൻ വന്ദിച്ചു കുമ്പിടുന്നു." (*ധ്യാനസല്ലാപങ്ങൾ*, 68)

## 17. ആരാധനക്രമം

"ഇശോമിശിഹായുടെ മണവാട്ടിയായ പരിശുദ്ധ പള്ളിയുടെ തിരുക്കർമ്മങ്ങൾ എത്രയും പുകഴ്ത്തുപ്പെട്ടതും സ്തുതിക്കപ്പെട്ടതും." (*നാളഗമങ്ങൾ*, പേജ് 146)

## 18. ആശീർവ്വാദവാക്യങ്ങൾ

1. "തമ്പുരാൻ നിങ്ങളെ കാക്കട്ടെ." (*കത്തുകൾ*, VII/1)
2. "നിങ്ങൾക്ക് കർത്താവിൽ സ്വസ്തി." (*കത്തുകൾ*, VI/3,4)
3. "ഈശോമിശിഹാ നിങ്ങളെ ആശിർവ്വദിക്കട്ടെ." (*കത്തുകൾ*, VII/2)
4. "തമ്പുരാന് സ്തുതിയായിരിക്കട്ടെ (*കത്തുകൾ*, V/14)
5. "ഉണ്ണിയീശോ തന്റെ... തെളിവുള്ള പുഞ്ചിരി നിങ്ങളെ കാണിച്ച് കൊച്ചു കൈ പൊക്കി നിങ്ങളെ ആശീർവ്വദിക്കട്ടെ." (*കത്തുകൾ*, V/7)
6. "സർവ്വേശ്വരന് എല്ലായ്പ്പോഴും സ്തുതി വർദ്ധിക്കട്ടെ, ആമ്മേൻ." (*നാളാഗമങ്ങൾ*, പേജ് 139)
7. "നിങ്ങൾ കർത്താവിൽ സ്വസ്ഥതപ്പെട്ടവർ (സമാധാനമുള്ളവർ) ആകുവിൻ."(*നാളാഗമങ്ങൾ*, പേജ് 179)

## 19. ആശ്രമം

1. കൊവേന്തകളുടെ ഉറപ്പ് ചുമരുകളുടെ കനമല്ല, പിന്നെയോ അതിൽ പാർക്കുന്നവരുടെ എരിവും പുണ്യവുമായിരിക്കുന്നു." (*കത്തുകൾ*, V/1)

2. "മോക്ഷസമാധാനം രസിക്കാൻ സാധിക്കുന്ന ഈ ചെറിയമോക്ഷം." (*കത്തുകൾ*, VI/4)

3. "എത്ര കൊവേന്തകൾ ഉണ്ടായാലും ഒരു വീട്, അമ്മയുടെ ഉദരത്തിൽ നിന്ന് പിറന്ന് ആ തള്ളയുടെ പാൽകുടിച്ച് വളർന്നവർ എന്നതിൻവണ്ണമുള്ള സത്യമായ സ്നേഹത്തിന് ഒരിക്കലും ഭേദം വരുത്താതെ (കുറവ്, വ്യത്യാസം) മേൽക്കുമേൽ വർദ്ധിച്ചുവരികയും വേണം." (*കത്തുകൾ*, VI/4)

4. "ഈ സ്നേഹം എപ്പോഴും കുറഞ്ഞു പോകാതിരിക്കാനായിട്ട്... നടത്തിക്കൊടുക്കാൻ ശ്രമിക്കുകയും കണക്കുകൾ തീർക്കുവാൻ ജാഗ്രത വയ്ക്കുകയും,... തമ്മിൽ എഴുത്തെഴുതി... സൗഖ്യവർത്തമാനങ്ങളെ അറിയുകയും അറിയിക്കുകയും, ആവശ്യങ്ങൾ ഉണ്ടായാൽ നടത്തുകയും വേണം." (*കത്തുകൾ*, VI/4)

5. "പുണ്യത്തിന്റെ കണ്ണാടികളാകുന്നതിനുവേണ്ടി ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും പുണ്യാത്മാക്കളുടെ സങ്കേതമായിരിക്കുന്നതുമായ ഈ കൊവേന്തകൾ കാര്യസ്ഥൻമാരുടെ കൂട്ടവും, സ്വന്തഇഷ്ടത്തിന്റെ വീടുകളും, കഷ്ടിച്ച് ചെയ്തു തീർക്കാനായിട്ട് പ്രധാനകാര്യങ്ങളെ മാത്രം പാലിക്കുവാൻ നോക്കുന്ന ആളുകളുടെ ഭവനസ്ഥലങ്ങളുമായി തീർന്നിരിക്കുന്നു." (*കത്തുകൾ*, VI/1)

6. "നാം നമ്മുടെ ദൈവവിളിയെ മറന്ന്, അതിനടുത്ത കടമകളെ ഉപേക്ഷിച്ച് നമ്മുടെ അന്തസ്സിനടുത്ത പുണ്യങ്ങളായിരിക്കുന്ന എളിമ, ചൊൽവിളി, ഉപവി, സന്ന്യാസടക്കം, യഥാർത്ഥത്തിലുള്ള ഭക്തി എന്ന പുണ്യങ്ങളെ ചിന്തകളിൽ മാത്രം വിചാരിച്ചാൽ മതിയെന്ന് വച്ച് പ്രവൃത്തിയാലെ നിറവേറ്റാതിരിക്കുകയാണെങ്കിൽ ഈ കൊവേന്തകൾ ചുരുങ്ങിയ കാലത്തിൽ ഇല്ലാതായിത്തീരുവാൻ കാരണമാകും." (*കത്തുകൾ*, VII/7)

## 20. ഈശോദർശനം

1. "എത്രയും ചിത്രമാം നിൻമുഖപദ്മത്തെ
ഏകാന്തപ്രേമത്താൽ പാർക്കുന്നഹം." (*ആത്മാനുതാപം*, അനുബന്ധം, III: 55-56)

21. ഈശോ മണവാളൻ

1. "നിങ്ങളുടെ സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതെന്നോർക്കുവിൻ." (*കത്തുകൾ*, VII/7)

2. "മണവാളനായ ഈശോ മണവാട്ടിയെ വീഞ്ഞുമുറിയിൽ കയറ്റുന്നു, കുറെ പകർന്നു കൊടുക്കുന്നു. നല്ലവണ്ണം തിരിച്ചു പറയുന്നു, തന്റെ സ്നേഹം എത്ര വലുതെന്ന് കാണിക്കുന്നു, സന്തോഷിക്കുന്നു, ആഭരണങ്ങൾ നല്കുന്നു." (*കത്തുകൾ*, VII/8)

3. "മഠത്തിന്റെ മൂലയിൽനിന്നുകൊണ്ട് നിങ്ങളുടെ ശുദ്ധമണവാളനായ ഈശോമിശിഹാക്കു ചെയ്യുന്ന ആരാധനതന്നെയാണ് തനിക്ക് ഏറ്റവും പ്രിയമുള്ളത്." (*കത്തുകൾ*, VII/2)

4. "തന്റെ മണവറയായ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങൾ തെളിയുവിൻ." (*കത്തുകൾ*, VII/2)

5. "ധ്യാനമെന്നത്...സ്നേഹിതൻമാരോടൊന്നിച്ചുള്ള സംഭാഷണമെന്ന പോലെ ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്നു സംസാരിക്കലാണ്." (*ധ്യാനസല്ലാപങ്ങൾ*, 14)

22. ഈശോയുടെ ആഗ്രഹം

1. (ഈശോ പറയുന്നു) "എന്നെ നീ നോക്കുക. എന്നെക്കാൾ അധികം (ഈ വസ്തു) നിന്നെ സന്തോഷപ്പെടുത്തുമോ?... ഞാൻ നിന്നെ സന്തോഷിപ്പിക്കും. ഇതു പോരെയോ? ഇങ്ങനെ ഒരു ക്ഷണനേരവും നിങ്ങളുടെ സമീപത്തുനിന്ന് മാറാതെ നിൽക്കുന്നു. നിന്നെ സന്തോഷിപ്പിക്കണം, നീ തന്നെ സ്നേഹിക്കണം എന്നുമാത്രം തന്റെ ആഗ്രഹം. നിനക്കെന്തു വേണമെങ്കിലും ചെയ്തുതരാം. ഇനി നിനക്ക് തരുവാൻ എന്തുമില്ല, നിശ്ചയം. തന്നെത്തന്നെ നിനക്കു തന്നു. ഇനിയെന്തുള്ളു? ആകാശമെല്ലാം തന്റെ സൃഷ്ടിപ്പത്രേ. തന്നെക്കാളും ഇതു വലുതാണോ?". (*കത്തുകൾ*, VII/6)

2. "നിന്നെ സന്തോഷിപ്പിക്കുവാനും, നിനക്കാവശ്യമുള്ളതെല്ലാം നൽകുവാനും നീ തന്നെ സ്നേഹിക്കണമെന്നും ഈശോ ആഗ്രഹിക്കുന്നു." (*കത്തുകൾ*, VII/6)

23. ഈശോയുടെ ആശീർവാദം

"ഈശോമിശിഹാ നിങ്ങളെ ആശീർവ്വദിക്കട്ടെ." (*കത്തുകൾ*, VII/2)

24. ഈശോയുടെ ദാരിദ്ര്യം

1. "അന്നുള്ള ദാരിദ്രരിലൊക്കയും മുഖ്യൻ നീയായ്." (*ആത്മാനുതാപം*, II:202)

2. "ഇച്ചൊന്നതൊക്കെയും നിന്റെ മഹിമക്കിണങ്ങിയതോ,

മെച്ചമൊക്കെയും നീക്കിയിച്ചിച്ചു ദാരിദ്ര്യത്തെ."

(*ആത്മാനുതാപം*, II:211-212)

## 25. ഈശോയുടെ മണവറ

1. "തന്റെ മണവറയെ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങൾ തെളിയുവിൻ." (*കത്തുകൾ*, VII/2)

## 26. ഈശോയുടെ മതം/വേദം

1. "കേസരിരാജൻ നീ നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം(*ആത്മാനുതാപം*, III അനുബന്ധം:25 -26)

2. "കൈകാലും ശേഷവും നൽകിയ നിൻവേദം
കൈക്കൊണ്ടിടുന്നതും കാണാകണം."(*ആത്മാനുതാപം* , III അനുബന്ധം:29-30)

## 27. ഈശോയുടെ സ്നേഹം

1. "എന്റെ കുഞ്ഞുങ്ങളേ, ഈ ദിവസങ്ങളിൽ ഈശോമിശിഹായുടെ സ്നേഹം നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം... കുർബ്ബാന കൈകൊണ്ടശേഷം ഈ കർത്താവിന്റെ സ്നേഹത്തെ ഓർക്കുക." (*കത്തുകൾ*, VII6)
2. "ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ." (*കത്തുകൾ*, VII/6)
3. "നിങ്ങളുടെ സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതെന്നോർക്കുവിൻ." (*കത്തുകൾ*, VII/7)

## 28. ഈശോയോടൊത്തുള്ള ജീവിതം

1. "ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ. എപ്പോഴും തന്റെ കൺമുൻപിൽ ഇരിപ്പിൻ. തന്റെ അരികെ നടപ്പിൻ. തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ." (*കത്തുകൾ*, VII/6)

## 29. ഉണർന്നിരിക്കുവിൻ

"നിങ്ങൾ ഉണർന്നിരിക്കുന്നവരാകുവിൻ എന്ന നമ്മുടെ കർത്താവിന്റെ തിരുവചനത്താൽത്തന്നെ നമ്മുടെ ബലക്ഷയത്താൽ നാം മന്ദിച്ചുപോകുമെന്നും ഇതിനാലെ കൂടെക്കൂടെ നമ്മെ നാം ഉണർത്തി ചൂടുപിടിപ്പിക്കണമെന്നും കല്പിക്കുന്നു." (*കത്തുകൾ*, VI/2)

## 30. ഉണ്ണീശോയുടെ ആശിർവ്വാദം

(പോരുക്കര അച്ചന്) "ആ സ്നേഹം നിറഞ്ഞ ഉണ്ണിഈശോ തനിക്കുള്ള ഒന്നാം പട്ടക്കാരായ നിങ്ങളെ അകമ്പടിക്കയക്കുന്നതിനാൽ

തെളിവുള്ള പുഞ്ചിരി നിങ്ങളെ കാണിച്ച് കൊച്ചുകൈ പൊക്കി നിങ്ങളെ ആശീർവ്വദിക്കട്ടെ." (*കത്തുകൾ,* V/7)

## 31. ഉപകാരികൾ

"തയ്യിൽ പെരുമാലിൽ എന്ന രണ്ടു വീട്ടുകാര് മാന്നാനം കൊവേന്തക്ക് ഇരിപ്പിടം തന്നവരാകയാൽ ഇവരെയും കർത്താവിങ്കൽ എന്നും അരൂപിക്കടുത്ത ഉപവിയാൽത്തന്നെ ഓർക്കുവാൻ കടപ്പെട്ടിരിക്കുന്നു." (*കത്തുകൾ,* VI/4)

## 32. ഉപവി

1. "ഉപവി, എളിമ, വെടിപ്പ്, തീക്ഷണത ഇത് നാലും ഉണ്ടായാൽ ലോകം മുഴുവനും സൗഖ്യമുള്ളതായിത്തീരും." (*കത്തുകൾ,* VI/2)
2. "ചൊൽവിളി. എളിമ. ഉപവി എന്നിവക്കായി ഉത്സാഹിക്കുക." (*കത്തുകൾ,* VII/5)
3. "സന്ന്യാസാന്തസ്സിനടുത്ത പുണ്യങ്ങളാണ് എളിമ, ചൊൽവിളി, ഉപവി, സന്ന്യാസടക്കം, യാഥാർത്ഥമായ ഭക്തി." (*കത്തുകൾ,* VI/1)
4. "നിങ്ങൾ തമ്മിൽത്തമ്മിൽ ഉപവിയായിരിപ്പിൻ. സ്നേഹമായിരിപ്പിൻ. ഓരോരുത്തന്റെ അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും."(*കത്തുകൾ,* IX/6:1)
5. "സഭയുടെ അംഗങ്ങളായിരിക്കുന്ന എല്ലാവരും, പ്രത്യേകം ശ്രേഷ്ഠൻമാരും തമ്മിൽ തമ്മിൽ പരമാർത്ഥ ഉപവിയുള്ളവരായിരിക്കണം." (*അന്തിമവചസ്സുകൾ*)

## 33. ഉയിർപ്പിനൊരുക്കൽ

1. "ദൈവമാതാവിനോടും മൂന്ന് മറിയങ്ങളോടും കൂടെ തന്റെ പീഡകളും ഉയിർപ്പിന്റെ തെളിവും പാർത്ത് (നോക്കികണ്ട്) തന്നോടുകൂടെ ഒന്നിച്ചിരിപ്പിൻ." (*കത്തുകൾ,* VII/4)
2. "ഈശോമിശിഹായുടെ പെട്ടകത്തിൽ നിങ്ങളുടെ ഹൃദയങ്ങളെയും... നിങ്ങൾക്കുവേണ്ടിയും ഞാൻ വച്ചുപൂട്ടിയിരിക്കുന്നു. ഉയിർപ്പുവരെ അവിടെ പാർത്തുകൊള്ളുവിൻ." (*കത്തുകൾ,* VII/9)
3. "ഈ ദിവസങ്ങളിൽ നിങ്ങൾ ഈശോമിശിഹായുടെ സ്നേഹം നല്ലവണ്ണം ധ്യാനിക്കണം... വിശുദ്ധ കുർബ്ബാന ഉൾക്കൊണ്ടുകൊണ്ട് കർത്താവിന്റെ സ്നേഹത്തെ ഓർക്കുക." (*കത്തുകൾ,* VII/6)

## 34. എളിമ

1. 'ഉപവി, എളിമ, വെടിപ്പ്, തീക്ഷ്ണത,ഇതുനാലും ഉണ്ടായാൽ ലോകം

മുഴുവനും സൗഖ്യമുള്ളതായിത്തീരും." (*കത്തുകൾ*, VI/2)

2. "നിങ്ങളുടെ ശുശ്രൂഷിയായ തിരുക്കുടുംബത്തിന്റെ ആഹാ (സഹോദരൻ) കുരിയാക്കോസ് ഏലിയാ എന്ന ഞാൻ." (*കത്തുകൾ*, VI/4)

3. "ചൊൽവിളി, എളിമ, ഉപവി എന്നിവക്കായി ഉത്സാഹിക്കുക" (*കത്തുകൾ*, VII/5)

4. 'നമ്മുടെ എളിമപ്പെട്ട കൂട്ടം മനുഷ്യർ ഉണ്ടാക്കിയതല്ല." (*കത്തുകൾ*, VI/1)

5. "നമ്മുടെ അന്തസ്സിനടുത്ത പുണ്യങ്ങളായിരിക്കുന്നു എളിമ, ചൊൽവിളി, ഉപവി, സന്ന്യാസടക്കം, സത്യമായുള്ള ഭക്തി എന്നിവ." (*കത്തുകൾ*, VI/1)

6. "വിശ്വാസത്തിൽ ഞങ്ങൾ ബലഹീനരാണ്, ഉപവിയിൽ പോരായ്കയുണ്ട്." (*കത്തുകൾ*, II/1)

7. "അങ്ങയുടെ വിനീതമക്കളായ ഞങ്ങൾ."(*കത്തുകൾ*, II/2)

8. "ഞങ്ങൾ അങ്ങയോട് വിനയപൂർവ്വം കേണപേക്ഷിക്കുകയാണ്. (*കത്തുകൾ*, II/2)

9. "ഞങ്ങൾ അങ്ങയോട് വിനീതമായി അപേക്ഷിക്കുന്നു.(*കത്തുകൾ*, II/4)

10. "അങ്ങയുടെ ഏറ്റവും എളിയ വിധേയത്വമുള്ള മകൻ."(*കത്തുകൾ*, II/5)

11. "മറ്റുള്ളവർക്ക് എളിമയുടെയും ചൊൽവിളിയുടെയും ഭക്തിയുടെയും കണ്ണാടികളായി നടക്കുക." (*കത്തുകൾ*, VI/1)

12. "എളിമക്കടുത്ത തൊഴിലായ കൊവേന്ത അടിച്ചു വെടിപ്പാക്കുക എന്ന ക്രമത്തിന് എല്ലാവരും ബ. അച്ചൻമാർ മുൻപേ നടക്കുന്നവരായി പഠിപ്പിക്കുക. ഒരുത്തരും ഒഴിയായ്‌വാൻ സൂക്ഷിക്കുക." (*കത്തുകൾ*, VI/2)

13. നാലാമത്തെ വ്രതം: "ഈ ദേഹം (ചാവറയച്ചൻ) 1855-ാം കാലം സന്ന്യാസജീവിതവും, കർമ്മലിത്താ മൂന്നാംസഭയുടെ വ്രതവും ആരംഭിച്ചപ്പോൾ മാർ ബെർണർദീനോസ് മെത്രാപ്പൊലിത്താ ഈ കാര്യത്തിന് നിയമിച്ചയച്ച മിഷനറി വൈദികന്റെ (ഫാ. മർസലിൻ) കൈ കളിൽ അനുസരണം, കന്യവ്രതം, ദാരിദ്ര്യം, എളിമ എന്നീ നാലുവ്രതങ്ങളെ ഒന്നാമത്തവനായിട്ടു ചെയ്തശേഷം വ്രതം ചെയ്യാൻ തയ്യാറായി നിന്നിരുന്ന മറ്റു പത്തു വൈദികരുടെ വ്രതങ്ങളെ ഏല്ക്കുകയും ചെയ്തു."(ഫാ. മർസെലിൻ, *മലയാളത്തിലെ സത്യവേദചരിത്രം* പേജ് 301-303)

## 35. ഏകാന്തം

1. "എത്രയും ചിത്രമാം നിൻ മുഖപദ്മത്തെ
ഏകാന്തപ്രേമത്താൽ പാർക്കുന്നഹം." (*ആത്മാനുതാപം*, III:55-56)

2. "വായനയിൽ ഇഷ്ടമുണ്ടായാൽ ഏകാന്തതയിൽ സന്തോഷമുണ്ടാകും. ഏകാന്തതയിൽ സന്തോഷമാകുമ്പോൾ ആ ആത്മാവിനെ ഏകാന്തതയിൽ വച്ച് കാണുവാനായി ഈശോമിശിഹാ എഴുന്നള്ളി ആത്മാവിനോടുകൂടെ സംസാരിച്ചു തുടങ്ങും." (*കത്തുകൾ*, VII/8)

3. "ഏകാന്തമെന്നതുമൂലമല്ലാതെ നമ്മുടെ അന്തസ്സിന്റെ മധുരവും കടവും അറിഞ്ഞു നടത്തുവാൻ പാടില്ല. അതിനാൽ ആവശ്യം നിർബന്ധിക്കുന്നു എങ്കിലല്ലാതെ സ്വന്തമുറിയിൽ നിന്നും പുറപ്പെടായ്‌വാൻ സൂക്ഷിക്കുക."(*കത്തുകൾ*, VI/2)

## 36. ഒരുങ്ങിക്കഴിയുക

"സ്വന്തകാര്യങ്ങളെ നന്നായി വിചാരിച്ചു നടത്തുമെങ്കിൽ മറ്റു കുടുംബങ്ങളിലെ കാര്യമില്ലാത്ത കാര്യങ്ങളിൽ ഉൾപ്പെടുവാൻ നേരമുണ്ടാവുകയില്ല." (*കത്തുകൾ*, IX/6:7)

## 37. ഒരു പുണ്യസമ്പാദന മാർഗ്ഗം

"ദൈവം നാം ചെയ്യുന്ന ദോഷത്താൽ തന്നെ അല്ല നമ്മെ ശിക്ഷിക്കുന്നത്, പിന്നയോ ആരാനും ചെയ്ത ദോഷമോർത്ത് സന്തോഷിച്ചാലും അതിനെ പ്രതിയും ശിക്ഷിക്കും. അതുപോലെ ആരാനും ചെയ്ത പുണ്യമോർത്ത് സന്തോഷിച്ചാൽ ഭാഗ്യവും തരും. ഇതിനാൽ ആദ്യകാലം മുതലുള്ള പുണ്യവാന്മാർ, വേദസാക്ഷികൾ, പാപിനിയായ മഗ്ദലേനാമറിയം മുതലായവരുടെ പുണ്യങ്ങളും അനുതാപകൃത്യങ്ങളും ഓർത്ത് സന്തോഷിച്ച് നമ്മുടേതായി കാഴ്ചവയ്ക്കുക.' (*കത്തുകൾ*, VII/3)

## 38. ഓർക്കലെന്ന സിദ്ധി

1. "കർത്താവിന്റെ സ്നേഹമോർക്കുക."(*കത്തുകൾ*, VII/6)
2. "ആരാനും ചെയ്ത ദോഷം ഓർത്ത് സന്തോഷിക്കരുത്." (*കത്തുകൾ*, VII/3)
3. "ആരാനും ചെയ്ത പുണ്യമോർത്ത് സന്തോഷിക്കുവിൻ." (*കത്തുകൾ*, VII/3)
4. "(വിശുദ്ധരുടെ) പുണ്യങ്ങളും അനുതാപകൃത്യങ്ങളും ഓർത്തു സന്തോഷിച്ച് കാഴ്ചവയ്ക്കുക."(*കത്തുകൾ*, VII/3)
5. "സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതെന്നോർക്കുവിൻ." (*കത്തുകൾ*, VII/7)

6. "സർവ്വേശ്വരൻ നമ്മുടെ കർത്താവ് എങ്ങിനെ നമ്മുടെ കാര്യങ്ങൾ വിചാരിച്ചു നടത്തുന്നു എന്ന് ഓർപ്പിൻ."(*കത്തുകൾ*, VII/11)

7. "ഒന്നോർത്തുകൊൾവിൻ. നമ്മുടെ കാരണവൻമാർ നെസ്തോറിയ സിന്റെ ശിശ്മയിൽ ആകാതിരിക്കാൻ മെനെസിസ് മെത്രാപ്പോലീത്താ അച്ചനും, പോർച്ചുഗീസ് രാജധാനിയിൽ നിന്നും, ആകമാനമായി ഈശോ സഭക്കാരും നമ്മെപ്രതി ചെയ്ത ഉപകാരം നാം ഓർപ്പാൻ കടം."(*കത്തുകൾ*, VI/4)

8. "ബെർണർദീനോസ് മെത്രാപ്പോലീത്താ അച്ചൻ, പീലിപ്പോസ്. മർസ്സിനോസ്, ലെയോൾപ്പോൾദ് എന്ന ഈ നാലു പേരെയും പ്രത്യേകം നമ്മുടെ ഈ ജപങ്ങളിൽ നന്ദിയോടെ ഓർപ്പാൻ കടമായിരിക്കുന്നു." (*കത്തുകൾ*, VI/4)

9. "ഇറ്റലിയിലെ ആക്കുയിൽ എന്ന സ്ഥലത്തുള്ള പ്രേരുബെക്കാതെ എന്ന തറവാട്ടിനെ പ്രത്യേകം നിങ്ങൾ ദൈവത്തിൻ പക്കൽ ഓർമ്മിച്ചുകൊള്ള ണം."(*കത്തുകൾ*, VI/4)

10. അപ്രകാരം തന്നെ (വാഴക്കുളം) കർമ്മല (ആശ്രമക്കാർ) പാറായിയു ടെയും, എൽത്തുരുത്തുകാർ തരകന്റേയും കല്ലൂർക്കാരന്റേയും, അമ്പഴ ക്കാട്ടുകാര് അമ്മ(ത്രേസ്യ) ക്കായി (സ്ഥലം) തന്ന ഇട്ടൂപ്പിന്റെയും ഓർമ്മ ക്കാരാകണം." (*കത്തുകൾ*, VI/4)

11 "അൻപുള്ള ദൈവമേ, നിൻ തിരുമുൻപതിൽ
അല്പനാമെന്നെ നീയോർത്തിടേണം." (*ആത്മാനുതാപം*, III അനു ബന്ധം 39-40)

## 39. കുടുംബം

1. "നല്ല ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാ കുന്നു. രക്തത്താലും സനേഹത്താലും ബന്ധിതരായിരിക്കുന്ന വ്യക്തികൾ കാരണവൻമാരുടെ നേരേ ബഹുമാനത്തോടും കീഴ്വഴ ക്കത്തോടും കൂടെ, ദൈവത്തോടും മനുഷ്യരോടും കൂടെ സമാധാന ത്തിൽ വ്യാപരിക്കുകയും അവരവരുടെ ജീവിതാന്തസ്സിന് ഉചിത മായവിധം നിത്യമോക്ഷം പ്രാപിക്കുന്നതിന് പ്രയത്നിക്കുകയും കൂട്ട മായി ജീവിക്കുകയും ചെയ്യുന്നതാകുന്നു."(*കത്തുകൾ*, IX/6)

2. "ഈ ലോകത്തിലെ ബുദ്ധിമുട്ടുകളിലും സങ്കടങ്ങളിലും ഏറ്റവും മധുരി ക്കപ്പെട്ട ആശ്വാസവും സമാധാനവും, ഉപവിയും ക്രമമുള്ള ഒരു കുടും ബത്തിൽ ജീവിക്കുന്നതാകുന്നു."(*കത്തുകൾ*, IX/6)

3. "ഒരു തറവാടിന്റെ ബഹുമാനവും ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രേ." (*കത്തുകൾ*, IX/6:1)

4. "ക്രമവും ദൈവഭയവുമില്ലാത്ത തറവാടുകളോട് ബന്ധുത്വം പിടി

കൊണ്ട്. എന്തെന്നാൽ ഒരു കുടുംബത്തിൽ നന്മയും സന്തോഷവും വരുന്നത് ധനശേഷിയുള്ള ബന്ധുകൾ മൂലമല്ല, പിന്നെയോ ക്രമവും ദൈവഭയവും മൂലമുള്ള ബന്ധുക്കൾ വഴിയാണ്." (*കത്തുകൾ,* IX/6:8)

9. "നിന്റെ വീട്ടിൽ ക്രമമില്ലാത്ത വർത്തമാനങ്ങളും ക്രിസ്ത്യാനികൾക്കു ചേരാത്ത വചനങ്ങളും അന്യരുടെ തെറ്റുകുറ്റങ്ങളെക്കുറിച്ചുള്ള സംസാരവും അരുത്... അന്യരുടെ ദൂഷ്യങ്ങളെക്കുറിച്ചുള്ള വർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ തിന്മക്കുള്ള ശിക്ഷ നിന്റെ കുടുംബവും അനുഭവിക്കേണ്ടിവരും." (*കത്തുകൾ,* IX/6:10)

## 40. കൃത്യനിഷ്ഠ

"കൃത്യസമയത്ത് ഉറങ്ങാൻ കിടക്കുന്നതിനും, രാവിലെ കൃത്യസമയത്ത് ഉണരുന്നതിനും ശ്രദ്ധിക്കുക. ഈ ക്രമം സൂക്ഷ്മമായിട്ട് കാക്കുക." (*കത്തുകൾ,* IX/6:24)

## 41. കന്യകാമാതാവ്

1. "ആദിത്യയാടയണിഞ്ഞുമതി (ചന്ദ്രൻ) തന്നെ
പാദത്തിൻ കീഴിൽ മെതിക്കും നാഥേ,
പാപിയാമെന്നുടെ പാപത്തെ പോക്കിനിൻ-
പാദയടിയനെ ചേർത്തിടണം"

(*ആത്മാനുതാപം,* III അനുബന്ധം: 65 –68)

2. "തീക്കുന്തം പോലെ കുത്തും കോപാഗ്നി തടുക്കുവാൻ
ത്രിലോകനാഥേ,തവ കാപ്പയാൽ (മേലങ്കി) മറയ്ക്കമെ‍ാം"

(*ആത്മാനുതാപം,* VI:227-228)

3. "നിൻ തിരുവടിയുടെ ദാസൻ ഞാൻ മുന്നം ദൃഢം
നന്ദിഹീനത ചെയ്തു മന്നിലെ ദുർമോഹത്താൽ
എങ്കിലും നാഥേ, അമ്മേ എന്നെ നീ കൈവിട്ടില്ല
എന്നതിനുള്ള ചിഹ്നം ഇന്നു ഞാൻ കാണുന്നല്ലോ."

(*ആത്മാനുതാപം,* VII:167-170)

4. "കർമ്മല അമ്മയേ നീയ്യേ എന്നുതു മഹാമുഖ്യം
നിർമ്മല അമ്മേ, തവദാസ്യവുമതുകിട്ടി
എന്നതു നിനയ്ക്കുമ്പോൾ എന്നുടെ മഹാഭാഗ്യം
ഇന്നതെന്നടിയനു മുറയ്ക്കുന്നു യോഗ്യനായ്." (*ആത്മാനുതാപം,* VII:173-176)

5. "ഇന്നിതാനിൻപാദത്തിൽ വീണുകൊണ്ടിരിക്കുന്നു
മഹാപാപം മഹാപാപം, മാലിന്യം മണൽസമം."

(*ആത്മാനുതാപം,* VII:191-192)

6. "മാതാവേ, മമനാഥേ, ദാസനെന്നോർത്തിടണം...
മുന്നമേ നിന്റെ ദാസനിപ്പോഴുമിനിയെന്നും
മന്നിൽ നിന്നകന്നിടും നേരത്തിൽ വിശേഷമാ-
യെന്നെ നീ ഓർത്തു നിന്റെ പുത്രനോടപേക്ഷിച്ചു
നല്ലൊരു മൃത്യുതന്നു രക്ഷിക്ക മമതായേ."

(*ആത്മാനുതാപം,* IV: 205-210)

7. "നിന്നുടെ തിരുമുമ്പിലെന്നുടെ ദേഹംദേഹി-
യിന്നിതാ കാഴ്ചവച്ചു നിന്നെ ഞാൻ ഏൽപ്പിക്കുന്നേൻ."
(ആത്മാനുതാപം, IV/211-212)

8. "മേ പാപം മഹാപാപം, മേതാപം വർദ്ധിക്കുന്നു
മേ നാഥേ, ശരണം നീയല്ലാതെ ഇല്ലമമ...
തിരുപുത്രന്റെ തിരുഗോത്രത്തിലടിയന്നായ്
തിരുവാമൊഴിഞ്ഞു നീ പ്രാർത്ഥിക്കമമതായേ."

(*ആത്മാനുതാപം,* VI:205-210)

9 "മാതാവേ, ജനനിയേ, കന്യകാരത്നമൗലേ,
താപാനുപമം നിനക്കെത്രയോയിതുനേരം
നിന്നുടെ സൃഷ്ടിതാവും സ്നിഗ്ധപുത്രനുമിയാൾ
തന്നുടെയശസ്സിന്റെ മഹത്ത്വമറിഞ്ഞു നീ
എന്നതിനാലേ തന്റെ ഹീനത കാണുന്നേരം
നന്ദിയാൽ നിന്റെ മനം ദുഃഖാബ്ധൗമുങ്ങുന്നല്ലീ."

(*ആത്മാനുതാപം,* II:221- 226)

10. "എങ്കിലും മറന്നയ്യോ നിന്നെ ഞാൻ നന്ദിഹീനൻ
മങ്കമാം മനോഹരേ, എന്നെ നീ മറക്കുമോ."

(*ആത്മാനുതാപം,* II:249-250)

11. "കന്യക മമമാതേ, അമ്മയേ ശരണം നീ
അന്യഭാവേന ചരിച്ചയ്യയ്യോ മമകുറ്റം
എങ്കിലുമമ്മനീയേ, മറന്നീടരുതയ്യോ
ചങ്കിതിൽ നിന്റെയോർമ്മയെപ്പൊഴുമുണ്ടുതാനും"

(*ആത്മാനുതാപം,* II:245-þ248)

12. "മുന്നമേയെന്നെച്ചേർത്തു നിന്നുടെ ദാസനാക്കി
അന്നുനാൾ മുതൽ നീയും പാലിച്ചു രക്ഷിച്ചല്ലോ

(*ആത്മാനുതാപം,* II: 250-251)

13. "എത്രയും ശുദ്ധമുള്ള വ്യാകുലമാതാവേ, നിന്റെ ഏറ്റിക്കപ്പെട്ട വ്യാകുലത്തിനു കാരണമായ എന്റെ പാപങ്ങൾക്കു പൊറുതി എനിക്കുവേണ്ടി നീ അപേക്ഷിച്ചു തരുവിക്കണമേ... എന്റെ അമ്മയുടെ കൈയിൽനിന്ന്

ചെപതൽ പ്രായത്തിൽത്തന്നെ നീ എന്നെ കൈക്കൊണ്ടല്ലോ. ലോകത്തിൽനിന്ന് നീ എന്നെ വലിച്ചല്ലോ... നിന്റെ ഉത്തരീയകൂട്ടത്തിൽ നീഎന്നെ ചേർത്തുവല്ലോ... മനോഗുണമുള്ള അമ്മേ, ഇനി നാളെ യെന്ന് ഞാൻ പറയാതെ ഇപ്പോൾത്തന്നെ മുഴുവനും നിനക്കുള്ളവ നാകുവാൻ എന്റെ ശക്തിയൊക്കെയോടുംകൂടെ ഉറച്ച് ഈ നിന്റെ പുത്രന്റെ തൃപ്പാദം പിടിച്ചിരിക്കുന്നു. എനിക്കുവേണ്ടി നിന്റെ ദയ യുള്ള അപേക്ഷയെ അണച്ച് എന്റെ പാപങ്ങൾ ഒക്കെയിൽനിന്നുമുള്ള മുഴുവനായ പൊറുതിയും വെറുപ്പും എനിക്കു തരുവിച്ച്, മേലാൽ പുണ്യ പൂർണ്ണതയും നിലനില്പ്പും തരുവിക്കണമേ."(*ധ്യാനസല്ലാപങ്ങൾ*,18)

14. "എനിക്കും എന്റെ ആത്മീയഗുരുവായ ലെയപ്പോൾദ് മുപ്പച്ചനും എ ത്രയും വലിയൊരു ദുഃഖം വന്നപ്പോൾ നമ്മുടെ കന്യാസ്ത്രി കളെക്കൊണ്ട് 3 രാജ്യകന്യക, 3 എത്രയും ദയയുള്ള മാതാവ് അപേ ക്ഷിച്ചു. ഉടൻ മലപോലെ വന്നകാര്യം മാതാവ് പൂ പോലെ ആക്കു കയും ചെയ്തു." (*ധ്യാനസല്ലാപങ്ങൾ*, 46)

15. "എത്രയും പരിശുദ്ധ കന്യകാമറിയമേ, തമ്പുരാന്റെ അമ്മേ,... ഇനി മേലിൽ നിന്റെ വിശ്വസ്തരായ ദാസരായി ജീവിക്കുവാൻ ആഗ്രഹി ക്കുന്ന ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു. ഞങ്ങൾക്കുവേണ്ടിചിന്ത പ്പെട്ട നിന്റെ വാഴ്ത്തപ്പെട്ട പുത്രന്റെ മാണിക്യമായ ചോരയെപ്രതിയും നിന്റെ വ്യാകുലദുഃഖത്തെ പ്രതിയും ഈ ദിവസത്തിൽ ഞങ്ങളെ നീ സഹായിക്കണമേ... മനോഗുണത്തിന്റെ അമ്മേ, ന്യായം വിധിക്കുന്ന നിന്റെ പുത്രനെ ഇനിയെങ്കിലും അരിശപ്പെടുത്തായ്‌വാനും, വിനാഴിക നേരത്തെ മൃഗീയാനന്ദം കൊണ്ട് എന്നന്നേക്കുമുള്ള ദുരിതങ്ങളെ ഞങ്ങൾ തേടായ്‌വാനും സഹായിക്കണമേ." (*ധ്യാനസല്ലാപങ്ങൾ*, 44 -45)

16. "എന്റെ ഈശോയേ... ഞങ്ങളുടെ പാപങ്ങൾ നോക്കാതെ നിന്റെ പ്രിയമാതാവായ കന്യകാമറിയത്തിനെ നോക്കണമേ, ഞങ്ങൾക്കു വേണ്ടി കണ്ണുനീർ ചിന്തിയ ആ തൃക്കണ്ണുകളെ കുറിച്ചും...ഞങ്ങളോ ടുള്ള പ്രിയത്താൽ ഒരു വാളാൽ പിളർക്കപ്പെട്ട ആ എത്രയും മൃദുവായ തിരുഹൃദയത്തെ കുറിച്ചും ഞങ്ങളോട് പൊറുക്കണമേ... ഞങ്ങളുടെ മേൽ കൃപയായിരിക്കണമേ... മറിയത്തിന്റെ തിരുഹൃദയം ഞങ്ങൾക്കു വേണ്ടി ദുഃഖിക്കുന്നു. ആ തിരുച്ചുണ്ടുകൾ ഞങ്ങൾക്കുവേണ്ടി അപേ ക്ഷിക്കുന്നു. അതിനാൽ എന്റെ ഈശോയേ, ഞങ്ങളുടെ മാതാവും സങ്കേതവുമായ പരിശുദ്ധമറിയത്തിന്റെ തിരുമുഖത്തെക്കുറിച്ച് ഞങ്ങ ളുടെമേൽ അനുഗ്രഹമായിരിക്കേണമേ." (*ധ്യാനസല്ലാപങ്ങൾ*, 45-46)

17. "പരിശുദ്ധ കന്യകയായ ദൈവമാതാവേ, ഞാൻ തീർത്തും അയോഗ്യ നും പാപിയുമാകുന്നു... നിന്റെ കാൽപ്പാദത്തിൽ കമിഴ്ന്നു വീണ് എന്റെ

ഹൃദയത്തെ നിനക്കു ഞാൻ കാഴ്ച വയ്ക്കുന്നു.. നിന്റെ മക്കളുടെ ഗണത്തിൽ എന്നെയും കൂട്ടണമെന്ന് ഞാൻ അപേക്ഷിക്കുന്നു... ഇന്നേ ദിവസം എന്നെ അനുഗ്രഹിക്കേണമേ. ബോധത്തിന്റേയും ഹൃദയത്തിന്റേയും ശുദ്ധി ഈശോമിശിഹായിൽനിന്ന് പ്രാപിച്ച് തരണമേ.. നിന്റെ തിരുവാഴ്‌വ് എനിക്കു തന്നരുളേണമേ." (*ധ്യാനസല്ലാപങ്ങൾ*, 68-69)

18 "എന്റെ പ്രിയമുള്ള മാതാവേ, പരിശുദ്ധ കന്യകമറിയമേ, ഞാൻ നിന്റെ മേൽ എത്രമാത്രം ശരണപ്പെടുന്നുവെന്ന് നിനക്കറിയാമോ? അതിനാൽ അമ്മേ, എന്റെ മേൽ അനുഗ്രഹിച്ച് ഞാൻ ചെയ്ത പറഞ്ഞൊപ്പുകളെ നിറവേറ്റുവാൻ എനിക്ക് തുണയായിരിക്കണമേ." (*ധ്യാനസല്ലാപങ്ങൾ*, 73)

19. "ശുദ്ധദൈവമാതാവിന്റെ സ്തുതിപ്പിനായിട്ട് ഈ സമ്മാനം(മുളക്) നിങ്ങൾക്ക് ഞാൻ കൊടുത്തയക്കുന്നു."(*കത്തുകൾ*, VII/8)

20. "ഇതുവരെയും മാതാവിന്റെ നാമത്തിൽ ഞാൻ വലവീശിയാറെ വെറുതെ വലിച്ചില്ല."(*കത്തുകൾ*, V/15)

21. "നമ്മുടെ ബലക്ഷയം കണ്ടിട്ട് ഈ പരമപരിശുദ്ധയായ അമ്മ നമ്മളെ തന്റെ വിശേഷ സ്നേഹത്തിൽ ചേർത്തു."(*കത്തുകൾ*, VI/4).

22. "ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമേ. തിരുസഭക്കു നേരിട്ട എല്ലാ വിപത്തുകളെയും നീക്കിയ മാതാവേ... പത്രോസ്ശ്ലീഹായുടെ അധികാരം കൈക്കൊണ്ടിരിക്കുന്ന പരിശുദ്ധപിതാവിന് മുഴുവനായ കീഴ്‌വഴക്കം എന്നും എല്ലായിടത്തും ഉണ്ടാകുവാൻ നീ കൃപ ചെയ്യണമേ."(*കത്തുകൾ*, IX/4)

23. "ഈ വിശുദ്ധ അന്തസ്സിൽത്തന്നെ കരേറ്റുവാൻ ഒരു ചെറിയ കാരണമായ എനിക്ക് ഇതിനാൽ സമ്മാനമല്ലാതെ കുറ്റപ്പാടും ശിക്ഷയും ഉണ്ടാകുകയില്ലെന്നും ദൈവമാതാവിൽ ശരണപ്പെട്ടുകൊണ്ട് നിറുത്തുന്നു." (*കത്തുകൾ* V/14)

## 42. കാരുണ്യം

1. "ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിന്നെന്തു കാരണം ദൈവമേ,
ആദ്യഹീനനാം നിന്റെ ദയതന്നെ." (*ആത്മാനുതാപം*, I:1-4)

2. "ഇച്ചെയ്ത ഗുണ മഹത്ത്വമോർക്കുമ്പോൾ
ഇക്കരുണക്കു കൈമാറെന്തു (പ്രതിനന്ദി) നാഥാ?"
(*ആത്മാനുതാപം*, I: 37-38)

3. "ഈ മഹത്ത്വത്തിൻ ഛായയിൽ ചെയ്തതും
ഈശനായ നിൻകൃപയതിൻ മൂലം." (*ആത്മാനുതാപം*, I:11-12)

4. "കരുണാകരനായ സർവ്വേശ്വരാ,
കരകാണാത്ത കൃപയിൻ ദൈവമേ,
കാരുണ്യമോടെയക്കാലമെന്നെ നീ
കരുതി നന്നായ് സ്മരിച്ചു രക്ഷിച്ചല്ലോ." (*ആത്മാനുതാപം*, I: 29-32)

5. "കാരുണ്യൻ നിന്റെ കരുണഹേതുവാൽ
കാരണപാപതോയമാം (ജലം) സ്നാനത്താൽ
കാരുണ്യാഭയും ശേഷം ഗുണങ്ങളും
കാവലയം (ദോഷം) പോക്കി നല്കിയതുകാലം."
(*ആത്മാനുതാപം*, I: 33-36)

6. "ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ
അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ," (*ആത്മാനുതാപം*, I:113-114)

7. "നിന്നുടെ ദയാധികൃത്താലന്നെന്നെ...
എന്റെ മേയ്‌വിൻ സ്ഥലത്തിങ്കൽ ചേർത്തു നീ." (*ആത്മാനുതാപം*,
I:131-134)

8. "ദൈവം തന്നുടെയന്തികേ ചേരുവാൻ
ദയാധികൃത്തിനാൽ തിരുചിത്തമായ്."(*ആത്മാനുതാപം*, I:127-128)

9. "കരുണാനാഥൻ പരൻ കരുതിയടിയനെ
പരമനാഥന്റെയടിമയാക്കിമുന്നം."(*ആത്മാനുതാപം*, II:43-44)

10. "സർവ്വേശ്വരൻ നീതിശ്വരൻ സർവ്വദയവിൻ നാഥൻ
സർവ്വത്തിൽ നിന്നും കാത്തുരക്ഷിച്ചു മമജീവൻ"
(*ആത്മാനുതാപം*, II:43-44)

11. "സർവ്വ ന്യായത്താൽ ശിക്ഷിപ്പാൻ നീതിതന്നെ
സർവ്വ കാരുണ്യത്തോടെ കാത്തല്ലോമേ ദൈവമേ."
(*ആത്മാനുതാപം*, II: 45-46)

12. "എന്നിതു സർവ്വേശ്വരാ നിൻ കരുണയിൻ കടൽ
അന്തം കൂടാതെ ചിന്തിയെന്റെമേൽ ശുഭം ശുഭം.
എന്നതിനെന്തു മൂലമെന്നഹമോർക്കുന്നേരം
നന്ദിഹീനനായിടുമെന്റെ മേലുള്ള സ്നേഹം."
(*ആത്മാനുതാപം*, II:57-60)

13. "ആയതിനെന്തുമൂലം, നിന്നുടെ ദയതന്നെ
ഞാനതിനെന്തു കൃതോത്തരത്തെ (പ്രതിനന്ദി) യണക്കേണ്ടൂ!."
(*ആത്മാനുതാപം*, II: 75-76)

14. "എന്നതിനെന്തുമൂലം നിൻകരുണയല്ലാതെ,
എന്നതിനാലുമത്രേ നിന്നെ ഞാൻ സേവിക്കണം."(*ആത്മാനുതാപം*
II: 87-88)

15. "നിൻ കരുണയിൻ കടക്കണ്ണിനാൽ സൂക്ഷിക്കയാൽ
കണ്മഷ ശുദ്ധിതോയം (ജലം) കൈക്കൊൾവാൻ ഭാഗ്യം വന്നു."
(*ആത്മാനുതാപം* II:105-106)

16. "കരുണയേറും നിന്റെ തിരുവാക്യത്താൽത്തന്നെ
കരുതിയറിയിച്ചൊരുപമയതിൻസമം." *ആത്മാനുതാപം* II:121-122)

17. അനാദ്യഗുണനിധേ, സർവ്വേശാ, പരാപരാ,
അനന്തദയാന്വിതാ, സർവ്വമംഗലദേവാ,
അന്തമില്ലാത്ത നിന്റെ കരുണാബ്ധിയാലെന്നെ
അന്തരിച്ചിടാതുള്ള സൃഷ്ടിയായ്ച്ചമച്ചല്ലോ."
(*ആത്മാനുതാപം* II:159-162)

18. "എന്നുതന്നെയുമല്ലാ നിന്നുടെ ദയവിനാൽ
അന്നു നീ പറഞ്ഞൊത്തു നിന്നുടെ സുതനെയും
(*ആത്മാനുതാപം* II:167-168)

19. "നായകാ, നരദേവാ, കരുണാനിധേ, നാഥാ,
നയനാൽ തൃക്കൺപാർക്കമേദാസൻ മഹാപാപി."
(*ആത്മാനുതാപം* II: 241-242)

20. "കാരുണ്യനാഥനാം ദൈവകുമാരന്റെ
ആരുണ്യശോഭയെ കാണാകേണം." (*ആത്മാനുതാപം* III: 1-2)

21. "കാരുണ്യവാരിധിയായ താൻ, മാനുഷ
കാരണം പാപാദി നീക്കുവാനായ്
മാനുഷ്യ നീചവേഷത്തെ ധരിച്ചൊരു
മാനുഷ്യത്രാതാവേ കാണാകേണം." (*ആത്മാനുതാപം* III:3-6)

22. "കരുണാകരനീശോ പരമപിതൃസുതൻ
കരുണയോടടിയാര് കാണാകേണം." (*ആത്മാനുതാപം*, III: അനുബന്ധം. 1-2)

23. "കാരുണ്യവാരിധിദയാനിധി നിയ്യേ." (*ആത്മാനുതാപം*, III: അനുബന്ധം. 3)

24. "ഈ അപ്പൻ എത്രയും അനുഗ്രഹമുള്ളവനാകയാൽ ഈ നിന്റെ നന്ദികേടുകളൊക്കെയും മറന്നുകളയും. മുൻപിലത്തെ നിന്റെ പുത്രസ്ഥാനത്തിൽ വയ്ക്കുകയും ചെയ്യും." (*ധ്യാനസല്ലാപങ്ങൾ* 16-17)

25. "ആ! ഇതൊക്കെയും നേരുതന്നെ. എന്നാലും എന്റെ അപ്പൻ എത്രയും അനുഗ്രഹമുള്ളവനും, സാക്ഷാൽ ഉപവിയും താൻ സ്നേഹമെന്നത്രേ തന്റെ നാമവുമാകുന്നു. ഇതിനാലെ നാം ഭയപ്പെടുകയും വേണ്ട."(*ധ്യാനസല്ലാപങ്ങൾ,* 17)

23. "സർവ്വേശ്വരൻ എന്നെ അധികം കടപ്പെടുത്തുവാനായി ഇതിനെയും (പുതിയ കന്യാസ്ത്രി മഠം) കാണുവാൻ എന്റെ ആയുസ്സ് നീളിപ്പിച്ചു വെന്ന് ഞാൻ വിചാരിക്കുന്നു."(*നാളാഗമങ്ങൾ*, പേജ് 139)

**43. കൂലി**

"വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കുകയോ താമസി പ്പിക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിന്റെ പക്കൽ നില വിളിക്കുന്ന പാപം ആകുന്നു."(*കത്തുകൾ*, IX/6:18)

**44. കാവൽ മാലാഖ**

1 "എന്നുടെ ജനനത്തിന്റെ നാൾമുതൽ
എന്നെ കാത്തു ഭരിച്ചു സൂക്ഷിപ്പാനും
എന്നേരത്തുമെൻ ചാരത്തു നിന്നിയാൾ
എന്നതിനാലെയന്നു ഞാൻ ജീവിച്ചു."(*ആത്മാനുതാപം* I:20-24)

2 "ഉറക്കിക്കിടത്തിയവൾ പോകുമ്പോൾ
ഉറക്കഹീനനായോരിയാൾക്കാക്കും."(*ആത്മാനുതാപം* I: 27-28)

**45. കർത്താവിന്റെ കുഞ്ഞുങ്ങൾ**

"ഓ, സന്തോഷമേ! ആ എന്റെ കർത്താവേ! നീ ഇപ്രകാരം പുഴുക്കളും ഒന്നും തിരിയാത്തവരും, വിശക്കുന്നവെന്ന് തള്ളയോട് പറഞ്ഞറിയി പ്പാൻ കൂടെയും വശമില്ലാത്തവരായ ഈ കുഞ്ഞുങ്ങളെ ഉറങ്ങിക്കിട ന്നാലും നീ ഉണർത്തി മുലപ്പാലൂട്ടുന്ന പൈതങ്ങളാണ് നമ്മൾ." (*കത്തുകൾ* VII/10)

**46. കർത്താവിന്റെ ദിവസം**

"ഞായറാഴ്ച, മുതലായ കടമുള്ള ദിവസങ്ങൾ കർത്താവിന്റെ ദിവസ മാകുന്നു. അത് പിശാചിന്റെ ദിവസമാക്കുന്നതിന് ഉതകുന്ന ആഘോ ഷങ്ങളും മറ്റും വർജ്ജിക്കണം."(*കത്തുകൾ*, IX/6:3)

**47. കർമ്മലീത്താ ബന്ധം**

"നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ ദേവമാതാവിന് എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താ സഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇതു ദൈവാലോചനയിൽ അല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ല എന്ന് ഇത് കടലാസ് എന്ന് കാണുംവണ്ണം കണ്ടുറച്ചിരിക്കുന്നു."

(*കത്തകൾ*, VI/4)

**48. ക്ഷമാശീലം**

1 "നിന്ദനങ്ങളെക്കുറിച്ച് പകരം വീട്ടാൻ മൃഗങ്ങൾക്കുപോലും ശക്തി യുണ്ട്. എന്നാൽ അവയെ സാരം വയ്ക്കാതെ പൊറുക്കുന്നത് മഹാശ

ക്തിയും വിവേകവും അന്തസ്സുമുള്ള ആളിനു മാത്രം കഴിയുന്നതാകുന്നു." (*കത്തുകൾ*, IX/6)

2. "സന്തോഷത്തിൽ മാത്രം ക്ഷമയായിരിക്കുന്ന ആൾ തീരെ ശക്തിയില്ലാത്ത ആളാകുന്നു."(*കത്തുകൾ*, IX/6:20)

## 49. ജോലി

"നിന്റെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കുക. വേലയെടുക്കാതിരിക്കുന്നത് ബഹുമാനമുള്ള ആളുകളുടെ ശീലമല്ല. പിന്നെയോ വീടും കുടിയും സന്തതിയും ഇല്ലാത്തവരുടെ നടപ്പാകുന്നു. മടി സർവ്വ ദുർഗുണങ്ങളുടെയും മാതാവാകുന്നു. പ്രത്യേകം, മദ്യപാനത്തിന്റെ കാരണവുമാകുന്നു." (*കത്തുകൾ*, IX/6:12).

## 50. തിരുക്കുടുംബ പ്രതിഷ്ഠ

"നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെ എല്ലാവരെയും ഈ തിരുക്കുടുംബത്തിന് ഞാൻ പ്രതിഷ്ഠിക്കുന്നു. തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ. നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ." (*അന്തിമവചസ്സുകൾ*)

## 51. തിരുക്കുടുംബഭക്തി

"ഭക്തിയുള്ള എന്റെ മാതാപിതാക്കൻമാർ ഈശോ, മറിയം, യൗസേപ്പ് എന്ന മഹാകുടുംബത്തെ എന്നെ ഓർപ്പിക്കുകയും ഞാൻ ആ തിരുക്കുടുംബത്തെ ഇതുപോലെ (കട്ടിലിന്റെ അരികിൽ ഇരുന്നിരുന്നതും, എപ്പോഴുംകാണത്തക്കവിധം തന്റെ മേശയിൽ വച്ചിരുന്നതുമായ രൂപത്തെ കാണിച്ചു കൊണ്ട്) എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാണുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട് മാമോദീസായിൽ എനിക്കു കിട്ടിയ ഇഷ്ട പ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ലെന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്."(*അന്തിമവചസ്സുകൾ*)

## 52. തിരുവചനം

"എന്നെ ശക്തിപ്പെടുത്തുന്നു എന്ന മിശിഹായാലെ സർവ്വം ഞാൻ വശമാകുന്നു."(*കത്തുകൾ*,V/4)

## 53. തിരുഹൃദയഭക്തി

"തിരുഹൃദയത്തിൽനിന്ന് പ്രവാചകവചനംപോലെ ആയുസ്സിന്റെ വെള്ളത്തെ കോരിയെടുപ്പിൻ."(*അന്തിമവചസ്സുകൾ*)

## 54. തീക്ഷണത

"ഉപവി, എളിമ, വെടിപ്പ്, തീക്ഷ്ണത ഇത് നാലും ഉണ്ടായാൽ ലോകം

മുഴുവനും സൗഖ്യമുള്ളതായിത്തീരും."(*കത്തുകൾ*, VI/2)

## 11. തിരുസഭാസ്നേഹം

1 "പരിശുദ്ധ പിതാവേ, എളിമയോടുകൂടി ഞങ്ങൾ, കണ്ണുകളിൽ നിറഞ്ഞുനിൽക്കുന്ന കണ്ണുനീരോടുകൂടി അങ്ങേ പക്കൽ അഭ്യർത്ഥിക്കുന്നു, ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ അറിയിക്കണമെന്ന്."(*കത്തുകൾ*, I/1)

2 "പ്രശ്നം നിറഞ്ഞ ഈ കലഹാന്തരീക്ഷത്തിൽ നല്ലതെന്ന് അങ്ങു കാണുന്ന വഴിയിലൂടെ സർവ്വനന്മകളാലും അലംകൃതനായ അങ്ങു തന്നെ ഞങ്ങളെ നയിക്കേണമേ. സംശയമനസ്ഥിതിയോടെ ഇനിയും കഴിയുന്ന ഞങ്ങളുടെ സഹോദരങ്ങളെ നന്മയിൽ ഉറപ്പിക്കുന്നതിന് ഇതാവശ്യമായി ഞങ്ങൾ കരുതുന്നു."(*കത്തുകൾ*, I/1)

3 "അങ്ങേക്കു കീഴ്വഴങ്ങി അങ്ങയുടെ വിശ്വസ്ത മക്കളായി വ്യാപരിക്കുന്നതിന് ഞങ്ങൾക്കു കഴിയുമാറ് അങ്ങയുടെ പൈതൃകാശീർവ്വാദം ധാരാളമായി ഞങ്ങൾക്കു നല്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. അതേ ആശീർവ്വാദം ഞങ്ങളുടെ പള്ളികൾക്കും ഞങ്ങളുടെ രാജ്യത്തിനും അതിൽ വസിക്കുന്ന എല്ലാവർക്കും ധാരാളമായി അങ്ങ് നല്കണമേ." (*കത്തുകൾ* I/1)

4 "അവിടുത്തെ മക്കളും സഭയുടെ ശുശ്രൂഷകരുമായ ഞങ്ങൾ കൊവേന്തകളുടെ പ്രിയോരായ കുരിയാക്കോസ് ഏലിയാ ഒരുമിച്ച് വലിയ മനോവേദനയോടെ അങ്ങയുടെ സന്നിധിയിൽ അറിയിക്കുന്നു. (*കത്തുകൾ*, I/2)

5 "അവസാനത്തെ ഈ തിന്മ ആദ്യത്തേതിലും ഗുരുതരമാകുമെന്ന് ഞങ്ങൾ ശങ്കിക്കുന്നു. അതിനാൽ പരിശുദ്ധ പിതാവേ, ഞങ്ങൾ അങ്ങയുടെ പക്കൽ വിനയപൂർവ്വം അപേക്ഷിക്കുന്നു." (*കത്തുകൾ*, I/2)

6 "ഇത് അവരോടുള്ള വെറുപ്പുകൊണ്ടോ വിരോധംകൊണ്ടോ അല്ല, പിന്നെയോ ഇപ്രകാരം അയക്കപ്പെടുന്നവരുടെ സാന്നിദ്ധ്യം ചിലരുടെ ആത്മനാശത്തിനും ക്രിസ്ത്യാനികളുടെ ഇടയിൽ വഴക്കിനും പിളർപ്പിനും ഇടം കൊടുത്തുകൊണ്ട് ഉതപ്പിനും (ഇടർച്ച) കാരണമായിതീരുന്നതുകൊണ്ടാണ്."(*കത്തുകൾ* I,/2)

7 "അവസാനമായി ഞങ്ങൾക്കെല്ലാവർക്കും, ഞങ്ങളുടെ രാജ്യത്തിനും, മഹാരാജാവിനും, മന്ത്രിമാർക്കും ദൈവം അവരുടെ ഹൃദയത്തെ വിശ്വാസത്തിലേക്കു തിരിക്കുമാറ് അങ്ങയുടെ ശ്ലൈഹിക ആശീർവ്വാദം നല്കണമെന്ന് അപേക്ഷിക്കുന്നു." (*കത്തുകൾ*, I/2)

8 "അങ്ങയുടെ വികാരി അപ്പസ്തോലിക്കാ ആയ ഞങ്ങളുടെ മെത്രാന്റെയും എല്ലാ കല്പനകളും അനുസരിക്കുന്നതിനുള്ള സന്നദ്ധത

പ്രഖ്യാപിച്ചുകൊണ്ടും, അത്യുന്നതനായ ദൈവം അങ്ങയ്ക്ക് ദീർഘായുസ്സു നൽക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, പ്രിയോർ കുരിയാക്കോസ് ഏലിയാ."(*കത്തുകൾ*, I/2)

9. (പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കർദ്ദിനാളിന്) "വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ബെർണർദീനോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിൽ കീഴിലുള്ള അങ്ങയുടെ എളിയ മകൻ, അമലോത്ഭവ മറിയത്തിന്റെ കർമ്മലിത്താ മൂന്നാം സഭക്കാരുടെ പ്രിയോർ കുരിയാക്കോസ് ഏലിയാസ് അച്ചൻ."(*കത്തുകൾ*, II/1)

10. "ഏതാനും നാളുകളായി ഞങ്ങളുടെ ഇടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചില വസ്തുതകൾ വളരെ ഹൃദയവേദനയോടെ അങ്ങയെ അറിയിക്കുന്നതിന് ആഗ്രഹിക്കുന്നു." (*കത്തുകൾ*, II/1)

11. "ഏങ്ങലോടും നെടുവീർപ്പോടും കണ്ണീരോടുകൂടി ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുകയാണ്, ഒട്ടും താമസം കൂടാതെ ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ അറിയിക്കണമെന്ന്." (കത്തുകൾ, II/1)

12. "അതിനാൽ ഹൃദയം തുറന്ന് ഞങ്ങൾ പറയുകയാണ്, വേറൊരു മെത്രാൻ... ഇവിടെ വരുന്നില്ലെങ്കിൽ മേൽപറഞ്ഞ കൽദായ മെത്രാന്റെ കാലടികളെ പിൻചെന്ന ഇവർ മാനസാന്തരപ്പെടുകയില്ല, വിശുദ്ധപള്ളിയുടെ മടിയിലേക്ക് തിരിച്ചുവരികയില്ല. മേൽപറഞ്ഞ മെത്രാന് മുടക്കു കല്പിച്ചാൽ തന്നെയും വ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല." (*കത്തുകൾ*, II/1)

13. "ഞങ്ങളുടെ ഹൃദയം തുറന്ന് വസ്തുതകൾ അങ്ങയെ അറിയിക്കുകയാണ്, അങ്ങയുടെ ശ്രദ്ധയേറിയ ജാഗ്രത ഞങ്ങളുടെ ആത്മാക്കളിലും ഞങ്ങളുടെ പള്ളികളിലും ഞങ്ങളുടെ കൊവേന്തകളിലുമുണ്ടാകണമെന്ന്. എന്തുകൊണ്ടെന്നാൽ വിശ്വാസത്തിൽ ഞങ്ങൾ ബലഹീനരാണ്. ഉപവിയിൽ പോരായ്കയുണ്ട്." (*കത്തുകൾ*, II/1)

14. "അങ്ങയുടെ പൈതൃകമായ ആശീർവ്വാദം ഞങ്ങളുടെ രാജ്യത്തിന്റെ മേൽ ചൊരിയണമെന്നും, നല്ല ദൈവം ഞങ്ങളെ ഉപേക്ഷിക്കരുതെന്ന് അങ്ങ് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും ഞങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കുകയാണ്."(*കത്തുകൾ*, II/1)

15. "അവസാനമായി അങ്ങയുടെ പൈതൃകാശീർവ്വാദം ഞങ്ങളുടെമേലും ഞങ്ങളുടെ പള്ളിയിൻമേലും ഞങ്ങൾ യാചിക്കുന്നു."(*കത്തുകൾ*, II/2)

16. "ഞങ്ങളുടെ അപേക്ഷകളെല്ലാം ഞങ്ങളുടെ ആത്മീയ പുരോഗതിയെ പരിഗണിച്ച് കഴിയുന്നതും വേഗം ഞങ്ങൾക്ക് അനുവദിച്ചു തരണമെന്ന് അപേക്ഷിക്കുന്നു."(*കത്തുകൾ*, II/3)

17. "അങ്ങേക്ക് നല്ല ദൈവം എല്ലാ ദൈവികാനുഗ്രഹങ്ങളും ദീർഘായുസ്സും നൽകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും... അങ്ങ് ഞങ്ങൾക്കു വേണ്ടിയും ലോകം മുഴുവനുംവേണ്ടിയും ദിവസേന ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ പ്രാവർത്തനങ്ങളേയും ധാരാളമായി ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും പൈതൃകാശീർവ്വാദം യാചിച്ചുകൊണ്ടും നിർത്തുന്നു."(*കത്തുകൾ*, II/3)

18. "സ്നേഹിക്കപ്പെട്ട ഞങ്ങളുടെ പിതാവും ഇടയനുമായ വികാരി അപ്പസ്തോലിക്കാ."(*കത്തുകൾ*, IV/1)

19. പോരൂക്കര അച്ചനുള്ള കത്തിലെ അവസാനഭാഗം:"റോമായിലെ അവസ്ഥയും മറ്റും മുൻപ് അറിയിച്ചുവല്ലോ. ഇപ്പോഴും പട നടക്കുന്നു. ശുദ്ധ പള്ളിക്കായി പ്രാർത്ഥിപ്പിൻ."(*കത്തുകൾ*, V/8)

20. "വിശേഷിച്ച് ശുദ്ധപള്ളിയുടെ ഞെരുക്കങ്ങൾ തീർന്ന് തെളിവും വർദ്ധനവും ഉണ്ടാകുവാനായിട്ട് എല്ലാവരും പ്രത്യേകമായി അപേക്ഷിക്കണമെന്നും ... മറ്റും നമ്മുടെ ശുദ്ധ മാർപ്പാപ്പായുടെ തിരുകല്പന വന്നിരിക്കയാൽ... ഒൻപതുദിവസത്തേക്ക്... സകലപുണ്യവാൻമാരുടെ ലുത്തിനിയ ചൊല്ലുകയും അവസാനത്തിൽ താഴെ പറയുന്ന പ്രാർത്ഥന ചൊല്ലുകയും വേണം:'സർവ്വേശ്വരാ, കർത്താവേ.. കർത്താവിശോമിശിഹാ ഒഴിയപ്പെടാത്ത ഈ തറവാട്ടിൻ മേൽ നീ കടാക്ഷിക്കണമെന്ന് നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. നിത്യപിതാവേ, എന്റെ പാപങ്ങളുടെ പരിഹാരത്തിനായിട്ടും, ശുദ്ധപള്ളിയുടെ ഞെരുക്കങ്ങളെക്കുറിച്ചും ഈശോമിശിഹയുടെ ചോരയെ നിനക്കു ഞാൻ കാഴ്ചവക്കുന്നു.' എന്ന ഈ സുകൃതജപം കൂട്ടമായിട്ടും, ദിവസവും മൂന്നു പ്രാവശ്യമെങ്കിലും തനിച്ചും ചൊല്ലണമെന്ന് അപേക്ഷിക്കുന്നു."(*കത്തുകൾ*, VI/3)

21. "ശുദ്ധമാന പള്ളിക്കായി പ്രാർത്ഥിക്കുവിൻ."(കത്തുകൾ, V/8)

22. "റോമ പള്ളി എന്ന ഈ അനുഗ്രഹമുള്ളതും, പ്രിയമുള്ളതുമായ നമ്മുടെ അമ്മയുടെ സങ്കേതത്തിൽ ആയിരിക്കുക."(*നാളാഗമങ്ങൾ*, 183/184)

## 56. ദർശനദാഹം; ആട്ടിടയർ/നൃപർ

1. "ആട്ടിടയൻമാരെ കേൾപ്പിച്ചവരുടൻ
കൂട്ടമായ് വന്നതും കാണാകേണം.
വാഴ്ത്തി സ്തുതിക്കുന്ന കൂട്ടത്തെ പാപി ഞാൻ
വാഴ്ത്തുവാൻ നിത്യവും കാണാകേണം."(*ആത്മാനുതാപം*, III: 53-56)

2. "പത്തോടു മൂന്നാംനാൾ മൂന്നു നൃപർ വന്നു
ഭക്ത്യാൽ കുമ്പിട്ടതും കാണാകേണം."(*ആത്മാനുതാപം*, III: 63-64)

**57. ദർശനദാഹം; ഈശോ**

1. "കാരുണ്യനാഥനാം ദൈവകുമാരന്റെ
ആരുണ്യശോഭയെ കാണാകേണം."(*ആത്മാനുതാപം*, III:1-2)

2. "മാനുഷത്രാതാവേ കാണാകേണം."(*ആത്മാനുതാപം*, III:6)

3. "മിത്രനെ മന്ദിപ്പിച്ചിടുന്ന ദീപ്തി
ഗാത്രേ മറച്ചതും കാണാകേണം." (*ആത്മാനുതാപം*, III:7-8)

4. "ഉന്നതനാം ദൈവം കന്നിമറിയത്തിൽ
വന്നു പിറന്നതും കാണാകേണം."(*ആത്മാനുതാപം*, III:9-10)

5. "ഒൻപതു മാസമീ മാതാവിൻ ഗർഭത്തിൽ
അൻപോടിരുന്നതും കാണാകേണം."(*ആത്മാനുതാപം*, III:11-12)

6. "കേസർനിയോഗത്താൽ ഗർഭസ്ഥനായ താൻ
ബേസ്ലഹം പുക്കതും കാണാകേണം."(*ആത്മാനുതാപം*, III:13-14)

7. "അമ്മാനുവേലെന്ന നാമാർത്ഥം പോൽ ദൈവം
നമ്മോടു ചേർന്നതും കാണാകേണം."(*ആത്മാനുതാപം*, III:15-16)

8. "നാട്ടിൽ സ്ഥലം കിട്ടാതത്തൽ(ദുഃഖം) പെട്ടു തൊഴു-
ക്കൂട്ടിൽ പിറന്നതും കാണാകേണം."(*ആത്മാനുതാപം*, III:19-20)

9. "മർത്ത്യഅഹംകൃതി (അഹങ്കാരം) ദോഷം ദ്വേഷിപ്പാനായ്
കർത്താവിൻ താഴ്ച്ചയും കാണാകേണം."(*ആത്മാനുതാപം*, III:21-22)

10. "കണ്ണിണചായാതെ കുമ്പിട്ട തന്നുടെ-
യുണ്ണിയെ കൺകൾക്കു കാണാകേണം."(*ആത്മാനുതാപം*, III:25-26)

11. "മാലാഖ മാതാവിൻ കൈകളിൽ നല്കിയ
ആലാഹാ (ദൈവം) പുത്രനെ കാണാകേണം." (*ആത്മാനുതാപം*, III:27
-28)

12. "തൃക്കണ്ണുകൾകൊണ്ടു മാതാവേ നോക്കുന്ന
അക്കണ്മണിയെ ഞാൻ കാണാകേണം." (*ആത്മാനുതാപം*, III: 29-30)

13. "പുഞ്ചിരികാട്ടി സ്നേഹാഗ്നി ജ്വലിപ്പിച്ച
പൊഞ്ചുണ്ടുകളെ ഞാൻ കാണാകേണം." (ആത്മാനുതാപം, III: 31
-32)

14. "ഇച്ഛയോടമ്മയെ കെട്ടിപ്പിടിച്ചൊരു
കൊച്ചുകരങ്ങളെ കാണാകേണം."(ആത്മാനുതാപം, III: 33-34)

15. "അന്നേരം ജീവൻനില ചഞ്ചലാടുന്ന
ആനന്ദാധിക്യവും കാണാകണം."(ആത്മാനുതാപം, III: 35-36)

16. "മാലാഖമാർ വന്നു കുമ്പിട്ടു വാഴ്ത്തുന്ന
ചേലൊത്തമേനി ഞാൻ കാണാകേണം."(*ആത്മാനുതാപം*, III: 57-58)

17. "എട്ടാംനാൾ വന്നു പട്ടക്കാരിശോനാമ-
മിട്ടവിധത്തേയും കാണാകേണം."(*ആത്മാനുതാപം*, III: 59-60)

18. "ഛേദനാചാരത്താൽ ചോര ചിന്തിയൊരു
വേദനയെയും ഞാൻ കാണാകണം."(*ആത്മാനുതാപം*, III: 61-62)

19. "ചേർച്ചയോടുണ്ണിയെ പള്ളിയിൽ മാതാവു
കാഴ്ചകൊടുത്തതും കാണാകണം."(*ആത്മാനുതാപം*, III: 65-66)

20. "കണ്ടു മരിപ്പാനിരുന്ന വയോധികൻ
കണ്ട തൃപ്പാദവും കാണാകേണം."(*ആത്മാനുതാപം*, III: 67-68)

21. "ഓടിയെജിപ്തിലൊളിപ്പിച്ച നാഥനെ
പേടിയൊഴിഞ്ഞു ഞാൻ കാണാകേണം."(*ആത്മാനുതാപം*, III: 69-70)

22. "ഏഴു സംവത്സരം പാർത്താ ജനങ്ങൾക്കു
വാഴ്‌വ് ലഭിച്ചതും കാണാകേണം."(*ആത്മാനുതാപം*, III: 71-72)

23. "അന്നപാനാദിക്കു മുട്ടി ദുഃഖിച്ചൊരു
അന്നജാപുത്രനെ കാണാകേണം."(*ആത്മാനുതാപം*, III:73-74)

24. "ശാസ്ത്രികളോടുത്തങ്ങീരാറുപ്രിയത്തിൽ
ശാസ്ത്രം തർക്കിച്ചതു ഞാൻ കാണാകേണം."(*ആത്മാനുതാപം*,
III:75-76)

25. "മാതാപിതാക്കൾക്കു കീഴ്‌വഴങ്ങിപ്പാർത്ത
മാതൃകയേയും ഞാൻ കാണാകേണം."(*ആത്മാനുതാപം*, III:81-82)

26. "മുപ്പതിറ്റാണ്ടു ശ്രവണം(വേദം) പഠിപ്പിച്ച
തത്പരൻ മല്പാനെ (ഗുരു) കാണാകേണം"(*ആത്മാനുതാപം*,
III:83-84)

27. "യോഹന്നാൻ കൈയ്യാൽ ജ്ഞാനസ്നാനം കൈകൊണ്ട
സ്നേഹപ്രവൃത്തിയും കാണാകണം."(*ആത്മാനുതാപം*, III:85-86)

28. "ഏറ്റം വിശന്നും ദാഹിച്ചും വനമതിൽ
നോറ്റ നൊയമ്പു ഞാൻ കാണാകേണം."
(*ആത്മാനുതാപം*, III : 87-88)

29. "ദുഷ്ടപിശാചിൻ പരീക്ഷ ജയിപ്പാനായ്
കാട്ടിയ മാതൃക കാണാകേണം." (*ആത്മാനുതാപം*, III : 89-90)

30. "കല്യാണപന്തലിൽ വെള്ളം വീഞ്ഞാക്കിയ
കല്യാണരൂപനെ കാണാകേണം" (*ആത്മാനുതാപം*, III : 91-92)

31. "ആദിയിൽ ചെയ്ത പുതുമ (അത്ഭുതം) മാതാവിന്റെ
മോദംപോൽ ചെയ്തതും കാണാകേണം."
(*ആത്മാനുതാപം*, III : 93-94

32. "നഷ്ടമായ്പോയോരജങ്ങളെത്തേടുന്ന
സൃഷ്ടികർത്താവിനെ കാണാകേണം." (*ആത്മാനുതാപം*, III : 97-98)

33. "നല്ലൊരിടയൻ ഞാനെന്നരുൾച്ചെയ്ത
നല്ലനെയെന്നും ഞാൻ കാണാകേണം." (*ആത്മാനുതാപം*, III : 99-100

34. "കരുണാകരനീശോ പരമപിതൃസുതൻ
കരുണയോടടിയാർ കാണാകേണം."(*ആത്മാനുതാപം*, III : അനുബന്ധം1-2)

35. "കാരണത്രാതാവേ കാണാകേണം."
(*ആത്മാനുതാപം*, III :അനുബന്ധം:6)

36. "കീരീടധാരനെ കാണാകേണം."
(*ആത്മാനുതാപം*, III :അനുബന്ധം 10)

37 "കീഴ്ത്തരമായ മനുഷ്യരെ രക്ഷിപ്പാൻ
കീഴ്പ്പെട്ട നിന്നെ ഞാൻ കാണാകേണം".
(*ആത്മാനുതാപം*, III :അനുബന്ധം 13-14)

38. "കുണ്ഠിതനായ മാംപ്രതി മനുഷ്യന്റെ
കുമാരനായതേ കാണാകേണം."
(*ആത്മാനുതാപം*, III : അനുബന്ധം 17-18)

39. "കൂപം (ഗുഹ) സമമായ് തോന്നുന്ന മാട്ടിന്റെ (കന്നുകാലി)
കൂട്ടിൽ പിറന്നതും കാണാകേണം."
(*ആത്മാനുതാപം*, III : അനുബന്ധം 21-22)

40. "കൗതൂഹലാ (ഉല്ലാസചിത്തൻ) നിന്നെ കാണാകേണം."
(*ആത്മാനുതാപം*, III :അനുബന്ധം 88)

41. "ആനന്ദമോടു നിൻ മാതൃതിരുമടി-
യാദരിച്ചീടുമ്പോൾ കാണാകേണം.
(*ആത്മാനുതാപം*, III :അനുബന്ധം 41-42)

42. "ഈ മഹാനാഥയാം കന്നികരം തന്നി-
ലീശനെ നിന്നെ ഞാൻ കാണാകേണം.
(*ആത്മാനുതാപം*, III :അനുബന്ധം 45-46)

43. "ഊഴിയിതിൽ ശയിക്കുന്നയുണ്ണിയെ-
യൂനംകൂടാതഹം കാണാകേണം."
(*ആത്മാനുതാപം*, III :അനുബന്ധം 49-50)

44. "ഋക്ഷം(നക്ഷത്രം) മുതൽ വെട്ടം നാണിപ്പിച്ചീടുന്ന
ഋത്വധിനാഥനെ (ഋതുക്കളുടെ നാഥൻ) കാണാകേണം."
(*ആത്മാനുതാപം*, III :അനുബന്ധം 53-54)

45. "ഏകേശനാഥനേ, (ഏകദൈവം) നിന്നുടെ ദാസൻമേ-
യേകദാ (പെട്ടെന്ന്) നിന്നെ ഞാൻ കാണാകേണം."
(*ആത്മാനുതാപം*, III :അനുബന്ധം 57-58)

48. "ഒന്നിനും തിട്ടതി (ആവശ്യം)യില്ലാത്ത ഭാഗ്യൻ നീ-
യോമന തൃക്കൈകൾ നീട്ടികൊണ്ട്-
യൊൺമയിൽ (സത്യം) മാതാപിതാക്കൾക്കു കാട്ടുന്ന
യോമനപുഞ്ചിരി കാണാകേണം."
(*ആത്മാനുതാപം*, III :അനുബന്ധം 59-62)

49. "എന്റെ മനോഗുണമുള്ള അപ്പാ, ഈ നിന്റെ മാണിക്യമുള്ള തിരുകണ്ണുകളുടെയും തിരുമുഖത്തിന്റെയും ഈ (വികൃത)രൂപം മാറ്റി അനുഗ്രഹമുള്ള ഈ നിന്റെ തിരുമുഖത്തിന്റെ സൗന്ദര്യത്തെ എന്നെനിക്ക് കാൺമാൻ ഇടയാകും? (*ധ്യാനസല്ലാപങ്ങൾ*, 21)

## 58. ദർശനദാഹം: മറിയം, യൗസേപ്പ്

1. "യാതൊരു വീടും കിട്ടാതെ ദുഃഖിച്ചതൻ-
മാതാപിതാക്കളെ കാണാകേണം." (*ആത്മാനുതാപം*, III : 17-18)

2. "നോവും കറയും (വൈകല്യം, ദോഷം)കൂടാതെ പ്രസവിച്ച
ദൈവമാതാവേയും കാണാകേണം." (*ആത്മാനുതാപം*, III : 23-24)

3. സ്നേഹാധിക്യത്താൽ ചുരത്തിയ പാൽ തള്ള
മോഹാൽ കൊടുത്തതും കാണാകേണം."
(*ആത്മാനുതാപം*, III : 37-38)

4. "പുത്രൻ പാലുണ്ണുമ്പോൾ മാതാവിനുണ്ടായ
ചിത്രമാംഭക്തിയും കാണാകേണം." (*ആത്മാനുതാപം*, III : 39-40)

5. "എപ്പേരും കണ്ടാനന്ദാബ്ധിയിൽ താഴുന്ന
ചിൽപുമാൻ (ജ്ഞാനസ്വരൂപൻ) 'യൂസെ' (യൗസേപ്പ) യും
കാണാകേണം." (*ആത്മാനുതാപം*, III : 41-42)

6. "ചങ്കുപോൽ സ്നേഹിക്കും കാന്തനെ മാതാവു
തങ്കൽ വിളിച്ചതും കാണാകേണം." (*ആത്മാനുതാപം*, III : 43-44)

7. "ആരാധനയോടങ്ങെത്രയും ഭക്തിയിൽ

ചാരത്തണഞ്ഞതും കാണാകേണം." (*ആത്മാനുതാപം*, III : 45-46)

8. "ഓമനപൈതലേ ഭർത്താവിൻ കൈകളി-
ലാമോദാൽ ചേർത്തതും കാണാകേണം."
(*ആത്മാനുതാപം*, III : 47-48)

9. "ഭാര്യാസമേതനായുണ്ണിക്കു ചെയ്തൊരു
ആര്യ (ശ്രേഷ്ഠമായ) സ്തുതികളും കാണാകേണം." (*ആത്മാനുതാപം*, III : 49-50)

10. പള്ളിയുറക്കം തുടർന്നോരുണ്ണിക്കവ-
രല്ലൽ തീർക്കുന്നതും കാണാകേണം." (*ആത്മാനുതാപം*, III : 51-52)

11. "പുത്രനെ കാണാതുഴന്ന പിതാക്കടെ
ചിത്ത ദുഃഖത്തെയും കാണാകേണം." (*ആത്മാനുതാപം*, III : 77-78)

12. "മൂന്നാംനാൾ പുത്രനെ കണ്ടപ്പോഴുണ്ടായ
ഉന്നതസ്നേഹവും കാണാകേണം." (*ആത്മാനുതാപം*, III : 79-80)

13. "കോരിയെടുത്തു നിൻ മാതാവു സ്നേഹത്താൽ
കൊങ്കയൂട്ടുന്നതും കാണാകേണം."
(*ആത്മാനുതാപം*, III : അനുബന്ധം 33-34)

## 59. ദാനധർമ്മം

"ഭിക്ഷക്കാർ വെറും കൈയ്യോടുകൂടി നിന്റെ വീട്ടിൽനിന്ന് പോകുവാൻ നീ അനുവദിക്കരുത്. പാടുള്ളപ്പോഴൊക്കെയും അല്പമെങ്കിലും ദാനധർമ്മം ചെയ്യുവാൻ ശ്രമിക്കണം." (*കത്തുകൾ* IX/ 16:13)

## 60. ദാസൻ

1. "പ്രാപ്തിഹീനനാം നിന്റെ ദാസനെ തൃക്കൺപാർക്ക"
(മാതാവിന്റെ യാചന). (*ആത്മാനുതാപം* II :278)

2. "സൂക്ഷിച്ചു പാർത്തു നിന്റെ മാതൃവെപ്രതിയിപ്പോൾ
രക്ഷിച്ചീടണേ മമ ദാസനെന്നോർത്തിവനെ" (മാതാവിന്റെ യാചന)
*ആത്മാനുതാപം* II : 285-286)

3. "കീഴുള്ള ദാസനാമെന്നെയുയർത്തുവാൻ
കീഴ്പ്പെട്ടണഞ്ഞു പിതാവിഷ്ടംപോലെ"
(*ആത്മാനുതാപം* III :അനുബന്ധം 11-12)

4. "ഏകേശനാഥനേ (ഏകദൈവം) നിന്നുടെ ദാസൻമേൽ
ഏകദാ നിന്നെ ഞാൻ കാണാകേണം."
(*ആത്മാനുതാപം*, III :അനുബന്ധം 57-58)

## 61. ദിവ്യകാരുണ്യഭക്തി

"ദിവ്യകാരുണ്യത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ നിങ്ങൾ മുഴു ഹൃദയത്തോടെ സ്നേഹിക്കണം."(*അന്തിമവചസ്സുകൾ*)

## 62. ദൈവതിരുമനസ്സ്

"ദൈവതിരുമനസ്സിന് സന്തോഷത്തോടുകൂടി കീഴ്വഴങ്ങുവിൻ. ദൈവം സർവ്വവല്ലഭനും അറുതിയില്ലാത്ത അനുഗ്രഹക്കാരനുമാകുന്നു." (*മാന്നാനം നാളാഗമം*, വാല്യം 3, 1864-1871)

## 63. ദൈവത്തിന്റെ കൃപ

"(എനിക്കു ലഭിച്ച സമയം) ദൈവത്തിന്റെ അധിക കൃപയാലെ എനിക്കു വേണ്ടിത്തന്നതുതന്നെയല്ല, പിന്നെയോ മറ്റുള്ളവർക്കുവേണ്ടിയുമാണെന്ന് ഇപ്പോൾ സ്പഷ്ടമായി ഞാൻ അറിയുന്നു." (*കത്തുകൾ*, V/14)

## 64. ദൈവപരിപാലന

1. "എന്നെ നീ കുറച്ചില്ല പൊക്കിയില്ലിഹലോകെ
എന്നതിനാനല്ലയോ ഈവണ്ണം ചരിക്കുന്നു."
(*ആത്മാനുതാപം*, II : 95-96)

2. "നമ്മുടെ എളിമപ്പെട്ട കൂട്ടം മനുഷ്യർ ഉണ്ടാക്കിയതല്ല, പിന്നയോ തമ്പുരാൻ എത്രയോ പുതുമകളാൽ (അത്ഭുതങ്ങളാൽ) ഇതിനെ സ്ഥാപിക്കുകയും നടത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു എന്നതിന് നിങ്ങളെല്ലാവരും സാക്ഷികളായിരിക്കുന്നു." (*കത്തുകൾ*, VI/1)

3. "നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ ദേവമാതാവിന് എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താ സഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇതു ദൈവാലോചനയിൽ അല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ല എന്ന് ഇത് കടലാസ് എന്ന് കാണുംവണ്ണം കണ്ടുറച്ചിരിക്കുന്നു." (*കത്തുകൾ*, VI/4)

4. "സർവ്വേശ്വരൻ നമ്മുടെ കർത്താവ് എങ്ങനെ നമ്മുടെ കാര്യങ്ങൾ വിചാരിച്ചു നടത്തുന്നുവെന്ന് ഓർക്കുവിൻ." (*കത്തുകൾ*, VII/11)

5. "എത്രയും സന്തോഷത്തോടെ നമുക്കു വേണ്ടിയിരിക്കുന്നതൊക്കെയും കർത്താവ് അന്വേഷിക്കുമെന്ന് കാൺമിൻ." (*കത്തുകൾ*, VII/11)

6. "നമുക്ക് വേണ്ടുന്നതൊക്കെയും അല്പവും ബുദ്ധിമുട്ടുകൂടാതെ ദൈവം നിറവേറ്റുന്നു." (*കത്തുകൾ*, VII/11)

7. "നമ്മുടെ അരണാട്ടുകര കൊവേന്തയുടെ പള്ളിപ്പണി ദൈവതിരുമനസ്സാൽ തീർന്നപ്പോൾ നമ്മുടെ പള്ളികളിൽ എല്ലാത്തിലുംവെച്ച്

കൂടുതൽ ചിതവും (ഭംഗിയും) വെടിപ്പുമായിട്ട് (വൃത്തി) തീരുകയും ചെയ്തു." (*നാളാഗമങ്ങൾ*, പേജ് 135)

8. "ഇതാ ഇപ്പോൾ ഏറിയകാലം മുതലായി അപേക്ഷിച്ചു വന്നിരുന്നതും നടക്കാതെ കിടക്കുന്നതുമായ ഒരു കാര്യമായ കന്യാസ്ത്രീമഠം എന്നുള്ള കാര്യം ദൈവം ഈ കാലത്തിൽ നടത്തുവാൻ തിരുമനസ്സായിരിക്കുന്നുവെന്ന് തോന്നുന്നു." (*നാളാഗമങ്ങൾ*, പേജ് 126)

## 65. ദൈവഭയം

1. "സീനായ്മല കയറുവാൻ ഭയപ്പെട്ടുനിന്ന ഇസ്രയേൽജനത്തെപോലെ ഞാനും ഈ ധ്യാനമുറി എന്ന മലയുടെ വാതിൽ കടക്കാതെ ഭയപ്പെട്ടു നിൽക്കാൻതന്നെ ന്യായം.... ആ മലയിൽ ഇറങ്ങിയ മാലാഖായെ അല്ല പിന്നെയോ അദ്ദേഹത്തെ സൃഷ്ടിച്ച ഉടയവനായ നിന്നെത്തന്നെ കർത്താവേ, ഈ പ്രാർത്ഥനമുറിയിൽ എന്നെ കാണിപ്പാനായി എഴുന്നള്ളിയിരിക്കയാൽ മഹാപാപിയായ ഞാൻ എങ്ങനെ ഭയംകൂടാതെ ഇതിൽ കരേറും? (*ധ്യാനസല്ലാപങ്ങൾ*, 25)

2. "ഇസ്രയേൽജനം (സീനായ്) മലമുഴുവനും എരിഞ്ഞുകത്തുന്നതിനെയും, ഇടികൾവെട്ടുന്ന സ്വരത്തിന്റെ ഘോരശബ്ദത്താൽ കല്ലുകൾ തകർന്നു പോകുന്നതിനെയും, മേഘം ഇറങ്ങി മലയെ മൂടിയിരിക്കുന്നതിനെയും, കാഹളനാദം ശക്തിപ്പെടുന്നതിനെയും മറ്റും കണ്ടപ്പോൾ മലയെ സമീപിക്കാൻ ഭയപ്പെട്ടു. എന്റെ അനുഗ്രഹം നിറഞ്ഞ പിതാവേ... ഞാൻ ഈ (പ്രാർത്ഥന)മുറിയിൽ സൂക്ഷിച്ചു നോക്കുമ്പോൾ പാപത്തിൻമേലുള്ള നിന്റെ അത്യന്ത വെറുപ്പാൽ അറുതിയില്ലാത്ത നിന്റെ നീതിയാൽ ദുഷ്ടരുടെമേൽ ക്രൂരമായി എരിഞ്ഞുകത്തുന്ന നിന്റെ കോപാഗ്നിയുടെ കഠോരത്തെയും കാണുമ്പോൾ... ഈ അഗ്നിജ്വലനത്തെ സൂക്ഷിച്ചുനോക്കുവാൻ ആർക്കു കഴിയും ?" (*ധ്യാനസല്ലാപങ്ങൾ*, 25)

## 66. ദൈവാന്വേഷണം

"തമ്പുരാനെയും തന്റെ തിരുമനസ്സിനെയും മാത്രം അന്വേഷിച്ചിരുന്നെങ്കിൽ കൂടപ്പിറപ്പുകൾക്ക് എല്ലാ സ്ഥലത്തും സൗഖ്യവും സന്തോഷവും കിട്ടിയേനെ. എന്നാൽ തമ്പുരാനെയല്ല, സ്വന്തഇഷ്ടവും സ്വന്തമനസ്സും അന്വേഷിക്കുന്നതിനാൽ ഒരിക്കലും സൗഖ്യവും സന്തോഷവും ആകുന്നില്ല." (*കത്തുകൾ*, VI/1)

## 67. ദൈവാലോചന

1. "നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ ദൈവമാതാവിന് ഏറ്റവും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താ സഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ

ഇത് ദൈവാലോചനയിലല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ലയെന്ന് ഇത് കടലാസെന്ന് കാണുംവണ്ണം കണ്ടുറച്ചിരിക്കുന്നു."

(*കത്തുകൾ,* VI/4)

2. "ഇതിനാൽ നമ്മുടെ ബലക്ഷയം കണ്ടിട്ട് ഈ പരിശുദ്ധ അമ്മ തന്റെ വിശേഷ സ്നേഹത്തിൽ ചേർത്തു." (*കത്തുകൾ,* VI/4)

## 68. ദൈവികപദ്ധതി

1. വെൺമയായ് നടപ്പാനായ് തന്നൊരു വെള്ളവസ്ത്രം
നന്മയും കളഞ്ഞയ്യോ പാപി ഞാൻ മഹാമൂഢൻ."

(*ആത്മാനുതാപം,* II : 349 -350)

2. "ഇതുപോലുള്ള മഹാകാഴ്ചയെ സൂക്ഷിപ്പാനു-
മതിനാൽത്തന്നെ നിന്നെ സേവിച്ചാരാധിപ്പാനും
കണ്ണുകളെനിക്കു നീ തന്നല്ലോ സർവ്വേശ്വരാ !
എണ്ണമില്ലാത്ത തിന്മക്കതു ഞാൻ കരുവാക്കി."
(*ആത്മാനുതാപം,* II: 337-340)

3. "നല്ലതായുള്ള കേൾവി കേൾപ്പാനായി കർണ്ണംതന്നു
അല്ലലുമതിനാലെ വരുത്തി മമചിത്തേ.
നിന്നുടെ ദേവാലയേ ചെന്നുവന്ദിച്ചിടാൻ
തന്നല്ലോ കൈയും കാലും, സർവ്വേശാ, ഗുണാംബുധേ."

(*ആത്മാനുതാപം,*II:341-344)

4. "ജ്ഞാനസ്നാനത്താലെന്നെ തനയനാക്കിവച്ച
മാനത്തെ നഷ്ടംചെയ്തു പിശാചിനടിമയായ്."

(*ആത്മാനുതാപം,* II:347-348)

5. "എന്നെ കാണുന്ന ജനമെന്നുടെ സുവൃത്തിയാൽ
നിന്നെ സേവിപ്പാൻ വഴികാട്ടുവാൻ പന്തം തന്നു."

(*ആത്മാനുതാപം,* II:351-352)

6. "നമ്മുടെ എത്രയും വലിയ ക്ലേശത്തിന്റെ റിപ്പോർട്ട് എനിക്കുശേഷം നിങ്ങളും എഴുതുവാൻ ദൈവം തിരുമനസ്സാകുമെന്ന് ഞാൻ ശരണപ്പെടുന്നു." (*നാളാഗമങ്ങൾ,* പേജ് 143)

## 69. ധാർമ്മിക മനോഭാവം

"(ദാനമായി ലഭിച്ച തുകയിൽ) നൂറുരൂപ ശുദ്ധമുള്ള ദ്രവ്യം (പണം) അല്ലെന്ന് നമ്മുടെ മൂപ്പച്ചന്റെ മനസ്സാക്ഷി പറയുകയാൽ മെത്രാച്ചന്റെ അനുവാദം വാങ്ങിച്ച് ഈ നൂറുരൂപായും ധർമ്മമായി ഭിക്ഷക്കാർക്ക് കൊടുത്തതല്ലാതെ ഈ പണിയിൽ ചേർത്തില്ല." (നാളാഗമങ്ങൾ, പേജ് 138)

## 70. ധ്യാനം

1. "ധ്യാനമെന്നത് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടുചേർന്ന് തന്നോടൊന്നിച്ചിരുന്ന് സ്നേഹിതൻമാരോട് ഒന്നിച്ചുള്ള സംഭാഷണമെന്നപോലെ ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്ന് സംസാരിക്കുകയത്രേ ഇതിന്റെ പ്രവൃത്തി." (*ധ്യാനസല്ലാപങ്ങൾ,* 14)

2. "ധ്യാനമെന്നത് ദൈവത്തോടുള്ള സംസാരമാകുന്നുവെന്നുവരുമ്പോൾ ഒരു സ്നേഹിതനോടുള്ള സംസാരംപോലെ ആകുന്നു. എന്നാൽ സ്നേഹിതന്മാർ തമ്മിൽ ഒന്നിച്ചിരുന്നാൽ വേർപിരിയുംവരെയും നാവടങ്ങാതെ സംസാരിക്കും... ഇതിനിടയിൽ അവർക്കു സംസാരിക്കുവാൻ വകയില്ലാഞ്ഞിട്ട് മിണ്ടാടടങ്ങിയിരുന്നുവെന്നും വരികയില്ല. അപ്പോഴോ സ്നേഹമുണ്ടെങ്കിൽ അയാളോട് സംസാരിക്കുവാൻ വകയുണ്ടാകും. ഈ സംസാരം ആരും പഠിപ്പിക്കേണ്ടതില്ല." (*ധ്യാനസല്ലാപങ്ങൾ,* 14)

3. ഭാഷ അറിയാത്തവരും തമ്മിൽ സ്നേഹമുണ്ടായാൽ തമ്മിൽ പറയുകയും തിരിയുകയും ചെയ്യുന്നു...ഒന്നും ഉരിയാടാതെ ഇരുന്നാലും സ്നേഹിതന്റെ അടുത്തിരിക്കുന്നതുകൊണ്ട് തൃപ്തിയാകുകയും ചെയ്യും. എങ്കിൽ ഞാൻ ഈശോമിശിഹായെ സത്യമായി സ്നേഹിക്കുന്നുവെങ്കിൽ എനിക്ക് ധ്യാനത്തിൽ തന്നോടു സംസാരിക്കുവാൻ വകയുണ്ടാകും. സംസാരിക്കുവാൻ കഴിഞ്ഞില്ലെങ്കിലും അരികെയിരിക്കുന്നതിനാൽ തൃപ്തിയാകുമല്ലോ." (*ധ്യാനസല്ലാപങ്ങൾ,* 14-15)

## 71. നന്ദി നിറഞ്ഞ സ്തുതി

"ദൈവം നിങ്ങളുടെമേൽ വച്ചിരിക്കുന്ന സ്നേഹവും അനുഗ്രഹവും അറിഞ്ഞ് നന്ദി നിറഞ്ഞ മനസ്സോടുകൂടി തന്നെ സ്തുതിപ്പാൻ എത്രയോ കടക്കാരായിരിക്കുന്നുവെന്ന് ഓർത്തുകൊൾവിൻ'.'
(*കത്തുകൾ,* IX/7)

## 72. നന്ദിഹീനത

1. "എന്നതിനെന്തു മൂലമെന്നഹമോർക്കുംന്നേരം
നന്ദിഹീനനായിടുമെന്റെമേലുള്ള സ്നേഹം." (*ആത്മാനുതാപം,* II:59-60)

2. "എന്നുടെ ഹൃദയമേ, സ്മരിക്ക നിന്റെ കൃതി
നന്ദിഹീനതയെത്രയെന്നതുമോർത്തിടാ."
(*ആത്മാനുതാപം,* II:63-64)

3. "എന്നിരിക്കുമ്പോൾ നിന്റെ സ്നേഹാബ്ധി നിമിത്തമായ്
നന്ദിഹീനനാമെന്റെ സ്നേഹത്തെ വലിപ്പാനായ് (വളർത്താൻ)."
(*ആത്മാനുതാപം,* II:177-178)

4. "നന്ദിഹീനനാമെന്നെ പാർക്കുവാൻ യോഗ്യം പോരാ
സുന്ദരാ, നിന്റെ മാതൃദാസനെന്നോർത്തീടുക."
(*ആത്മാനുതാപം,* II:243-244)

5. ദുഷ്ടനാമടിയനീ നന്ദിയോർക്കാതെ കണ്ടു
കഷ്ടതയതിൽനിന്നു നീങ്ങാതെയിരിക്കയിൽ."
(*ആത്മാനുതാപം,* II:267-268)

6. "മന്ദമായ് നടന്നയ്യോ പിന്നെയും മഹാപാപി
നന്ദിഹീനത്താൽ പാപക്കനത്തെ വർദ്ധിപ്പിച്ചു."
(*ആത്മാനുതാപം,* II:289-290)

7. "എന്നിതൊക്കെയും കണ്ടു ഗ്രഹിപ്പാൻ കണ്ണുതന്നു;
നന്ദിയില്ലാത്ത മമ കണ്ണിനാൽ എന്തുചെയ്തു !
കാണുന്ന വസ്തുവെ കണ്ടുകൊണ്ടതിൽത്തന്നെ
നാണംകൂടാതെ മമശരണം വച്ചേനയ്യോ!".
(*ആത്മാനുതാപം,* II:299-302)

8. "മന്നിലുള്ളവയൊക്കെ സ്ഥൂലവും അസ്ഥൂലവും
മിന്നൽപോൽ കടന്നീടുമെന്ന് ഞാനോർത്തീടാതെ
കണ്ണിനിഷ്ടമായിടും കാഴ്ചയെ സൂക്ഷിച്ചഹം
മണ്ണിതിന്നോർത്തീടാതെ മനസ്സുമതിൽവച്ചേൻ.
എന്നതുകൊണ്ടു നാഥൻ തന്ന കണ്ണിനാൽതന്നെ
നിന്ദിച്ചേനഹം തന്നെയയ്യയ്യോ മഹാകഷ്ടം!."
(*ആത്മാനുതാപം,* II:303-308)

9. "പ്രിയമുള്ള കർത്താവേ, നീ ഇതൊക്കെയും എനിക്കുവേണ്ടി സഹിച്ചു എന്നറിഞ്ഞുകൊണ്ട് പിന്നെയും നിന്നെ ഞാൻ ഉപേക്ഷിച്ചതെങ്ങനെ!... ഇത്രമാത്രം എന്നെ നീ സ്നേഹിച്ചപ്പോൾ നിന്നോടല്ലാതെ മറ്റൊന്നിന്റെമേൽ എനിക്ക് സ്നേഹം തോന്നുന്നങ്ങനെ!"(*ധ്യാനസല്ലാപങ്ങൾ,* 21)

## 73. നൽമരണസഭ

"രോഗക്കാരെ തുണച്ച് നൽമരണം അനുഭവിപ്പിക്കുന്നതത്രേ എല്ലാ സഭകളുടെയും കാതൽ.... മൂന്നാം സഭയോട് ചേർത്ത് ഈ നൽമരണ സഭയും സ്ഥാപിക്കുവാൻ ഫിലിപ്പച്ചൻ നിശ്ചയിച്ചിരിക്കുന്നു. ഈ സഭ എങ്ങും പരക്കുവാൻ ശുദ്ധമാന പള്ളി ആഗ്രഹിക്കുന്നു. അത് സ്ഥാപിക്കുന്നതിന് പരിശുദ്ധ സിംഹാസനത്തിൽനിന്നും വിശേഷ അനുവാദം വന്നിട്ടുണ്ട്." (*കത്തുകൾ,* V/11)

## 74. പരോപകാരം

1. അന്യർക്കുവേണ്ടി എന്തെങ്കിലും നന്മ ചെയ്യാത്ത ദിവസം നിന്റെ

ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ ദൈവം ചേർക്കുകയില്ല ." (*കത്തുകൾ,* IX/6:13)

2. "മനുഷ്യർ പരസ്പരം ഉപകാരം ചെയ്യുന്നത് സൃഷ്ടാവിനാൽ കല്പിക്കപ്പെട്ട ഒരു പ്രമാണമാകുന്നു." (*കത്തുകൾ,* IX/6:14)

3. "മനുഷ്യൻ ചെയ്യുന്ന സഹായങ്ങളിൽവച്ച് വലിയ സഹായം മരണസമയത്ത് ചെയ്യുന്ന സഹായമത്രേ. എല്ലാറ്റിലും വലിയ മനോഗുണപ്രവൃത്തിയും ഇതുതന്നെ. എല്ലാറ്റിലും വലിയ ഉപവിയും ഇതുതന്നെ" (*കത്തുകൾ,* IX/7)

## 75. പറഞ്ഞൊപ്പ്

"ദൈവത്തോട് പറഞ്ഞൊപ്പ് ചെയ്യുക: നമ്മുടെ നാഢീഞരമ്പുകളുടെ ഇളക്കങ്ങളും, കണ്ണുചിമ്മുക ശ്വാസംവിടുക മുതലായതും, പക്ഷിപറവകളുടെ സ്വരങ്ങളുമെല്ലാം നമ്മുടെ അപേക്ഷകളായി കർത്താവിന്റെ പ്രവൃത്തികളോട്ചേർത്ത് കാഴ്ചവയ്ക്കുക." (*കത്തുകൾ,* VII/3)

## 76. പശ്ചാത്താപം

1. "നിൻതിരുദാസനഹമെന്നു ഞാനറിയാതെ
തൻ തിരുവാർത്ത (സുവിശേഷം) നിന്ദിച്ചയ്യയ്യോ മഹാദുഃഖം
(*ആത്മാനുതാപം,* VI:211-212)

2. "അയ്യയ്യോ മമനാഥാ, അയ്യയ്യോ മമസ്നേഹം
അയ്യയ്യോ മമപാപം കാരണമിതിന്നയ്യോ."
(*ആത്മാനുതാപം,* VI:327-328)

3. "നിന്നുടെ പുത്രദുഃഖ കഷ്ടാനുഭവങ്ങളും
നിൻതിരുവടിയുടെ വ്യാകുല ദുഃഖാബ്ധിയും
എന്നുടെ മഹാപാപകാരണമതിൻഫലം
എന്നു ഞാനോർക്കുന്നേരമെത്രയോ മഹാദുഃഖം"
(*ആത്മാനുതാപം,* VII:143-146)

4. "തന്നുനീയടിയനും കരങ്ങൾ രണ്ടും ദൃഢം
എന്നുടെ കരങ്ങളാൽ ചെയ്യുന്ന പാപങ്ങളാൽ
നിൻതിരുക്കരങ്ങളെ തുളച്ചേനഹം കഷ്ടം."
(*ആത്മാനുതാപം,* VII:227-220)

5. "നടപ്പാനായ്ക്കൊണ്ടു തന്നു നീ പാദങ്ങളെ
കടപ്പാടാലടിയനും തറച്ചേൻ നിൻപാദങ്ങൾ."
(*ആത്മാനുതാപം,* VII:230-231)

6. "മുറിച്ചു നിന്റെ ദേഹമെൻ പാപകഷ്ടത്താലേ
പറിച്ചേൻ നിൻ മാംസത്തെ പുലിക്കു സമമയ്യോ."
(*ആത്മാനുതാപം,* VII:232-233)

7. "കർണ്ണവും കണ്ണും തന്നു എന്നതു നിമിത്തമായ്
കൺകളിൽകൂടെ മഹാമുൾമുന പതിച്ചയ്യോ."

(*ആത്മാനുതാപം*, VII:236-237)

8. "കഷ്ടമേ, മഹാകഷ്ടം ദുഃഖമേ മഹാദുഃഖം
ദുഷ്ടനാമടിയനു... പോക്കിടം (അഭയസ്ഥാനം) നീയ്യേ നാഥാ."

(*ആത്മാനുതാപം*, VII:238-241)

9. "കഷ്ടനാമടിയന്റെ ദുഷ്ടതഹേതുവിനാൽ
നഷ്ടമായ് ദേഹീരൂപം ദുർഗന്ധം വീശുന്നയ്യോ."

(*ആത്മാനുതാപം*, VII:288-289)

10. "അയ്യയ്യോ സ്നേഹപിതാ, സൃഷ്ടിനാഥനേ മമ
അയ്യത്താലധോഭാഗേ താഴ്ത്തുന്നേൻ മമാനനം."

(*ആത്മാനുതാപം*, VII:334-335)

11. "കണ്ടുകേട്ടുള്ള കാഴ്ച കേൾവികൾ നിമിത്തമായ്
കണ്ടക (മുള്ളുള്ള) നീണ്ടമുന ഞാൻ തന്നെ പതിച്ചയ്യോ."

*ആത്മാനുതാപം*, VII:528-529)

12. "ജ്ഞാനസ്നാനത്താൽ തവപുത്രനായ്‌വച്ചെന്നെ നീ
അജ്ഞാനത്താൽ ഞാൻ മമഭാഗ്യത്തെ നഷ്ടം ചെയ്തു
നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദുഃഖം
എന്നതിൽപ്പരം കഷ്ടം പിശാചിൻ ദാസനായ്."
(*ആത്മാനുതാപം*, II:135-138)

13. "അയ്യയ്യോ മഹാദുഃഖമെന്നുടെ പാപത്താലെ
അയ്യം (ദുഖം) കൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ!"
(*ആത്മാനുതാപം*, II:139-140)

14. "അയ്യയ്യോ മഹാദുഃഖമടിയൻ വളർന്നപ്പോൾ
നെയ്യുമില്ലഗ്നിയില്ലാ, പുകയുന്നതും കണ്ടേൻ
ഇപ്പോലെയുള്ള മഹാദുർഭാഗ്യമാർക്കുണ്ടായി-
യല്പൻ ഞാനറിയാതെ കെട്ടയ്യോ മമവെട്ടം."

(*ആത്മാനുതാപം*, II:353-356)

15. മറ്റുള്ള ജനത്തേയും കാട്ടുവാനായ്ത്തന്ന
മറ്റേറും വെളിച്ചത്തെ പകർത്തിത്തമസ്സാക്കി
ഇങ്ങനെയടിയന്റെ പൈതൽ പ്രായത്തിൽത്തന്നെ
മംഗലമൊക്കെകളഞ്ഞയ്യയ്യോ മഹാദുഃഖം."

(*ആത്മാനുതാപം*, II:357-360)

16. "ദുഃഖമേ മഹാദുഃഖം മാംപ്രതി സർവ്വമയ്യോ
എന്നുടെ പാപത്തിന്റെ എണ്ണങ്ങൾ കുറഞ്ഞെങ്കിൽ

തന്നുടെ കുരിശിന്റെ ഭാരവും കുറഞ്ഞേനേ."

(*ആത്മാനുതാപം*, VIII:51-53)

17. "പാപിയാ മമപൈതൽ പ്രായത്തിൻ കുറ്റങ്ങളെ
താപത്താൽ പൊറുതിയെ കേണുപ്രാർത്ഥിക്കുന്നേൻ."

(*ആത്മാനുതാപം*, II:363-364)

18. "കർത്താവേ,.... മുള്ളുകൾ നിന്റെ തലയിൽ തറച്ചുകയറിയിരിക്കുന്നുവല്ലോ. എന്റെ അഹങ്കാരം തുടങ്ങിയ ചിന്തകളാൽ എത്രയോ പാവശ്യം നിന്റെ തിരുശിരസ്സിനെ ഞാൻ നൊമ്പരപ്പെടുത്തി." (*ധ്യാനസല്ലാപങ്ങൾ*, 19)

19. "അയ്യോ എന്റെ അപ്പന്റെ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയത് ഞാൻ തന്നെയല്ലയോ." (*ധ്യാനസല്ലാപങ്ങൾ*, 19)

20. "ആ കർത്താവേ, നിന്റെ കവിളിൻമേൽ പതിഞ്ഞിരിക്കുന്ന ഈ വിരലുകളുടെ രൂപവും അതിനു ചുറ്റുമുള്ള കരുവാളിപ്പും എന്തായിരിക്കുന്നു ? ....ഓ എന്റെ സ്നേഹിതയായ ശരീരമേ.... നിന്റെ അടിയുടെ അത്രേ ഈ കുഴിഞ്ഞു കാണുന്ന കാഴ്ച... പലപ്പോഴും ആ മുഖത്ത് അടിപ്പിച്ചത് നിന്റെ കൈകൾ തന്നെ." (*ധ്യാനസല്ലാപങ്ങൾ*, 20)

21. "കണ്ണുകൾകൊണ്ട് മേല്പ്പോട്ടുനോക്കി ദൈവത്തിന്റെ സൃഷ്ടികളുടെ മഹിമ കണ്ടുകൊണ്ട് അവിടുത്തെ അറിഞ്ഞ് ബഹുമാനിക്കുന്നതിനു പകരം നിന്റെ കണ്ണുകൾകൊണ്ട് വ്യർത്ഥമായതും എണ്ണമില്ലാത്ത വിലക്കപ്പെട്ട കാഴ്ചകൾക്ക് ഈ നിന്റെ കണ്ണുകളെ തുറന്നതിനാലത്രേ ഈ വണ്ണം അവിടുത്തെ കണ്ണുകൾ ചോരനിറമായി പകർന്നിരിക്കുന്നത്." (*ധ്യാനസല്ലാപങ്ങൾ*, 21)

22. "എന്റെ നല്ല ഈശോയേ, എന്റെമേൽ അനുഗ്രഹിക്കണമേ. ആത്മനിയന്ത്രണം ഇല്ലാതെ ഞാൻ ചെയ്തുപോയ കണക്കില്ലാത്ത കുറ്റങ്ങളൊക്കെ എന്നോടു പൊറുക്കണമേ. അവയെക്കുറിച്ച് ഞാൻ ആത്മാർത്ഥമായി മനസ്തപിക്കുന്നു.... കർത്താവേ, എത്രയോ പ്രാവശ്യം നിന്നെ ഞാൻ സങ്കടപ്പെടുത്തി. നിന്റെ വിശ്വസ്തദാസനായി നടന്നുകൊള്ളാമെന്ന് പറഞ്ഞശേഷം വീണ്ടും നിന്നെ ഞാൻ ഉപദ്രവിച്ചു... മേലിൽ നിന്നെ മുഴുവനും ആശ്രയിച്ചും നിന്നിൽ ശരണം ഗമിച്ചും നിന്റെ വിശ്വസ്തദാസനായി നടപ്പാൻ ആവശ്യമായ വരപ്രസാദം നിരന്തരം നിന്നോടപേക്ഷിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നേൻ. കഴിഞ്ഞ ജീവിതകാലത്ത് നിന്നോട് സഹായം അപേക്ഷിക്കാൻ ഉപേക്ഷ വരുത്തിയതിനാൽ കുറ്റങ്ങളിലും തെറ്റുകളിലും ഞാൻ ഉൾപ്പെട്ടുപോയി." (*ധ്യാനസല്ലാപങ്ങൾ*, 72-73)

23. "പ്രിയമുള്ള കർത്താവേ, ഈ പുഴുവിനെപ്രതി നീ സഹിച്ചതെങ്ങനെ? എനിക്കുവേണ്ടി നീയിതു സഹിച്ചുവെന്ന് അറിഞ്ഞിരുന്നിട്ടും,

പിന്നെയും നിന്നെ ഞാൻ ഉപേക്ഷിച്ചതെങ്ങനെ? നിന്റെ മുറിക്കപ്പെട്ട ശരീരം ഞാൻ സൂക്ഷിച്ചു നോക്കിയാൽ ഇനിയെങ്കിലും നിന്നെ ഞാൻ സ്നേഹിക്കാതിരിക്കുന്നതെങ്ങനെ? ഇത്രയധികം നീയെന്നെ സ്നേഹിച്ചപ്പോൾ നിന്നോടല്ലാതെ മറ്റൊന്നിൽ സ്നേഹം തോന്നിയതെങ്ങനെ? കർത്താവേ, നിന്നെ ഞാൻ ഉപദ്രവിച്ചതുപോലെയെങ്കിലും നിന്നെ സ്നേഹിക്കുവാൻ മനോഗുണം തരണമേ."

(*ധ്യാനസല്ലാപങ്ങൾ*, 21-22)

24. " ഈ വണ്ണം പുഴുവായ എന്നെ സ്നേഹിച്ച എന്റെ കർത്താവേ, ഇതൊക്കെയും എന്നെപ്രതി നീ ഇത് ചെയ്തിട്ടും അയ്യോ ഞാൻ നിന്നോട് കാട്ടിയ നന്ദി എന്ത്?" (*ധ്യാനസല്ലാപങ്ങൾ*, 27)

25. "ഓ, മനോഗുണമേ! ഓ, സ്നേഹമേ! ഓ, അനുഗ്രഹമേ! ഓ, ക്ഷമയുടെ ആഴമേ! നാം ശത്രുക്കളായിരുന്നപ്പോൾ ഈവണ്ണം നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി മരിച്ചു അപ്പോഴോ സ്നേഹിക്കുവാനായി തന്റെ പക്കൽ നാം ചെല്ലുന്നെങ്കിൽ നമ്മെ സ്നേഹിക്കായ്‌വാൻ തനിക്ക് വശമുണ്ടാകുമോ? അയ്യോ! ഇതൊക്കെയും ഞാൻ അറിഞ്ഞിരുന്നെങ്കിലും തന്നോട് ഞാൻ നന്ദികേട് ചെയ്തു. ഓ എന്റെ മനോഗുണമുള്ള പിതാവേ, നിന്റെ സ്നേഹത്തെ ഞാൻ കണ്ടിട്ടും അതിനേക്കാളധികം ഞാൻ മണ്ണിനെയും പുഴുവിനെയും സ്നേഹിച്ചു." (*ധ്യാനസല്ലാപങ്ങൾ*, 27)

26. "പാപത്തിനായി എന്റെ കാലുകൾ ഇളക്കാതിരിക്കുവാൻവേണ്ടി ഇളകാത്തവിധം വലിയ ആണികളാൽ നിന്റെ തിരുകാലുകളെ തറച്ചിരിക്കുന്നതു ഞാൻ കണ്ടിട്ടും വീണ്ടും എന്റെ കാലുകൾ ഞാൻ ഇളക്കിയതെങ്ങനെ? ഇതിനാൽ ഞാൻ സങ്കടപ്പെട്ടു പൊറുതിയപേക്ഷിച്ചു കൊണ്ട് ഇനിയെന്റെ കാലുകളാൽ നിന്നെ സങ്കടപ്പെടുത്താതെ എന്റെ കാലുകളുടെ ഇളക്കങ്ങളൊക്കെയും നിന്റെ തൃക്കാലുകളുടെ വേദനയോടും ഇളക്കങ്ങളോടും ചേർത്ത് നിനക്കു ഞാൻ കാഴ്ചവയ്ക്കുന്നു." (*ധ്യാനസല്ലാപങ്ങൾ*, 28)

27. "അയ്യോ! എന്റെ പ്രതിജ്ഞകൾ ലംഘിച്ച് വീണ്ടും വീണ്ടും പല പ്രാവശ്യം ഞാൻ പാപക്കുഴിയിൽ വീണതിനാലെ ആ കേടുകളെ തീർപ്പാനായിട്ടാണല്ലോ നീ കുരിശിന്റെ വഴിയിലെ വീഴ്ചകളുടെ സങ്കടം അനുഭവിക്കേണ്ടിവന്നത്." (*ധ്യാനസല്ലാപങ്ങൾ*, 28)

28. "ആ ഇളയ മകനെപോലെ എന്റെ അപ്പൻ എനിക്കു തന്നിരുന്ന സമ്പത്തുകളൊക്കെയും ധൂർത്തടിച്ചുകളഞ്ഞിട്ട്, അധർമ്മക്കാരന് വേല ചെയ്ത് അവന്റെ പന്നികളെ മേയിച്ചു നടക്കുന്നു. അവയുടെ തീറ്റ കൂടെയും തൃപ്തിയായി കിട്ടാതെ പഞ്ഞത്താൽ മെലിഞ്ഞു. എന്റെ അപ്പൻ തന്നിരുന്ന ആ നല്ല വസ്ത്രങ്ങളൊക്കെയും കളഞ്ഞ്

നാണം മറയ്ക്കുവാൻ കൂടെയും പാടില്ലായ്കയാൽ കീറപഴന്തുണിയും ധരിച്ചരിക്കുന്നു. എങ്കിലും ഈ വേഷത്തോടു കൂടെതന്നെ ഞാൻ ചെല്ലട്ടെ. അതെന്ത്യേ? ഇനി താമസിച്ചാൽ ചത്തുപോകുമല്ലോ."
(*ധ്യാനസല്ലാപങ്ങൾ*, 16)

29. "ഇപ്പോൾ എന്റെ അപ്പൻ വന്ന് എന്നെ പിടിച്ചുതഴുകും. അയ്യോ! അതുവേണ്ട. എന്നെ തൊടുവാൻ യോഗ്യതയുള്ളവൻ ഞാൻ അല്ലല്ലോ. ഇതിനാലെ ഞാൻ തന്റെ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീഴട്ടെ" (*ധ്യാനസല്ലാപങ്ങൾ*, 17)

30. "അയ്യോ, എന്റെ അപ്പാ, ആകാശത്തിലും നിന്റെ തിരുമുൻപിലും ഞാൻ പിഴച്ചു. ഇനി നിന്റെ മകനെന്ന ഈ മഹിമപ്പേരിന് അടിയൻ യോഗ്യനല്ല. നിന്റെ വേലക്കാരിലൊരുത്തനായിട്ട് കൈകൊണ്ടാൽ എനിക്ക് എത്രയോ മഹിമ!.... ആയതിനാൽ മനോഗുണമുള്ള എന്റെ അപ്പാ, എന്റെ ദുഷ്ടതയാലും നന്ദിഹീനതയാലും നിന്നോടു ഞാൻ ചെയ്ത കുറ്റങ്ങളൊക്കെയും എന്നോടു നീ പൊറുക്കണമേ."
(*ധ്യാനസല്ലാപങ്ങൾ*, 17)

### 77. പാപി

1. "ഇത്ര പാപിയാം എന്നുടെ ഹീനത
തത്രപോക്കിയതെത്ര മഹാചിത്രം!" (*ആത്മാനുതാപം*, I:129-130)

2. "പാപത്തെച്ചെയ്‌വാൻ ദൃഢം, പാപോച്ചാരണം ചെയ്‌വാൻ
പാത്രവാനായിടണമെന്നതിൽ ജ്ഞാനം വിന.
പാപത്തിന്നുടുമ്പുബുദ്ധി ദൃഢവുമുപദേശം
താപത്താൽ തീർത്തീടുവാൻ ഒട്ടുമേയില്ല ദൃഢം"
(*ആത്മാനുതാപം*, II:31-34)

3. "എന്നതിൻവണ്ണം മമഭാഷയും വാക്കും ദൃഢം
നല്ലതിൻവണ്ണമുള്ളതൊന്നുമില്ലല്ലോ നാഥാ."
(*ആത്മാനുതാപം*, II:133-134)

4. "നായകാ, നരദേവാ, കരുണാനിധേ, നാഥാ,
നയനാൽ തൃക്കൺപാർക്ക മേദാസൻ മഹാപാപി."
(ആത്മാനുതാപം, II:241-242)

5. "മന്ദമായ് നടന്നയ്യോ പിന്നെയും മഹാപാപി
നന്ദിഹീനത്താൽ പാപക്കനത്തെ വർദ്ധിപ്പിച്ചു."
(*ആത്മാനുതാപം*, II:289-290)

6. "എന്നുടെയാദിപിതാ ചെയ്തൊരു പാപ-
ത്താലെ നന്മയൊക്കെയും നശിപ്പിച്ചു ഞാനെന്നാകിലും."
(*ആത്മാനുതാപം*, II:163-164)

7. "വെണ്മയായ് നടപ്പാനായ് തന്നൊരു വെള്ളവസ്ത്രം
നന്മയും കളഞ്ഞയ്യോ പാപി ഞാൻ മഹാമൂഢൻ"

(*ആത്മാനുതാപം*, II:349-350)

8. "എന്നുടെ രക്ഷാനാഥാ, നിന്നുടെ പിറവിയിൽ
മിന്നുന്ന കണ്ണിൽനിന്നു ചിന്തിയ കണ്ണുനീരാൽ
പാപിയാം മമപൈതൽപ്രായത്തിൻ കുറ്റങ്ങളെ
താപത്താൽ പൊറുതിയെ കേണുപ്രാർത്ഥിക്കുന്നേൻ."

(*ആത്മാനുതാപം*, II:361-364)

9. "അമ്മാനുവേലെന്ന തമ്പുരാനേ, നിന്നെ
അൻപൊടു പാപി ഞാൻ വന്ദിക്കുന്നേൻ."

*ആത്മാനുതാപം*, III: അനുബന്ധം 63-64)

10. "ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും എനിക്കു
യോഗ്യതയില്ല. അതെന്ത്യേ മഹാപാപി. ഇതിനാൽ ആത്മം
അശുദ്ധമായി, തെളിവില്ലാത്തവനായി. വെടിപ്പ്, അടക്കം ഈ
പുണ്യങ്ങളില്ലായ്കയാൽ ധ്യാനരൂപി കിട്ടുവാനും
പുണ്യസാംഗോപാംഗത്തിനും (ഉന്നത പദവി) യോഗ്യനല്ല."

(*ധ്യാനസല്ലാപങ്ങൾ*, 13)

## 78. പാവപ്പെട്ടവർ

"പാവപ്പെട്ടവരെ നിന്ദിക്കേണ്ട; അവരെ ബുദ്ധിമുട്ടിക്കുകയും വേണ്ട. എന്തുകൊണ്ടെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായി നിന്നോടു പകരം ചോദിക്കും." (*കത്തുകൾ*, IX/6:18)

## 79. പുനരൈക്യസ്നേഹം

"ഇവിടെ രണ്ടു മെത്രാൻമാർ ഉണ്ടാകുന്നത് വളരെ നല്ലതാണ്. ഒന്ന് ലത്തീൻ സഭക്കും, മറ്റേത് സുറിയാനി സഭക്കും....ഇത് ഉപകാര പ്രദമായിരിക്കുമെന്നു മാത്രമല്ല, യാക്കോബായക്കാരെന്ന് അറിയപ്പെടുന്ന അകത്തോലിക്കർ ഞങ്ങളുടെ രക്തസംബന്ധികളും ബന്ധുക്കളുമായി അനേകരുണ്ട്. തങ്ങളുടെ ശീശ്മ ഉപേക്ഷിച്ച് കത്തോലിക്കാ ഐക്യത്തിലേക്കു തിരിച്ചുവരാനും ഇത് വളരെ സഹായിക്കും." (*കത്തുകൾ*, II/5)

## 80. പുസ്തകങ്ങൾ

"ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും, തത്വശാസ്ത്ര ഗ്രന്ഥങ്ങളും മക്കൾക്ക് സമ്പാദിച്ചു വക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങൾ കഴിവുപോലെ വാങ്ങിച്ചു ശേഖരിക്കുക." (*കത്തുകൾ*, IX/6:21)

## 81. പൊതുജീവിതം

"കൊവേണ്ടവസ്തുക്കളും ഉപകരണങ്ങളും സൂക്ഷിപ്പാനും എല്ലാവർക്കും ന്യായവും ഗുണവുമായിരിക്കുന്നു എന്നതുപോലെ അല്ല, പിന്നെയോ മറ്റൊരുവന്റെ വസ്തു എന്നപോലെ അതിനെ അനുഭവിച്ചാൽ മതിയെന്നുവച്ച്, തിരിച്ച് തലവൻ കല്പിക്കുന്നില്ലെങ്കിൽ സ്നേഹത്തിന്റെയും കൂട്ടത്തിന്റെയും ന്യായത്താലെ താല്പര്യമായി സൂക്ഷിക്കുന്നവർ ചുരുക്കമായിരിക്കുന്നു." (*കത്തുകൾ,* VI/1)

## 82. പൊറുതിയപേക്ഷ

1. മനോഗുണമുള്ള അപ്പാ, എന്റെ ദുഷ്ടതയാലും നന്ദിഹീനതയാലും നിന്നോട് ഞാൻ ചെയ്ത കുറ്റങ്ങളൊക്കെയും എന്നോടു നീ പൊറുക്കണമേ." (*ധ്യാനസല്ലാപങ്ങൾ,* 17)
2. കർത്താവേ, നല്ല കള്ളനോട് കല്പിച്ചതുപോലെ നിന്റെ ഇഷ്ട പ്രസാദമെന്ന പറുദീസായിൽ ഇപ്പോൾതന്നെ നീ എന്നോടുകൂടെ ആയിരിക്കും എന്നുള്ള തിരുവചനം എന്റെ ഉള്ളിൽ കേൾപ്പിച്ച് നിന്റെ ദൈവഇഷ്ടപ്രസാദം എന്നിൽ നിലനിർത്തി പാപങ്ങളൊക്കെയും പൊറുത്തരുളണമേ." (*ധ്യാനസല്ലാപങ്ങൾ,* 23)

## 83. പൈതൃകസ്വത്ത്

"നാം വേല എടുപ്പിക്കുക. പണം തമ്പുരാൻ തരും. ഇത് നമ്മുടെ വകയല്ല. പിന്നയോ ഈശോമിശിഹായുടെ പൈതൃക സ്വത്രേ." (*കത്തുകൾ,* VII/5)

## 84. പ്രാർത്ഥനമുറി

1. "സീനായ്മല കയറുവാൻ ഭയപ്പെട്ടുനിന്ന ഇസ്രയേൽ ജനത്തെപോലെ ഞാനും ഈ ധ്യാനമുറി എന്ന മലയുടെ വാതിൽ കടക്കാതെ ഭയപ്പെട്ടു നിൽക്കാൻതന്നെ ന്യായം... ആ മലയിൽ ഇറങ്ങിയ മാലാഖയെ അല്ല പിന്നെയോ അദ്ദേഹത്തെ സൃഷ്ടിച്ച ഉടയവനായ നിന്നെത്തന്നെ കർത്താവേ, ഈ പ്രാർത്ഥനമുറിയിൽ എന്നെ കാണിപ്പാനായി എഴുന്നള്ളിയിരിക്കയാൽ മഹാപാപിയായ ഞാൻ എങ്ങനെ ഭയം കൂടാതെ ഇതിൽ കരേറും?" (*ധ്യാനസല്ലാപങ്ങൾ,* 25)
2. "ഇസ്രയേൽജനം (സീനായ്) മലമുഴുവനും എരിഞ്ഞു കത്തുന്നതിനെയും, ഇടികൾ വെട്ടുന്ന സ്വരത്തിന്റെ ഘോരശബ്ദത്താൽ കല്ലുകൾ തകർന്നു പോകുന്നതിനെയും, മേഘം ഇറങ്ങി മലയെ മൂടിയിരിക്കുന്നുതിനെയും, കാഹളനാദം ശക്തിപ്പെടുന്നതിനെയും മറ്റും കണ്ടപ്പോൾ മലയെ സമീപിക്കുവാൻ ഭയപ്പെട്ടു. എന്റെ അനുഗ്രഹം നിറഞ്ഞ പിതാവേ,... ഞാൻ ഈ (പ്രാർത്ഥനാ) മുറിയിൽ സൂക്ഷിച്ചു

നോക്കുമ്പോൾ പാപത്തിൻ മേലുള്ള അത്യന്ത വെറുപ്പാൽ അറുതിയില്ലാത്ത നിന്റെ നീതിയാൽ ദുഷ്ടരുടെമേൽ ക്രൂരമായി എരിഞ്ഞു കത്തുന്ന നിന്റെ കോപാഗ്നിയുടെ കഠോരത്തെയും കാണുമ്പോൾ... ഈ അഗ്നി ജ്വലനത്തെ സൂക്ഷിച്ചു നോക്കുവാൻ ആർക്കു കഴിയും? (*ധ്യാനസല്ലാപങ്ങൾ,* 25)

3. "നിന്റെ കോപാഗ്നി എരിയുവാനും എരിയിപ്പിക്കാനും ന്യായമായിരിക്കുന്നു. പാപങ്ങളാൽ നിറയപ്പെട്ടിരിക്കുന്ന ഞാൻ ഈ നിന്റെ സന്നിധിയെ നോക്കുമ്പോൾ ഈ അഗ്നിജ്വാലയാൽ നിറയപ്പെട്ടിരിക്കുന്നു ഈ മുറിയിൽ എങ്ങനെ ഞാൻ അണയും?" (*ധ്യാനസല്ലാപങ്ങൾ,* 125-26)

## 85. ബലഹീനത

1. മനുഷ്യൻ എത്രയോ ബലക്ഷയമുള്ളവനും പകർച്ചക്കാരനും എന്നകാര്യം എല്ലാ കോവേന്തക്കാരും ഓർമ്മിക്കുവാൻവേണ്ടി ഓരോ കൊവേന്തകളിലും ദുക്റാൻ (ഓർമ്മ) എന്ന പേരിട്ട ഓരോ മധുരമാവുകൾ നടുവാൻ നിശ്ചയിച്ച് ചില സ്ഥലങ്ങളിലേക്ക് അയച്ചിരിക്കുന്നു." (*കത്തുകൾ,* V/8)
2. "എനിക്കൊന്നിനും പാടില്ല വശമില്ല, ഇതുരണ്ടും പറയേണ്ട. ശരീരത്തിനു സൗഖ്യം കൊടുപ്പാനും ബുദ്ധിക്കും മനസ്സിനും തെളിവുണ്ടാകുവാനും ദൈവതിരുമനസ്സും സഹായവും ലഭിക്കുമ്പോൾ മുഴുവൻ ഫലമുണ്ടാകും, നിശ്ചയം." (*കത്തുകൾ,* V/14)

## 86. ഭക്തി

1. "നമ്മുടെ അന്തസ്സിനടുത്ത പുണ്യങ്ങളാണ് എളിമ, ചൊൽവിളി, ഉപവി, സന്ന്യാസഅടക്കം, യഥാർത്ഥഭക്തി എന്നിവ" (*കത്തുകൾ,* VI/1)
2. "മറ്റുള്ളവർക്ക് എളിമയുടെയും ചൊൽവിളിയുടെയും ഭക്തിയുടെയും കണ്ണാടികളായി നടക്കുക." (*കത്തുകൾ,* VI/1)
3. "ഒരു കുടുംബത്തിന്റെ പ്രധാനസമ്പത്ത്ദൈവഭയവും ഭക്തിയുമാകുന്നു. ദൈവഭയമുള്ള തറവാട് ഇഹത്തിലും പരത്തിലും ദൈവാനുഗ്രഹത്തിന്റെ ഫലം അനുഭവിക്കും." (*കത്തുകൾ,* VI/1)

## 87. ഭാഗ്യം

1. "ദൈവചിത്തം - അതാണെന്റെ ഭാഗ്യം" (Positio, LVII)
2. "എന്റെ ഭാഗ്യം അപാരമാണ്. എന്റെ നാഥനായ അങ്ങാണ് എന്റെ ഏറ്റവും വലിയ ഭാഗ്യം" (Positio, LVII)

88. മക്കൾ

"മക്കൾ സർവ്വേശ്വരൻതമ്പുരാൻ സൂക്ഷിപ്പാനായിട്ട് നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്ന നിക്ഷേപമാകുന്നു. തന്റെ തിരുരക്തം കൊണ്ട് ശുദ്ധീകരിക്കുന്നതിനും, തന്റെ ശുശ്രൂഷികളാകുന്നതിനും, വിധിദിവസത്തിൽ തിരികെ ഏല്പിക്കുന്നതിനുമായി ഈശോമിശിഹാ നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കളാകുന്നു അവർ." (*കത്തുകൾ* IX/6:1.1)

89. മദ്ധ്യസ്ഥാപേക്ഷ

1. "എത്രയും പരിശുദ്ധയായ വ്യാകുലമാതാവേ, നിന്റെ ഏറ്റിക്കപ്പെട്ട (വലുതായ) വ്യാകുലത്തിനു കാരണമായ എന്റെ പാപങ്ങൾക്കു പൊറുതി എനിക്കുവേണ്ടി അപേക്ഷിച്ച് തരുവിക്കണമേ." (*ധ്യാനസല്ലാപങ്ങൾ*, 18)
2. "എന്റെ അമ്മമാരേ, (മഗ്ദലേനാ മറിയം, കൊർത്താനോയിലെ മറിയം, ഈജിപ്തിലെ മറിയം) നിങ്ങൾ എനിക്കുവേണ്ടി അപേക്ഷിപ്പിൻ." (*ധ്യാനസല്ലാപങ്ങൾ*, 18)
3. "എന്റെ അമ്മ ഈശോയുടെ വിശുദ്ധ ത്രേസ്യായേ, നിന്റെ പ്രാർത്ഥനമുറിയിൽ നീ ദർശിച്ച രൂപത്തിൻ മുൻപിൽ നീ പ്രാർത്ഥിച്ചതിനെ ഓർത്ത് എനിക്കുവേണ്ടി നീയും അപേക്ഷിച്ച് ആ മനോഗുണം തരുവിക്കണമേ." (*ധ്യാനസല്ലാപങ്ങൾ*, 18)
4. "മാതാവിനോട് ഇപ്പോൾതന്നെ മുഴുവനും നിനക്കുള്ളവനാകുവാൻ എന്റെ ശക്തിയൊക്കെയോടുകൂടെ ഉറച്ച് ഈ നിന്റെ പുത്രന്റെ തൃപ്പാദം പിടിച്ചിരിക്കയാൽ, എനിക്കായി നിന്റെ ദയയുള്ള അപേക്ഷയെ അണച്ച് എന്റെ പാപങ്ങളിൽനിന്നുള്ള മുഴുവനായ പൊറുതിയും വെറുപ്പും എനിക്കു തരുവിച്ച് മേലാൽ പരിപൂർണ്ണതയിലുള്ള നിലനില്പും തരുവിക്കണമേ." (*ധ്യാനസല്ലാപങ്ങൾ*, 18)
5. "എന്റെ അമ്മ മഗ്ദലേനാമ്മേ, കർത്താവിനെയും മാതാവിനെയുംമറ്റും നീ കൂട്ടിക്കൊണ്ടുവന്ന് പാവപ്പെട്ട സക്കേവൂസായ അടിയന്റെ ഹൃദയത്തിൽ പാർപ്പിക്കണമേ.... എന്റെ അമ്മേ, നിന്നോട് കർത്താവിനുള്ള സ്നേഹം എത്രയും വലുതായിരിക്കയാൽ നീ വിളിക്കുന്നത് കേൾക്കുമ്പോൾ എന്റെ കർത്താവ് മഹാതെളിവോടെ വരികയും ചെയ്യും." (*ധ്യാനസല്ലാപങ്ങൾ*, 41)
6. "കർത്താവ് എഴുന്നള്ളുമ്പോൾ (ജറുസലേം) നഗരത്തെ കണ്ടു കരഞ്ഞതുപോലെ എന്റെ ഹൃദയമെന്ന വീടിനെക്കുറിച്ച് കരയാതിരിക്കാൻ നിങ്ങളെല്ലാവരുടേയും (വി.അമ്മ ത്രേസ്യ, ഈജിപ്തിലെ മറിയം, കൊർത്തോണായിലെ മറിയം, മറിയം മഗ്ദലേന) വീടുകളിലുണ്ടായി

രുന്ന അലങ്കാരങ്ങളും ആഭരണങ്ങളുംകൊണ്ട് ഈ പാവപ്പെട്ട വീടിനെ അലങ്കരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു." (*ധ്യാനസല്ലാപങ്ങൾ*, 41-42)

## ൯0. മരണത്തിന് ഒരുക്കം

1. നല്ല മരണം പ്രാപിക്കാനുള്ള പ്രാർത്ഥന:"കൃപയുള്ള ഈശോയേ, കാലുകൾ ചലനമില്ലാതെയായിത്തീർന്ന്ഇഹലോകത്തിലെ യാത്ര അവസാനിക്കുകയാണെന്ന് ഞങ്ങളെ ഓർപ്പിക്കുമ്പോൾ ഞങ്ങളെ അനുഗ്രഹിക്കണമേ."

"ദയയുള്ള ഈശോയേ, ഞങ്ങളുടെ കൈകൾ വിറയ്ക്കുകയും, കുരിശുരൂപം പിടിച്ചു തഴുകുവാൻ കഴിവില്ലാതായിത്തീരുകയും ചെയ്യുമ്പോൾ ഞങ്ങളെ അനുഗ്രഹിക്കണമേ."

"ദയാപരനായ ഈശോയേ, ഞങ്ങളുടെ കണ്ണുകൾ മരണഭയത്താൽ സംഭ്രമിക്കുമ്പോൾ ഞങ്ങളെ അനുഗ്രഹിക്കേണമേ."

"അറുതിയില്ലാത്ത കൃപയുള്ള ഈശോയേ, ഞങ്ങളുടെ ചുണ്ടുകൾ അവസാനമായി നിന്റെ തിരുനാമം ഉരുവിടുമ്പോൾ ഞങ്ങളെ അനുഗ്രഹിക്കണമേ."

"ദയയുള്ള ഈശോയേ, കരുവാളിച്ച ഞങ്ങളുടെ കവിൾത്തടവും മരണവിയർപ്പിനാൽ നനഞ്ഞ തലമുടിയും മരണമടുത്തുവെന്ന് വ്യക്തമാക്കുമ്പോൾ ഞങ്ങളെ അനുഗ്രഹിക്കണമേ."

"അനുഗ്രഹമുള്ള ഈശോയേ, ശ്രവണശക്തി നഷ്ടപ്പെട്ട ഞങ്ങളുടെ ചെവികൾ അന്ത്യവിധിയുടെ സ്വരം കേൾക്കുവാൻ തുറക്കപ്പെടുമ്പോൾ ഞങ്ങളെ അനുഗ്രഹിക്കേണമേ."

"ദയയുള്ള ഈശോയേ, തെറ്റുകളാലും നിന്റെ നീതിയെക്കുറിച്ചുള്ള ഭയത്താലും ഞങ്ങളുടെ ആത്മാവ് കലങ്ങുകയും, ശരണക്കേടിൽ ഞങ്ങളെ ഉൾപ്പെടുത്തുവാൻ സാത്താൻ യത്നിക്കുകയും ചെയ്യുമ്പോൾ ഞങ്ങളെ അനുഗ്രഹിക്കണമേ."

"അനുഗ്രഹമുള്ള ഈശോയേ, രോഗത്തിന്റെ വേദനയാലും മരണഭീതിയാലും, നിത്യരക്ഷയുടെ ശത്രുക്കളായ പിശാചുക്കളോട് ചെയ്ത യുദ്ധത്താലും ഞങ്ങളുടെ ഹൃദയം തകർന്നിരിക്കുമ്പോൾ ഞങ്ങളെ അനുഗ്രഹിക്കണമേ."

"ദയയുള്ള ഈശോയേ, ഒടുക്കത്തെ കണ്ണീർക്കണങ്ങൾ ഞങ്ങൾ ചിന്തുന്ന ഭയാനകമായ സമയത്തിൽ, നീ അവയെ പരിഹാരബലിയായി സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമേ."

"ദയാനിധിയായ ഈശോയേ, ബന്ധുമിത്രാദികൾ ഞങ്ങളുടെ ചുറ്റുംനിന്ന് ദുഃഖിക്കുകയും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും

ചെയ്യുമ്പോൾ ഞങ്ങളെ അനുഗ്രഹിക്കേണമേ."

"അനുഗ്രഹമുള്ള ഈശോയേ, ഇന്ദ്രിയങ്ങൾ മയങ്ങി ബോധം നഷ്ടപ്പെട്ട് ഞങ്ങൾ മരണവേദന അനുഭവിക്കുമ്പോൾ ഞങ്ങളെ അനുഗ്രഹിക്കണമേ."

"ദയയുള്ള ഈശോയേ, ഞങ്ങളുടെ അവസാനത്തെ നെടുവീർപ്പുകളെനിന്റെ പക്കൽ വരുവാനുള്ള ഞങ്ങളുടെ ആഗ്രഹമായി സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമേ."

"ദയയുള്ള ഞങ്ങളുടെ ഈശോയേ, ഞങ്ങളുടെ ആത്മാവ് ശരീരത്തിൽനിന്ന് വേർപെടുമ്പോൾ ആ പ്രാണനാശത്തെ ഞങ്ങൾ ദൈവത്തിനു ചെയ്ത പൂജയായി സ്വീകരിച്ച് ആ ഭീതിജനകമായ നിമിഷത്തിൽ ഞങ്ങളെ അനുഗ്രഹിക്കണമേ."

"ദയാപരനായ ഈശോയേ, ഞങ്ങളുടെ ആത്മാവ് തിരുമുൻപിൽ പ്രത്യക്ഷപ്പെടുമ്പോൾ ഞങ്ങളെ തള്ളിക്കളയാതെ ദിവ്യസ്തുതികൾ എന്നെന്നും ആലപിക്കുന്നതിന് നിന്റെ അളവില്ലാത്ത അനുഗ്രഹത്തിന്റെ മടിയിൽ ഞങ്ങളെ സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കേണമേ."

"സർവ്വേശ്വരാ, നാഥാ, ഞങ്ങളുടെ ജീവിതകാലമൊക്കെയും സത്യസന്ധതയിലും പുണ്യവഴിയിലും വ്യാപരിച്ച് ഇഷ്ടപ്രസാദത്തോടെ ഇഹലോകത്തിൽനിന്നു പുറപ്പെടുവാൻ യോഗ്യരാകുവാൻ നിന്നോടുംപരിശുദ്ധാത്മാവിനോടുംകൂടെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച് കൃപ ചെയ്യണമെന്ന് നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു." (*ധ്യാനസല്ലാപങ്ങൾ*, 70-72)

2. "മനുഷ്യൻ ആരു തന്നെയായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോഴാകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയമോർത്ത് എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറെനാൾ മുൻപു തുടങ്ങി ഞാൻ ചെയ്തുവന്നു." (*അന്തിമവചസ്സുകൾ*)

## 91. മാതൃദാസൻ

1. "കരുണാനാഥൻപരൻ കരുതിയടിയനെ
പരമനാഥതന്റെ അടിമയാക്കിമുന്നം." (*ആത്മാനുതാപം.* II:1-2)

2. "ശുദ്ധമാതാവേ, ദൈവജനനി, കന്നിയമ്മേ
അശുദ്ധമാമുദര ഫലമാമിതിനെ നീ
നിന്നുടെ ദാസനായി കൈക്കൊണ്ടു രക്ഷിപ്പാനായ്
ഇന്നു ഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവെച്ചേൻ."
(*ആത്മാനുതാപം.* II:4-8)

3. ".......മാതൃദാസനായിവനെ നീ

സൂക്ഷിച്ചു വളർത്തുക, പാലിച്ചു ഭരിക്ക നീ
സാക്ഷാൽ നിൻ സുതനല്ല, മാതാവിൻ ദാസൻ ദൃഢം"
(*ആത്മാനുതാപം.* II:14-16)

4. "നിന്നുടെ നാഥ, മാതാവവൾക്കു ദാസൻ നീയെ-
യെന്നിതു മനസ്സിതിലെപ്പോഴും സ്മരിക്കണം."
(*ആത്മാനുതാപം.* II:23-24)

5. "സുന്ദരാ, നിന്റെ മാതൃദാസനെന്നോർത്തീടുക."
(*ആത്മാനുതാപം.* II:244)

6. "മുന്നമേയെന്നെച്ചേർത്തു നിന്നുടെ ദാസനാക്കി
അന്നുനാൾമുതൽ നീയും പാലിച്ചു രക്ഷിച്ചല്ലോ."
(*ആത്മാനുതാപം.* II:251-252)

7. "കന്നിയമ്മേ, നിന്റെ ദാസനായ പാപി ഞാനിതാ."
(*ആത്മാനുതാപം.* കടശിയപേക്ഷ : 1)

8. "നിന്റെയൻപിനോടു ദാസർ കുററമൊക്കെയും മഹാ
നിന്റെ കരുണശക്തിയാലെൻ മലങ്ങൾ സർവ്വതും
നീക്കി.... അൻപിനോടനുഗ്രഹിച്ചു വന്നു നീ തുണയ്ക്കണം."
(*ആത്മാനുതാപം,* കടശിയപേക്ഷ :54 –56,60)

9. "മരണനേരമതിനു മുൻപിൽ കരുണവച്ചൊരു ദാസനെ
കരുതികാത്തു രക്ഷചെയ്ക കരുണയുള്ള നാഥയേ."
(*ആത്മാനുതാപം,* കടശിയപേക്ഷ :75-76)

## 92. മിതത്വം

"അതിധാരാളിത്വവും ലുബ്ധും രണ്ടും തിന്മയാകുന്നു. ലുബ്ധന്റെ വസ്തുക്കൾ പുഴുക്കൾ തിന്നും. ധാരാളിയുടെ സന്തോഷം പുകപോലെ കടന്നുപോകും." (*കത്തുകൾ,* IX/6:15)

## 93. മൗനലംഘനം

"മുടക്കപ്പെട്ട നേരങ്ങളിൽ വർത്തമാനം പറയുന്നതും ഓരോരോ കൊവേന്തകളുടെ വർത്തമാനം അറിയുന്നതിനും മറ്റും രണ്ടുപേർ തമ്മിൽ കാണുമ്പോൾ സംസാരം തുടങ്ങുന്നതും ആകമാന നടപ്പായിരിക്കുന്നു." (*കത്തുകൾ,* VI/1)

## 94. യാത്ര

"യാത്ര ചെയ്യുമ്പോൾ എങ്ങനെ ആയാലും കുഴപ്പമില്ല എന്നപോലെ ആവശ്യമില്ലാത്ത സ്ഥലത്തിറങ്ങി ആവശ്യമില്ലാത്ത ആളുകളോട് വർത്തമാനം പറയുകയും, ധ്യാനം, ജ്ഞാനവായന, മറ്റു കൊവേന്ത

ക്കടുത്ത ക്രമങ്ങളും മുഴുവനായിട്ട് ഉപേക്ഷിച്ച് യാത്രയുടെ കാലം സ്വാതന്ത്ര്യത്തിന്റെ കാലമായി വിചാരിച്ചു വരുന്നു." (*കത്തുകൾ* VI/1)

## 95. യൗസേപ്പ് പിതാവ്

1. "മേ പ്രിയതാതൻ നീയ്യേ, ഓർത്തു നിൻ ദാസൻ എന്നെ
ചേർത്തുനിൻ സുതൻപക്കലണച്ചീടണമെന്നെ
നിന്നുടെ സ്നേഹപത്നി തന്നുടെയപേക്ഷയാ-
ലെന്നുടെ പൈതൽകൃതി (ചെയ്തി)യൊക്കെയും പോക്കീടണം."
(*ആത്മാനുതാപം,* IV:201-204))

2. "മരണമെന്ന മഹാകടൽ കടക്കാൻ തക്കവണ്ണം മാലു(വള്ളി)വായിരിക്കുന്ന ശുദ്ധ യൗസേപ്പു പിതാവിന്റെ ഭക്തി എത്രയോ വലുതായിരിക്കും." (*കത്തുകൾ* IX/7)

3. "പ്രിയം നിറഞ്ഞ പിതാവായ മാർ യൗസേപ്പ് പുണ്യവാളാ.... എന്റെ ദുർഗുണങ്ങളുടെ അവസാനവും എന്റെ ആത്മശത്രുക്കളോടുള്ള ജയസന്തോഷവും എനിക്ക് എന്റെ പിതാവായ നീ നിന്റെ പുത്രനെ ബോധിപ്പിച്ച് തരുവിക്കുമെന്ന് ഞാൻ ശരണപ്പെട്ടുകൊണ്ട് ഈ ചുരുങ്ങിയ അപേക്ഷകൾ നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അണയ്ക്കുന്നു. (*ധ്യാനസല്ലാപങ്ങൾ,* 29)

4. "എന്റെ ദയയുള്ള പിതാവേ, എന്റെ ഭയങ്ങളൊക്കെയും കുറയ്ക്കുന്നതിന് എന്റെ പിതാവും മാദ്ധ്യസ്ഥനുമായിരിക്കുന്ന നിന്നെക്കുറിച്ചുള്ള ഓർമ്മ എന്ന ഏകവഴി മാത്രം എന്നെ ഉറപ്പിക്കുന്നു." (*ധ്യാനസല്ലാപങ്ങൾ,* 35)

5. "വേലക്കാരുടെ ശമ്പളം മുതലായ പലവിധ ചിലവിനും ഒരു പൈസയും ഇല്ല. ഒരു വഴിയുമില്ലാതെ കാക്കുന്ന മാലാഖയോടും യൗസേപ്പു പുണ്യവാളനോടും അപേക്ഷിച്ചു ക്ലേശിക്കുമ്പോൾ ഒരാൾ ആവശ്യമായ പണവുമായി വന്നു." (*നാളാഗമങ്ങൾ,* പേജ് 45)

6. "ഞങ്ങളുടെ തലവൻ പോരൂക്കര അച്ചന്റെ ദീനത്തിന് ഭേദം കാണായ്കയാൽ....ചൊവ്വരെ മാർ യൗസേപ്പു പുണ്യവാളന്റെ പള്ളിയിൽ പാർത്തു. അവിടെവച്ച് ദീനം കടുത്തുവെങ്കിലും മാർ യൗസേപ്പു പുണ്യവാളന്റെ സഹായത്താൽ കുറെ ഭേദമായി." (*നാളാഗമങ്ങൾ,* പേജ് 54)

7. "മാർ യൗസേപ്പു പുണ്യവാളന്റെ സ്തുതിക്കായിട്ട് നല്ല മരണകൂട്ടം എന്നൊരു ക്രമകൂട്ടമുണ്ടാക്കി." (*നാളാഗമങ്ങൾ,* പേജ് 210)

## 96. രോഗിശുശ്രൂഷ

"രോഗികളെ ശുശ്രൂഷിക്കുന്ന പ്രവൃത്തിയിലത്രേ സർവ്വേശ്വരൻ പുണ്യവാൻമാരെയൊക്കെയും പുണ്യപ്പെട്ടവരാക്കിയത്. ഇത് മനുഷ്യർക്ക്

KI.715
6840

ഏറ്റം അറപ്പുള്ളതും വെറുപ്പുള്ളതും പ്രയാസമുള്ളതും, ലോകത്തിന്റെ മുൻപിൽ ഹീനമായി പരിഗണിക്കുന്നതും ദൈവതിരുമുൻപിൽ വലിയ ഫലമുള്ളതുമാകുന്നു." (*കത്തുകൾ*, IX/7)

CARMEL JYOTHI ALWX THRISSUR

### 97. ലോകത്തിന്റെ നശ്വരത

"ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും
ഭേദം കൂടാതെ മാറി നീങ്ങുന്നു ക്ഷണേക്ഷണേ
ഇന്നു കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
മന്ദിച്ചു വരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ.
മെച്ചമായ് കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവു-
മെത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണീടുന്നു
ചിത്രമായതിനൊള്ളൊരഴകുമൊക്കെപ്പോകും."

(*ആത്മാനുതാപം*, II:309-316)

### 98. ലോകസമ്പർക്കം

"അല്മായക്കാരോടുള്ള സംസർഗ്ഗത്താലും വർത്തമാനത്താലും സന്ന്യാസികൾക്കുണ്ടാകുന്ന നാശം എത്രയോ വലുതാണെന്ന് ഞങ്ങളുടെ വചനത്താൽ അറിയിക്കണമെന്നില്ലല്ലോ." (*കത്തുകൾ*, VI/2)

### 99. വായന

"വായനയിൽ ഇഷ്ടമുണ്ടായാൽ ഏകാന്തതയിൽ സന്തോഷമാകും (*കത്തുകൾ*, VII/8)

### 100. വിശ്വാസം

"അനുതാപത്തോടും ശുദ്ധമനസ്സാക്ഷിയോടുംകൂടി പ്രാർത്ഥിക്കുന്ന ആരെയും ദൈവം ഉപേക്ഷിക്കുകയില്ലെന്ന് ഞങ്ങൾക്ക് തീർച്ചയുണ്ട്." (*കത്തുകൾ* II/1)

### 101. വിശ്വാസപ്രകരണം

"പരിശുദ്ധ കത്തോലിക്കാസഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും ഞാൻ വിശ്വസിക്കുന്നു." (*ധ്യാനസല്ലാപങ്ങൾ*, 69)

### 102. വേല

1. "എന്റെ വേലയുടെ നാഴിക തീരാറായിരിക്കുന്നു. ഇനി ഏറെയില്ല. എന്നാൽ സർവ്വേശ്വരൻ കാരണവൻമാർക്ക് കൊടുത്തതിലധികം നേരം എനിക്കു തന്നു." (*കത്തുകൾ*, V/14)
2. "ഇനി തമ്പുരാൻ തരുന്നനേരം തന്റെ സ്തുതിക്കായി മാത്രം പെരുമാ

റുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. തന്റെ വിളിക്കു തക്ക വേല ചെയ്യു വാൻ ഉറച്ചിരിക്കുന്നു." (*കത്തുകൾ*, V/14)

## 103. വൈദികരുടെ പ്രാർത്ഥന

"സർവ്വശക്തനായ ദൈവമേ, കുർബ്ബാനപട്ടമെന്ന പദവി ലഭിച്ചിരിക്കുന്ന ഞങ്ങൾക്ക് എല്ലാ ശുദ്ധതയിലും പുണ്യത്തിലും ഭക്തിയോടും യോഗ്യ തയോടുംകൂടി നിനക്ക് ശുശ്രൂഷചെയ്യുവാൻ മനോഗുണം നൽകണ മേ. പൗരോഹിത്യത്തിന്റെ കർത്തവ്യത്തിനും സ്ഥാനത്തിനും ഉചിത മായ വിശുദ്ധിയോടുകൂടെ കുറ്റമറ്റവരായി വ്യാപരിക്കുവാൻ ഞങ്ങൾ അശക്തരാണ്. എളിമയുള്ള ഹൃദയത്തോടും നല്ല മനസ്സിന്റെ പ്രതി ജ്ഞയോടും ഓരോ ദിവസവും ഏറ്റവും തീക്ഷ്ണമായ സ്നേഹ ത്തോടുംകൂടി ഞങ്ങൾ നിനക്ക് പുരോഹിത ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ ചെയ്തുപോയ പാപങ്ങളെക്കുറിച്ച് വേണ്ട വിധം കരഞ്ഞു മനസ്താപപ്പെടുവാൻ മനോഗുണം ചെയ്യണമെന്ന് നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു." (*ധ്യാനസല്ലാപങ്ങൾ*, 74-75)

## 104. ശത്രുസ്നേഹം

"മാന്നാനം കൊവേന്തക്കാര് മുട്ടുചിറ ഇടവകയിൽ മാഞ്ഞൂര് കളപ്പുര ക്കൽ മാത്തൻ എന്ന ആളിന്റെ തറവാട്ടിനു കഴിയുന്ന ഉപകാരം ചെയ്യണം. ഇതിനാൽ കർത്താവിന്റെ ശിഷ്യർക്കടുത്ത ഒന്നാമത്തെ മാതൃകയാകും."(*കത്തുകൾ* VI/4)

## 105. ശരണം

1. "ഈ അപ്പൻ എത്രയും അനുഗ്രഹമുള്ളവനാകയാൽ ഈ നിന്റെ നന്ദി കേടുകളൊക്കെയും മറന്നുകളയും. മുൻപിലത്തെ നിന്റെ പുത്രസ്ഥാ നത്തിൽ വയ്ക്കുകയും ചെയ്യും." (*ധ്യാനസല്ലാപങ്ങൾ*, 16-17)
2. "എന്റെ അപ്പൻ എത്രയും അനുഗ്രഹമുള്ളവനും പട്ടാങ്ങയായ (സ ത്യമായ) ഉപവിയും സ്നേഹമെന്നത്രേ തന്റെ നാമവും ആകുന്നു. ഇതി നാൽ നാം ഭയപ്പെടേണ്ട." (*ധ്യാനസല്ലാപങ്ങൾ*, 17)
3. "സർവ്വവല്ലഭമുള്ള തമ്പുരാനേ,.... നിന്റെ അറുതിയില്ലാത്ത പിതാവിന ടുത്ത അനുഗ്രഹത്തിൽ ആശ്രയിച്ചും ശരണീകരിച്ചുംകൊണ്ട് ഞാൻ തിരുസന്നിധിയിൽ നിൽക്കുന്നു." (*ധ്യാനസല്ലാപങ്ങൾ*, 44)
4. "മനുഷ്യൻ മനസ്സുവയ്ക്കുന്ന കാര്യം മുക്കാലും നടക്കും; ശേഷം ദൈവവും നിറവേറ്റും." (*കത്തുകൾ*, IX/7)
5. "ഈ വിശുദ്ധ അന്തസ്സിൽത്തന്നെ കരേറ്റുവാൻ ഒരു ചെറിയ കാരണ മായ എനിക്ക് ഇതിനാൽ സമ്മാനമല്ലാതെ കുറ്റപ്പാടും ശിക്ഷയും ഉണ്ടാ കയില്ലെന്നും ദൈവമാതാവിൽ ശരണപ്പെട്ടുകൊണ്ട് നിറുത്തുന്നു."

(*കത്തുകൾ*, V/14)

6. "എന്നെ ശക്തിപ്പെടുത്തുന്ന മിശിഹായാലെ സർവ്വതും എനിക്കു വശമാകുന്നു എന്നുള്ള തിരുവചനത്തിൽ ശരണപ്പെട്ടുകൊണ്ട് ഇനി തമ്പുരാൻ തരുന്ന നേരം അവിടുത്തെ സ്തുതിക്കായിട്ട് മാത്രം പെരുമാറുവാൻ നിശ്ചയിച്ച് അവിടുത്തെ വിളിക്കു തക്കവിധം വേലചെയ്യുവാൻ ഞാൻ ഉറച്ചിരിക്കുന്നു." (*കത്തുകൾ,* V/14)

7. "ദൈവമേ, നിന്നിൽ മുഴുവനും ഞാൻ ശരണപ്പെട്ടിരിക്കുന്നേൻ." (*ധ്യാനസല്ലാപങ്ങൾ,* 68)

8. "ഇനി തമ്പുരാൻ നിറവേറ്റും എന്ന് ശരണം. ഈ കെട്ടിയ ഓലയും പനമ്പും മാറ്റാതെതന്നെ പുത്തൻമഠം ദൈവം നിറവേറ്റിത്തരും." (*നാളാഗമങ്ങൾ,* പേജ് 129-130)

## 106. ശരീരസൗഖ്യം

1. "ശരീരസൗഖ്യം ആശയോടെ അന്വേഷിക്കുന്നതും, ആവശ്യമില്ലാത്ത സുഖങ്ങളെ ആഗ്രഹിക്കുന്നതും, ഓരോരോ അല്പമായ സുഖക്കേടിനെകുറിച്ച് അതിൻമേൽ ബോധം മുഴുവൻ വയ്ക്കുകയും ആ നേരത്ത് തോന്നുന്നതൊക്കെയും കിട്ടുകയില്ലെങ്കിൽ ദുഃഖിക്കുകയും സങ്കടം പറയുകയും ചെയ്യുന്നത് നടപ്പായിട്ടുള്ള ഒരു സംഗതിയായിത്തീർക്കുന്നു." (*കത്തുകൾ,* VI/1)

2. "പലരും സ്വന്തം സുഖവും സ്വന്തം ആഗ്രഹങ്ങളും പൂജിക്കുന്നു. അതായത്ഓരോ പ്രവൃത്തികളിലും ക്രമങ്ങളിലും അല്പമായിട്ട് ഒരു സുഖക്കേട് അനുഭവിക്കണമെന്നായിരുന്നാൽ നൂറുകൂട്ടം ന്യായങ്ങളെകൊണ്ട് ഒഴിയുവാൻ പ്രയാസപ്പെടുന്നു." (*കത്തുകൾ,* VI/1)

3. "ചിലർ സൗഖ്യം കിട്ടുവാനും, പിടിക്കുന്ന ദിക്കന്വേഷിപ്പാനും ബോധിക്കുന്ന തലവനെയും കൂടപ്പിറപ്പുകളെയും കണ്ടെത്തുവാനും നമ്മുടെ കൊവേന്തകൾ നാലും നടന്നതിന്റെ ശേഷം എല്ലായിടത്തും സുഖക്കേടും ന്യായമില്ലാത്ത സങ്കടങ്ങളും മുള്ളുകളും കാണുകയും ചെയ്യുന്നു." (*കത്തുകൾ,* VI/1)

## 107. ശ്രേഷ്ഠൻമാർ

1. "മേൽപറഞ്ഞ തിന്മകളൊക്കെയും വരുന്നതിന് ഒരു കാരണം തലവൻമാരുടെ ക്രമമില്ലാത്ത അനുഗ്രഹമാണ്. അവർ കീഴുള്ളവരുടെ തണ്യ(നല്ലതല്ലാത്ത) ആശകളെ നിർമ്മൂലമാക്കുവാനും അവരുടെ കുറ്റങ്ങളെ കുറ്റപ്പെടുത്തുവാനും, ആവശ്യമുള്ളപ്പോൾ ശിക്ഷിപ്പാനും വിചാരിക്കാതെ, ദൈവ മുൻപാകെ വാസ്തവമല്ലാത്ത ന്യായങ്ങളെക്കുറിച്ച് കീഴുള്ളവരുടെ മനസ്സുപോലെ നടക്കുകയും ചെയ്യുന്നു. കാണുന്ന തെറ്റുകളെ നീക്കുവാൻ അവർക്ക് ഉറപ്പില്ലാത്തപ്പോൾ ലോകന്യായങ്ങളെ പ്രതി മേൽത്തലവൻമാരെ ബോധിപ്പിക്കാതിരിക്കുകയും ചെയ്യുന്നു.

ഇതിനാൽ വരുന്ന എണ്ണമില്ലാത്ത നാശങ്ങളെക്കുറിച്ച് അവർ തന്നെ തമ്പുരാന്റെ മുൻപാകെ ഉത്തരവാദികളായിരിക്കുന്നുവെന്ന് അറിഞ്ഞിരിക്കണം." (*കത്തുകൾ,* VI/1)

2. "തലവൻമാരുടെ ബോധംപോലെയും ദൈവം തോന്നിക്കുംവണ്ണവും ചെയ്യട്ടെ." (*കത്തുകൾ,* V/16)

3. "തലവനെ ഈശോമിശിഹായായിട്ട് വിചാരിച്ച് അയാളുടെ സ്വരം ഈശോമിശിഹായുടെ തിരുവചനമായി കൈക്കൊള്ളുക."

(*കത്തുകൾ,* VI/1)

4. "ശ്രേഷ്ഠൻമാർ അധീനരുടെ അറിഞ്ഞിരിക്കുന്ന കുറ്റങ്ങളൊക്കെയും ശുഷ്ക്കാന്തിയോടും മുഖദാക്ഷിണ്യം കൂടാതെയും തീർത്തുവരികയും വേണം. അല്ലെന്നുവരികിൽ ഒരു സമയത്ത് മിണ്ടാതെയിരുന്നു കൊണ്ട് എനിക്കു ദുരിതമെന്ന് ഒരു ഫലവുംകൂടാതെ പ്രവാചകനോടുകൂടെ സങ്കടപ്പെടേണ്ടിവരും." (*നാളാഗമങ്ങൾ,* പേജ് 168)

5. "ദൈവം തന്റെ സ്ഥാനപതികളായ തലവൻമാരെമാത്രം തന്റെ തിരുമനസ്സിന്റെ സ്വരം കേൾപ്പിക്കുകയുള്ളൂവെന്ന് വിശ്വസിച്ചുകൊള്ളുക."(*നാളാഗമങ്ങൾ,* പേജ് 155-156)

## 108. സന്ന്യാസഅടക്കം

"നമ്മുടെ അന്തസ്സിനടുത്ത പുണ്യങ്ങളാണ് എളിമ, ചൊൽവിളി, ഉപവി, സന്ന്യാസഅടക്കം, യഥാർത്ഥ ഭക്തി എന്നിവ." (*കത്തുകൾ,* VI/1)

## 109. സന്ന്യാസാന്തസ്സ്

1. "പുണ്യത്തിന്റെ പദവികൾ കയറി ഈശോ തമ്പുരാനോട് ചേരുന്നതാണ് സന്ന്യാസാന്തസ്സ്." (*കത്തുകൾ,* VII/10)

2. "നമ്മുടെ അന്തസ്സിനടുത്ത പുണ്യങ്ങളായിരിക്കുന്ന എളിമ, ചൊൽവിളി, സന്ന്യാസഅടക്കം, സത്യമായ ഭക്തി....വിചാരത്താൽ മാത്രമല്ല പ്രവൃത്തിയാലെയും നിറവേറ്റുക." (*കത്തുകൾ,* VI/1)

3. "നിങ്ങൾ കയറിയിരിക്കുന്ന അന്തസ്സ് എത്രയും ഉയർപ്പെട്ടതും സ്തുതിക്കപ്പെട്ടതും തന്നെ." (*കത്തുകൾ,* VII/2)

4. "എന്റെ കുഞ്ഞുങ്ങളേ, നിങ്ങളെപോലെ ഈ ഭൂമിയിൽ രണ്ടിനും സുഖമുള്ളവരാര്!" (*കത്തുകൾ,* VII/7)

## 110. സന്ന്യാസിയുടെ മുറി

"മുറി സന്ന്യാസികളുടെ പതിവായിട്ടുള്ള വാസസ്ഥലമെന്നല്ല, പിന്നെയോ കിടക്കുവാനും മറ്റ് ഓരോ ആവശ്യങ്ങൾക്കുമുള്ള സ്ഥല

മെന്നതു ഒഴിച്ചുള്ള നേരമൊക്കെയും ഇങ്ങോട്ടും അങ്ങോട്ടും ചുറ്റി നടക്കുന്നതും സംശയമില്ലാത്തതും കുറ്റമില്ലാത്തതുമായ ഒരു കാര്യം പോലെ തീർന്നിരിക്കുന്നു." (*കത്തുകൾ*, VI/1)

## 111. സഭയുടെ ഉദ്ദേശം

1. "കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സായിരിക്കുന്നു." (*കത്തുകൾ*, VI/4)
2. "അനന്തര സുഖത്തിനുള്ള വേലക്കാരായി നിങ്ങളെത്തന്നെ കയ്യാളിപ്പിൻ." (*കത്തുകൾ*, VI/4)
3. "ദൈവത്തിനിഷ്ടമുള്ളതും ആത്മാവുകൾക്ക് എത്രയും ഉപകാരമുള്ളതുമാണ് ഈ കൊവേന്തകളുടെ കൂട്ടം" (*കത്തുകൾ*, VI/1)
4. "നമ്മുടെ എളിമപ്പെട്ട കൂട്ടം." (*കത്തുകൾ*, VI/1)
5. "മറ്റുള്ളവർക്ക് എളിമയുടെയും ചൊൽവിളിയുടെയും ഭക്തിയുടെയും കണ്ണാടികളായി നടക്കുവാൻ നിയുക്തരായവർ." (*കത്തുകൾ*, VI/1)
6. "ദൈവപ്രവൃത്തിയായിരിക്കുന്ന ഈ സഭാകൂട്ടം." (*കത്തുകൾ*, VI/1)
7. "കൊവേന്തകളുടെ ഉറപ്പ് ചുമരുകളുടെ കനമല്ല, പിന്നെയോ അതിൽ പാർക്കുന്നവരുടെ എരിവും പുണ്യവുമായിരിക്കുന്നു." (*കത്തുകൾ*, VI/1)
8. "നമ്മിൽ ഒരുത്തനും പട്ടിണികൊണ്ടും ലോകത്തിൽ പൊറുതിയില്ലാഞ്ഞിട്ടുമല്ല കൊവേന്തയിൽ കൂടിയത്. സമ്പത്തുകളും കാരണവൻമാരെയും നാം ഉപേക്ഷിച്ചു. ഇനി നമ്മുടെ മടി ഉപേക്ഷിയാലെ നാം തമ്പുരാനെ ഉപേക്ഷിക്കുമെങ്കിൽ എത്രയോ അബദ്ധം, എത്രയോ ഭ്രാന്ത്." (*കത്തുകൾ*, VI/1)
9. "പുണ്യത്തിന്റെ കണ്ണാടികളാകുന്നതിനുവേണ്ടി ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും പുണ്യാത്മാക്കളുടെ സങ്കേതവുമായിരിക്കുന്ന ഈ കൊവേന്തകൾ." (*കത്തുകൾ*, VI/1)
10. "രൂപതാദ്ധ്യക്ഷന്റെ ശുശ്രൂഷികളായ കൊവേന്തപ്പട്ടക്കാർ." (*നാളാഗമങ്ങൾ*, പേജ് 162)
11. "ഉത്ഭവപാപം കൂടാതെ ജനിച്ച കർമ്മല ദൈവമാതാവിന്റെ ശുശ്രൂഷികൾ." (*നാളാഗമങ്ങൾ*, പേജ് 170)
12. "ദർശനവാസികൾ." (*നാളാഗമങ്ങൾ*, പേജ് 170)

## 112. സഭാപൈതൃകം

"ഞങ്ങൾ തോമാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ച മാർത്തോമാ ക്രിസ്ത്യാനികളാണ്." (*കത്തുകൾ*, II/5)

## 113. സമയമെന്ന ദാനം

1. "തമ്പുരാന് സ്തുതിയായിരിക്കട്ടെ. എന്റെ വേലയുടെ നാഴിക തീരാറായിരിക്കുന്നു. ഇനി ഏറെയില്ല. എന്നാൽ സർവ്വേശ്വരൻ കാരണവൻമാർക്ക് കൊടുത്തതിലധികം നേരം എനിക്കു തന്നു. അത് ദൈവത്തിന്റെ അധികകൃപയാലെ എനിക്കുവേണ്ടി തന്നതല്ല, പിന്നെയോ മറ്റുള്ളവർക്കു വേണ്ടിയാണെന്ന് ഞാനിപ്പോൾ സ്പഷ്ടമായി അറിയുന്നു. ഞാൻ സമയം ഫലിപ്പിക്കാതെ ഒരു താലന്തുകിട്ടിയവനെപോലെ കുഴിച്ചു മൂടി സൂക്ഷിച്ചതല്ലാതെ വേല ചെയ്തില്ലെന്ന് ഇപ്പോൾ മനസ്സാക്ഷി കുറ്റപ്പെടുത്തുന്നു. എന്നാൽ അതിനും ഒഴികഴിവും കള്ളന്യായങ്ങളും വിചാരങ്ങളും ഉണ്ടാകുന്നുണ്ട്." (*കത്തുകൾ,* V/14)
2. "എന്നെ ശക്തിപ്പെടുത്തുന്നവനായ മിശിഹായിൽ സർവ്വതും എനിക്കു കഴിയുമെന്നുള്ള വചനത്തിൽ ശരണപ്പെട്ടുകൊണ്ട് ഇനി തമ്പുരാൻ തരുന്ന സമയം തന്റെ സ്തുതിക്കായിട്ട് മാത്രം പെരുമാറുവാൻ നിശ്ചയിച്ചിരിക്കുന്നു. തന്റെ വിളിക്കു തക്ക വേല ചെയ്യുവാൻ ഉറച്ചിരിക്കുന്നു. ഇപ്രകാരം എന്റെ മനസ്സാക്ഷിയെ ഞാൻ പൂരിതമാക്കുന്നു." (*കത്തുകൾ,* V/14)
3. "യാതൊരുത്തരും അല്പനേരംപോലും വെറുതെ കളയാതിരിക്കാൻ ഉത്സാഹിക്കുക. ഇതിന്റെ വില എത്ര വലുതെന്നോർക്കണമേ." (*കത്തുകൾ,* VII/5)

## 114. സമർപ്പണം

"എന്റെ സ്നേഹിക്കപ്പെട്ട ദൈവമേ,... എന്റെ സ്നേഹത്തിന് സാക്ഷ്യം നൽകുന്നതിനായി ഇന്നത്തെ ദിവസത്തിലും എന്റെ ആയുഷ്കാലം മുഴുവനും ചെയ്യുന്നതും സഹിക്കുന്നതുമെല്ലാം നിനക്ക് കാഴ്ചവയ്ക്കുന്നു. ഈശോമിശിഹായുടെയും കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിന്റെയും നന്മപ്രവൃത്തികളോടുകൂടെ എന്നെ നിനക്ക് കാഴ്ചവയ്ക്കുന്നു. നിന്റെ സ്തുതിക്കായി എന്റെ വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളുമെല്ലാം, എന്റെ ഇഷ്ടങ്ങളൊക്കെയും വസ്തുക്കളൊക്കെയും ഇന്നും എല്ലായ്പ്പോഴും നിനക്ക് കാഴ്ച വയ്ക്കുന്നു." (*ധ്യാനസല്ലാപങ്ങൾ,* 68)

## 115. സമൂഹം ഒരു കുടുംബം

"എത്ര കൊവേന്തകൾ ഉണ്ടായാലും ഒരു വീട് അമ്മയുടെ ഉദരത്തിൽനിന്ന് പിറന്ന് ആ തള്ളയുടെ പാൽ കുടിച്ച് വളർന്നവർ എന്ന വിധത്തിലുള്ള സത്യമായ സ്നേഹത്തിന് ഒരിക്കലും കുറവു വരുത്താതെ മേൽക്കുമേൽ വർദ്ധിച്ചുവരികയും വേണം."

(*കത്തുകൾ,* VI/4)

## 116. സമ്മാനം

1. "ചെറിയ പുസ്തകം ദൈവം കൊടുത്തയക്കുന്നു." (*കത്തുകൾ*, 118)
2. "സന്യാസാന്തസ്സിന്റെ പദവികൾ കയറി ഈശോ തമ്പുരാനോട് ചേരുവാൻ തക്ക അഭ്യാസപുസ്തകം ഇന്നുതന്നെ ഈശോമിശിഹാ നിങ്ങൾക്കായിട്ടു ഞാൻ അന്വേഷിക്കാതെ അയച്ചിരിക്കുന്നു." (*കത്തുകൾ*, VII/10)
3. "ഇത് (കന്യകകളിൽ അനുപാരം എന്ന തമിഴ് പുസ്തകം) നിങ്ങൾക്കായി ദൈവം കൊടുത്തയച്ചതത്രേ എന്നു മനസ്സിലാക്കി മലയാളഭാഷയിൽ തർജ്ജമ ചെയ്ത് ഇന്നലെ തീർത്തു." (*കത്തുകൾ*, VII/11)

## 117. സ്തോത്രപ്രകരണം

1. "നീ എന്നെ സൃഷ്ടിച്ചതിനും കഴിഞ്ഞ രാത്രിയിൽ നൽകിയ മനോഗുണങ്ങൾക്കും ഉപകാരങ്ങൾക്കും വേണ്ടി നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു." (*ധ്യാനസല്ലാപങ്ങൾ*, 68)

## 118. സ്നേഹപ്രകരണം

1. "എന്റെ സ്നേഹിക്കപ്പെട്ട ദൈവമേ, എന്റെ മുഴുവൻ ഹൃദയത്തോടെ ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്റെ സ്നേഹത്തിന് സാക്ഷ്യം നൽകുന്നതിനായി ഇന്നത്തെ ദിവസത്തിലും എന്റെ ആയുഷ്കാലം മുഴുവനും ചെയ്യുന്നതും സഹിക്കുന്നതുമെല്ലാം നിനക്കു കാഴ്ചവയ്ക്കുന്നു.." (*ധ്യാനസല്ലാപങ്ങൾ*, 68)
2. "അറുതിയില്ലാത്ത നന്മയാകുന്ന ദൈവമേ, നിന്നെ ഞാൻ സ്നേഹിക്കുന്നു. എന്റെ പൂർണ്ണശക്തിയോടുകൂടെ നിന്നെ സ്നേഹിക്കുവാൻ മനസ്സായിരിക്കുന്നു." (*ധ്യാനസല്ലാപങ്ങൾ*, 73)

CARMEL JYOTHI
ALWAYE

## 119. സൃഷ്ടിയിലെ ദിവ്യമഹിമ

"ആകാശഗമനവുമാദിത്യ ചന്ദ്രൻമാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചു നോക്കിക്കൊണ്ട്
ഇതൊക്കെ സൃഷ്ടിച്ചതിനെന്തുകാരണമെന്നും
ഇതിനെകണ്ടു നിന്റെ മഹിമ ഗ്രഹിപ്പാനു-
മിപ്പോലെയുള്ള ഭാഗ്യമീലോകെവെച്ചുവെങ്കി-
ലപ്പരലോകെയുള്ള ഭാഗ്യങ്ങളെത്രചിത്രം!"

(*ആത്മാനുതാപം*, II: 291-298)

"അന്യർക്കുവേണ്ടി എന്തെങ്കിലും നന്മചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ ദൈവം ചേർക്കുകയില്ല."

*ചാവറയച്ചൻ : കത്തുകൾ : IX.6.13*